**KOTTAYAM PUBLIC LIBRARY**

Call No. MOS          Acc. No. 79993

Author അരങ്ങൻ തിരുവാങ്കുളം

Title മനോമൃ[illegible]ങ്ങൾ

1292

# മഹാത്മമുദ്രകൾ.

D.M. 2018

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

1102

വായനക്കാരേ!

"നിങ്ങൾക്കും-നിങ്ങൾക്കും വേണ്ടി........"

ഒന്നു നിൽക്കു. ഈ പുസ്തകം വായിക്കാൻ കുറച്ചു സമയം വിനിയോഗിക്കു! പലതും പഠിക്കാനും പകത്താനും ഉള്ള ജീവിതകഥകളാണു് ഇവയിലോരോന്നും; അതു് വേണ്ട തരത്തിൽ നിങ്ങൾ ഉപയോഗിക്കുമെങ്കിൽ എനിക്കു് കൃതാർത്ഥതയുണ്ടു്.

നിങ്ങളുടെ രചയിതാവു്.

വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരണം.

ഒന്നാം പതിപ്പ്                                    കോപ്പി 1000

M08

1956 January.

അച്ചടി

വിദ്യാർത്ഥിമിത്രം പ്രസ്സ്,

കോട്ടയം.

# മഹത്മുദ്രകൾ

(ജീവചരിത്രപഠനങ്ങൾ)

KOTTAYAM PUBLIC LIBRARY
77793
KOTTAYAM.

ഗ്രന്ഥകർത്താ,
**അനുജൻ തിരുവാങ്കുളം**

---

വില രൂപാ ഒന്നു്.

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ,
കോട്ടയം.

# ഉള്ളടക്കം.


1. LENIN.
ചെരിപ്പില്ലാതെ മഞ്ഞുകട്ടകൾക്കുമീതെ നടന്ന ഈശ്വരൻ.

2. H. G. WELLS.
കാലൊടിഞ്ഞതുകൊണ്ടു് ലോകപ്രസിദ്ധ സാഹിത്യകാരനായിത്തീർന്ന കണക്കെഴുത്തുകാരൻ.

3. TOLSTOY.
ലോകപ്രസിദ്ധമായ രണ്ടു നോവലുകൾ എഴുതിപ്പോയല്ലോ എന്നോർത്തു സ്വയം ലജ്ജിച്ച മനുഷ്യൻ!

4. NIZAM.
ലോകത്തിലെ ഏററവും വലിയ ധനികൻ ആരായിരുന്നു.

5. NICHOLAS II.
അവസാനത്തെ റഷ്യൻചക്രവർത്തി.

6. COLUMBUS.
മൂന്നാമതു് അമേരിക്ക കണ്ടുപിടിച്ച ആൾ.

7. JOSEPHINA.
ചക്രവർത്തിനിയായിത്തീർന്ന മീൻപിടുത്തക്കാരി.

8. ALEXANDER DUMAS.
500 കുഞ്ഞുങ്ങളുടെ അച്ഛനെന്നു് അഭിമാനിച്ച നോവലെഴുത്തുകാരൻ.

9. Mrs. ABRAHAM LINCOLN.
അബ്രഹാം ലിങ്കന്റെ മുഖത്തു് ചൂടു് കാപ്പിയൊഴിച്ച സ്ത്രീ.

10. V. STEFANSON.
ചെരുപ്പിന്റെ തോൽ തിന്നാൻ ഇഷ്ടപ്പെടുന്ന മനുഷ്യൻ.

11. ALBERT EINSTEIN.

കവിഞ്ഞ കോമാളിയും തികഞ്ഞ തത്വജ്ഞാനിയും.

12. MARTIN JONSON.

മുളവടികൊണ്ടു് സിംഹത്തോടു് എതിരിട്ട സഞ്ചാരി.

13. HOVARD THASHTAN.

തീവണ്ടി മാറിക്കയറിയതുകൊണ്ടു് ലോകപ്രസിദ്ധനായി തീർന്ന പാതിരി.

14. WILLIAM RAN DOLF.

30 കോടി ക. സമ്പാദ്യമുണ്ടായിട്ടും ദിവസത്തിൽ 15 മണിക്കൂർ വീതം ജോലി ചെയ്ത കുബേരൻ.

15. CHLIDE BETTY.

കടുവയുടേയും സിംഹത്തിന്റേയും വായിൽ തലവെച്ചു കൊടുക്കാൻ മടിക്കാത്ത ധീരൻ.



ലനിൻ.

THE KOTTAYAM PUBLIC LIB
KOTTAYAM.
TRAVANCORE.

# 1. ലനിൻ.

ചെരിപ്പില്ലാതെ മഞ്ഞുകട്ടകൾക്കു മീതെ നടന്ന ഈശ്വരൻ!

ഒരിക്കൽ അദ്ദേഹം ചെരിപ്പില്ലാതെ കാല് മരവിപ്പിക്കുന്ന മഞ്ഞുകട്ടകൾക്ക് മീതെ നടന്നിട്ടുണ്ട്. എന്നാൽ ഇന്നു് അദ്ദേഹം റഷ്യയിൽ ഈശ്വരനെപ്പോലെ ആരാധിക്കപ്പെടുന്നു.

ലനിൻ മരണമടഞ്ഞിട്ടു് മുപ്പതു് കൊല്ലം തികഞ്ഞിട്ടില്ല. എങ്കിലും ഏഴുലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഒരു മഹാനഗരം അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ലോകമൊട്ടാകെ നൂറുകോടിയിലധികം ജനങ്ങൾ അദ്ദേഹത്തെ തങ്ങളുടെ കുല ദൈവമായി ആരാധിയ്ക്കുകയും ചെയ്യുന്നു.

ഗംഭീരമായ ഒരു സാമ്പത്തിക പരീക്ഷണത്തിന് ലോകചരിത്രത്തിൽ ആദ്യമായി ധീരതയും സന്നദ്ധതയും പ്രദർശിപ്പിച്ചതു് അദ്ദേഹമാണു്. ആ അഭിനവ പരീക്ഷണത്തിൻെറ അസൂയാർഹമായ വിജയം റഷ്യയെ ലോകമഹാശക്തികളിൽ ഒന്നാക്കിത്തീർക്കയും ചെയ്തു.

ചുക്കിച്ചുളിഞ്ഞ ചർമ്മത്തോടുകൂടിയ ഈ കൊച്ചുമനുഷ്യൻെറ തലയിൽ വളരെക്കുറച്ചു് രോമങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. (ലനിൻ എന്നതു് പോലീസിനു് പിടികൊടുക്കാതിരിക്കാൻ സ്വീകരിച്ച വ്യാജനാമമാണു്.)

അദ്ദേഹത്തിൻെറ യഥാൎത്ഥനാമധേയം വ്ളാഡിമിർ-ഇലിച്ച്-ഉളിയനോവ് എന്നായിരുന്നുവെന്ന് അധികമാരും അറിഞ്ഞിരിക്കയില്ല. ഉയരം വളരെ കുറവായതു് കൊണ്ടു് കസേരയിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിൻെറ കാലുകൾ നിലത്തു് തൊടുകയില്ലെന്ന കാൎയ്യവും അറിയുന്നവർ ചുരുക്കമാണു്.

തൻെറ വസ്ത്രധാരണ രീതിയിലോ വേഷവിധാനത്തിലോ അദ്ദേഹം അല്പംപോലും ശ്രദ്ധ പതിപ്പിച്ചില്ല. ശരീരത്തിൽ അയഞ്ഞു് കിടക്കുന്ന ഷർട്ടോ, പാകമാകാതെ നീണ്ടുകിടക്കുന്ന കാലുറകളോ ധരിക്കുന്നതിന്ന് അദ്ദേഹത്തിന്ന് യാതൊരു വിഷമവുമുണ്ടായിരുന്നില്ല. ഒരു സില്ക്കുഹാറേറാ വിലകൂടിയ ഒരു പുറംകുപ്പായംപോലുമോ ജീവിതത്തിൽ അദ്ദേഹത്തിന്ന് ഉണ്ടായിരുന്നോ എന്ന കാൎയ്യം സംശയമാണു്. ബാല്യത്തിൽ ലെനിൻ ഗൌരവക്കാരനും ചിന്താശീലനുമായിരുന്നു. ശ്രീബുദ്ധനെപ്പോലെ തന്നെ ആ ബാലന്ന് കളികളിലോ, മററു് വിനോദങ്ങളിലോ യാതൊരു രസവും തോന്നിയില്ല. വലുതായപ്പോഴും അദ്ദേഹം ഏററവും അധികം വെറുത്തിരുന്ന മൂന്നു് കാൎയ്യങ്ങൾ മതവും, സംഗീതവും, കവിതയുമാണു്. എങ്കിലും അത്യാൎത്തിയോടെ അദ്ദേഹം നിയമപുസ്തകങ്ങൾ പഠിച്ചു. ഫ്രഞ്ച്, ജമ്മൻ, റഷ്യൻ, ഇംഗ്ലീഷ് എന്നീ നാലു് ഭാഷകൾ അസാധാരണ സാമൎത്ഥ്യത്തോടെ അദ്ദേഹം സംസാരിക്കുമായിരുന്നു.

ജീവിതത്തിൽ പങ്കാളിയായി അദ്ദേഹത്തിന്ന് ലഭിച്ചതു് സ്നേഹമയിയായ ഒരു ഭാൎയ്യയെയാണു്. അദ്ദേഹത്തെ

നാടുകടത്തിയപ്പോഠം പോലും ആ സ്ത്രീ സ്വഭത്താവിനെ വിട്ടുപിരിയുവാൻ വിസമ്മതിച്ചു. അതുകൊണ്ട് യാതൊരു കാര്യവുമില്ലാതെ അവരും സ്വഭത്താവൊന്നിച്ച് സൈബീരിയയിൽ പോയി ശിക്ഷയനുഭവിച്ചു.

സാർ ചക്രവത്തിയായ അലക്സാണ്ടർമൂന്നാമനെ വധിക്കാൻ ശ്രമിച്ചതിന് ലനിൻെറ സഹോദരനെ തൂക്കിക്കൊന്നു. വിപ്ലവകാരികളുടെ ഗൂഢസംഘത്തിൽ ചേന്നതിന് ലനിനെ നാടുകടത്തി. തണുത്തുറഞ്ഞ സൈബീരിയയിലെ ഒരു ചെറുനഗരമായിരുന്നു അദ്ദേഹത്തിൻെറ ശിക്ഷാകേന്ദ്രം. റഷ്യയിലെ കൃഷിക്കാരുടെ ദയനീയമായ ദാരിദ്ര്യം നേരിട്ട് കണ്ടറിയുവാൻ അവിടെവച്ച് അദ്ദേഹത്തിന് ആദ്യമായി അവസരം ലഭിച്ചു. പാവപ്പെട്ട അവക്ക് മാംസഭക്ഷണം ലഭിച്ചിരുന്നത് വലിയ വിശേഷദിവസങ്ങളിൽ മാത്രമായിരുന്നുവത്രേ! ഓണത്തിനും വിഷുവിനും മാത്രം വയറുനിറച്ച് ആഹാരം കഴിക്കുന്ന കേരളീയരിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല അവരുടെ അവസ്ഥയെന്ന് ചുരുക്കം.

1891ലെ ഭയങ്കര ക്ഷാമത്തിൽപെട്ട് സാധുക്കഠം ലക്ഷക്കണക്കിന് പട്ടിണികിടന്ന് മരിക്കുന്നത് കണ്ടപ്പോഠം, ഇതിനെല്ലാം ഒരറുതി വരുത്തേണ്ട സമയം ആസന്നമായെന്ന് ലനിൻ നിശ്ചയിച്ചു. അന്നുമുതൽ അദ്ദേഹം ഒരു തികഞ്ഞ വിപ്ലവകാരിയായിത്തീന്നു. അതുകൊണ്ട് അടുത്ത ഇരുപത്ത് ഇരുപത്തഞ്ച് കൊല്ലത്തേയ്ക്ക്, നാട്ടിൽനിന്ന് നാട്ടിലേക്കും, രാജ്യത്തിൽനിന്ന് രാജ്യത്തേക്കും, ഒരു നായാട്ട്മൃഗത്തേപ്പോലെ ആട്ടിയോടിക്കപ്പെട്ടു.

ജമ്മനി, ആസ്ത്രീയാ, ഫ്രാൻസ്, പോളണ്ട്, സ്വിററ് സർലണ്ട്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ അദ്ദേഹം മാറി മാറി ജീവിക്കുകയുണ്ടായിട്ടുണ്ട്.

ലണ്ടനിൽ താമസിക്കുന്നകാലത്ത് സോഷ്യലിസത്തിൻെറ പിതാവായ കാൾമാർക്ക്സിൻെറ ശവകുടീരത്തിൽ പോയി മണിക്കൂറുകൾതന്നെ ചിന്താമൂകനായിരിക്കുക, അദ്ദേഹത്തിൻെറ പതിവായിരുന്നു.

ജയിലിൽ വെച്ചാണ് ലനിൻ അതിപ്രധാനമായ തൻെറ വിപ്ലവഗ്രന്ഥങ്ങളിൽ ചിലതു് എഴുതിയതു്. ജയിലധികൃതർ അറിയാതിരിക്കാൻവേണ്ടി മഷിയ്ക്കുപകരം പാലു് കൊണ്ടാണ് അദ്ദേഹം അതെല്ലാം രേഖപ്പെടുത്തിയതു്. തിളയ്ക്കുന്ന വെള്ളത്തിൽ മുക്കിയാൽ മാത്രമെ അവയെ വായിക്കുവാൻ സാധിക്കുമായിരുന്നുള്ളു. തന്റെ അനുയായികളേയും ഇത്തരം അദൃശ്യമഷിയിൽ കത്തുകൾ എഴുതുവാൻ അദ്ദേഹം പഠിപ്പിച്ചു. ഇത്തരം ഒരു കുറിപ്പു് കിട്ടിയാൽ അദ്ദേഹം കാവല്ക്കാളിയോടു് കാപ്പി കൊണ്ടുവരുവാൻ ആവശ്യപ്പെടും. ആരും കാണാതെ എഴുത്ത് ചൂടുള്ള കാപ്പിയിൽമുക്കി അദ്ദേഹം വായിക്കുകയും ചെയ്യും.

ജയിലിൽനിന്ന് വിമുക്തനായശേഷം വീണ്ടും അദ്ദേഹം വിപ്ലവ പരിപാടികളിൽ ഏർപ്പെട്ടു. പക്ഷെ ഇത്തവണ തന്നെ അറസ്റ്റ് ചെയ്യാതിരിക്കാൻ അദ്ദേഹം വേഷപ്രഛന്നനായിട്ടാണ് സഞ്ചരിച്ചതു്. കൃഷിക്കാരനായും, കിഴവനായും, തൊഴിലാളിയായും മാറിമാറി അദ്ദേഹം യാത്രചെയ്തു്. കൃത്രിമമീശയും നീണ്ടതാടിയും ഉപയോഗിച്ചു.

പോലീസുകാരെ കബളിപ്പിക്കുവാൻ സ്ത്രീവേഷം പോലും അദ്ദേഹം എടുത്തിട്ടുണ്ട്. തൻെറ വിപ്ലവഗ്രന്ഥങ്ങളും, കുററകരമായ എഴുത്തുകളും പലപ്പോഴും അദ്ദേഹം പച്ചക്കറിത്തോട്ടത്തിൽ മണ്ണിനടിയിൽ കുഴിച്ചിട്ടു. എന്നിട്ട് അതിനുമീതെ കായ്കറികളും പൂച്ചെടികളും നട്ട് പിടിപ്പിച്ചു.

1917 നവംബറിലാണ് ലനിൻ റഷ്യയിലെ ഏകഛത്രാധിപതിയായത്. സ്വകാര്യസ്വത്തുടമ അദ്ദേഹം ഇല്ലായ്മചെയ്തു. പ്രഭുക്കന്മാർ ജീവനിൽ കൊതിയോടെ നാലുപാടും ഓടി. വസ്തുക്കളെല്ലാം കൃഷിക്കാർ കയ്യടക്കി. അമൂല്യങ്ങളായ പരവതാനികൾ വലിച്ചുകീറി അവർ ചെരുപ്പ് തയ്ച്ചു. യൂറോപ്പിലെ അതിപ്രസിദ്ധരായ കലാവസ്തുനിർമ്മാതാക്കൾ ഉണ്ടാക്കിയ വിലയേറിയ ഭരണികൾ കൃഷിക്കാർ പിടിച്ചെടുത്ത് പീച്ചസ്പഴങ്ങൾ ഉപ്പിലിടുവാൻ ഉപയോഗിച്ചു!

റഷ്യ പട്ടിണിയുടെ അഗാധതയിലോളം എത്തിയിരുന്നു. ജനങ്ങൾക്ക് എല്ലാവക്കും പഞ്ചസാര ലഭിക്കാഞ്ഞതുകൊണ്ട്, ലനിൻ പഞ്ചസാര ചേക്കാതെയാണ് കാപ്പികുടിച്ചത്. ഒരു മഹാരാജ്യത്തിൻെറ സവ്വാധിപതിയായിട്ടും അയാൾ ലളിതമായി ജീവിച്ചു. റഷ്യയുടെ ഭരണാധികാരിയായിട്ടും എഴുത്തുകളെല്ലാം അയാൾ സ്വയം എഴുതി. ഒരു ക്ലാക്കിനേയോ സെക്രട്ടറിയേയോ അദ്ദേഹം നിയമിച്ചില്ല. പതിനെട്ട് മുതൽ ഇരുപത് മണിക്കൂർ വരെ അദ്ദേഹം വിശ്രമമില്ലാതെ ജോലിചെയ്തു.

അഞ്ചു് വർഷങ്ങൾക്കുശേഷം അദ്ദേഹത്തിന് തളർവാതം പിടിപെട്ടു. സംസാരശക്തി നഷ്ടപ്പെട്ടതുകൊണ്ടു് ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അദ്ദേഹത്തിന് വീണ്ടും സംസാരിക്കാൻ പഠിക്കേണ്ടിവന്നു. വലത്തുകൈ തളർന്നുപോയതുകൊണ്ടു് അദ്ദേഹം ഇടത്തുകൈകൊണ്ടു് എഴുതാൻ അഭ്യസിച്ചു. പിന്നെ രണ്ടുവർഷത്തേയ്ക്കു് അദ്ദേഹം മരണവുമായി അവിരാമം ഒരു വ്യർത്ഥസമരം ചെയ്തു. 'ഇനിയും എന്തെല്ലാം ചെയ്തു് തീർക്കാനുണ്ടു്' എന്നു് അദ്ദേഹം കൂടെക്കൂടെ പറയുമായിരുന്നു.

ഇന്നു് റഷ്യയിലെ ഓരോ ഗൃഹത്തിലും അദ്ദേഹത്തിന്റെ ചിത്രം ഒരു പ്രധാനസ്ഥാനം അലങ്കരിക്കുന്നു. പല ഹാരങ്ങൾക്കു് അദ്ദേഹത്തിന്റെ പേർ നൽകിയിരിക്കുന്നു. പരവതാനികളിൽ അദ്ദേഹത്തിന്റെ ചിത്രം തുന്നിച്ചേർക്കുന്നു. ആയിരമായിരം ആളുകൾ അദ്ദേഹത്തെ ഈശ്വരനെപ്പോലെ ആരാധിക്കുന്നു. ഒരു തൊഴിലാളിയെ രക്ഷിക്കുവാൻ അദ്ദേഹം ഉയർത്തെഴുനേററു വന്നുവെന്നു് മുത്തശ്ശികഥകൾ പോലും ചിലർ പറഞ്ഞു് തുടങ്ങിയിരിക്കുന്നു.

ഒരു സ്ഫടികപേടകത്തിൽ സുഗന്ധദ്രവ്യങ്ങളിൽ പൊതിഞ്ഞു് അദ്ദേഹത്തിന്റെ മൃതശരീരം കേടുവരാതെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ നിമിഷം തന്നെ ആയിരത്തിൽ പരം ആൾക്കാർ അവിടെ തീർത്ഥയാത്രക്കാരായി എത്തിയിട്ടുണ്ടായിരിക്കും. അടുത്തുതന്നെ കൂർത്തുമൂർത്ത ബയനററുകൾ പിടിപ്പിച്ച തോക്കുകളുമായി ചുവപ്പു് പട്ടാളക്കാർ കാവൽനില്ക്കുന്നു. ആളുകൾ ആ ദിവ്യസന്നിധിയിൽ

ഭയചകിതരായി സ്വരം താഴ്ത്തി പതുക്കെ സംസാരിയ്ക്കുന്നു. അങ്ങിനെ ഈശ്വരനെ ഏററവുമധികം വെറുത്തിരുന്ന ഒരാൾ തന്നെ മറെറാരു ഈശ്വരനായി മാറിയിരിക്കുന്നു! ഭൂമിയിലെ മർദ്ദിതവർഗ്ഗത്തിൻെറ ഈശ്വരൻ!

## 2. എച്ച്. ജി. വെൽസ്.

കാല് ഒടിഞ്ഞില്ലായിരുന്നെങ്കിൽ ലോകപ്രസിദ്ധനായ ആ
സാഹിത്യകാരൻ ഒരു കച്ചവടപ്പീടികയിൽ
കണക്കെഴുത്തുകാരൻ
ആകുമായിരുന്നു.

അറുപതിൽപരം വർഷങ്ങൾക്കു മുമ്പ് ലണ്ടൻ നഗരത്തിന്റെ ഉൾഭാഗത്ത് തെരുവുകളിലൊന്നിൽ കുറെ കുട്ടികൾ കളിക്കുകയായിരുന്നു. പെട്ടെന്ന് ഒരപകടം സംഭവിച്ചു. ബെർട്ടി വെൽസ് എന്ന് പേരായ ഒരു ചെറിയ ബാലനെ മറ്റൊരു മുതിർന്ന കുട്ടി എടുത്ത് മേലോട്ട് എറിഞ്ഞു. താഴേക്ക് വരുമ്പോൾ പിടിക്കുന്നതിന് പകരം ആ കുസൃതിച്ചെറുക്കൻ മാറിക്കളഞ്ഞു. തറയിൽ വീണ ബാലന്റെ കാല് ഒടിഞ്ഞുപോയി.

അനവധി മാസങ്ങളോളം വേദനകൊണ്ട് ഞെരങ്ങുകയും പിടയുകയും ചെയ്യുന്ന ആ ബാലൻ രോഗശയ്യയിൽ തന്നെ കഴിച്ചുകൂട്ടി. പക്ഷേ എല്ലുകൾ ശരിയായി യോജിച്ചില്ല. അതുവീണ്ടും ഇളക്കി ശരിയാക്കേണ്ടതായി വന്നു. ഭയംകൊണ്ടും വേദനകൊണ്ടും ആ ചെറുബാലൻ വാവിട്ട് നിലവിളിച്ചു.

ഈ അപകടം അന്ന് ഒരു അത്യാഹിതമായി തോന്നിയെങ്കിലും പിന്നീട് അതൊരു വലിയ ഭാഗ്യമായി രൂപം മാറുകയാണ് ചെയ്തത്. അതുകാരണം ആ ബാലൻ

"എച്ച്. ജി. വെൽസ്" എന്ന ലോകപ്രസിദ്ധ സാഹിത്യകാരനായിത്തീൎന്നു. 80 ൽ പരം വലിയ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. തന്റെ കാലൊടിഞ്ഞത്ത് വലിയ ഭാഗ്യമായി എന്ന് അദ്ദേഹം പലപ്പോഴും പ്രഖ്യാപിച്ചു. എന്തുകൊണ്ടെന്നോ? ഒരു കൊല്ലത്തിലധികം കാലം പുറത്തിറങ്ങാൻ ശക്തനല്ലാതെ വീട്ടിനകത്ത് അടച്ചിരിക്കുവാൻ



അത് അദ്ദേഹത്തെ നിർബ്ബന്ധിതനാക്കിയതുകൊണ്ട്. മററൊന്നും ചെയ്യാൻ കഴിയാത്തതുകൊണ്ട് ആയിടക്ക് കയ്യിൽകിട്ടിയ പുസ്തകങ്ങളെല്ലാം അദ്ദേഹം വായിച്ചുതീൎത്തു. അതിന്റെ ഫലമായി പുസ്തകങ്ങളോട്ട് അതിരററ അടുപ്പവും, സാഹിത്യകാരനാകണമെന്ന് അതിയായ അഭിവാഞ്ഛയും അദ്ദേഹത്തിൽ ഉത്ബുദ്ധമായി. കാലിനുപററിയ മുറിവ് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു.

ലോകത്തിൽ ഏററവുമധികം പ്രതിഫലം ലഭിച്ച എഴുത്തുകാരിൽ ഒരാളായിരുന്നു എച്ച്. ജി. വെൽസ്. ഏകദേശം 40,000000ക പേനകൊണ്ടുതന്നെ അദ്ദേഹം സമ്പാദിച്ചു; പക്ഷേ നിത്യാഹാരത്തിനുപോലും വഴിയി

ല്ലാത്ത ഒരു ദരിദ്രകുടുംബത്തിലാണ് അദ്ദേഹം ജനിച്ചുവള ൎന്നതു്. അച്ഛൻ കടംകൊണ്ടു പൊറുതിമുട്ടിയ ഒരു ചെറിയ കച്ചവടപ്പീടികയുടെ ഉടമസ്ഥനായിരുന്നു. വെൽസ് ജനി ച്ചതു് പുകപിടിച്ചു കറുത്ത ഒരടുക്കളയിലാണ്. നിലനിര പ്പിന് താഴെയുള്ള ആ മുറിയിൽ ശരിക്ക് വെളിച്ചം പോ ലും കടക്കുകയില്ലായിരുന്നു. വെളിച്ചം വരുന്ന ഒരേഒരു ദ്വാ രത്തിൽ കൂടിനോക്കിയാൽ തലയ്ക്കുമുകളിൽ തെരുവീഥി യിലൂടെ നടന്നുപോകുന്ന ആളുകളുടെ പാദങ്ങൾ മാത്രം കാണാം. ഇതിനെക്കുറിച്ചാണ്, കാലിൽ ധരിക്കുന്ന ചെ രുപ്പുകളിൽ നിന്ന് ആളുകളുടെ സ്വഭാവം എങ്ങനെ മന സ്സിലാക്കാം എന്ന് വെത്സ് എഴുതുകയുണ്ടായതു്.

ആയിടെ അച്ഛൻെറ കച്ചവടം പൊളിഞ്ഞു. അ തുകൊണ്ട് വെൽസിൻെറ അമ്മ ഒരു തോട്ടത്തിൽ ജോ ലിക്കുപോയി. വേലക്കാരുടെ കൂടെ താമസിച്ചിരുന്ന അമ്മയെ വെൽസ് പലപ്പോഴും സന്ദശിക്കുമായിരുന്നു. അങ്ങിനെയാണ് വെൽസ് ആദ്യമായി സമുദായജീവി തത്തിലേക്ക് എത്തിനോക്കിയതു്. അതുകൊണ്ടുതന്നെ യാണ് പാവപ്പെട്ടവരുടെ ഭാഗത്തു നിന്ന് ലോകത്തെ കാ ണാൻ അദ്ദേഹത്തിന് സാധിച്ചതും.

പിന്നീട് "ലോകചരിത്രസംഗ്രഹം" എന്ന സുപ്ര സിദ്ധ ഗ്രന്ഥത്തിൻെറ കൎത്താവായിത്തീന്ന വെൽസ് 13-ാം വയസ്സിൽ ജീവിതം ആരംഭിച്ചതു് ഒരു പീടികയി ലെ കണക്കെഴുത്തുകാരനായിട്ടാണ്. അഞ്ചുമണിക്ക് എ ണീററ്, പീടികമുറി അടിച്ചുവാരുകയും പിന്നീട് 14 മണിക്കൂർ നേരത്തേക്ക് സാമാനങ്ങൾ കൊടുക്കൽ

വാങ്ങൽ നടത്തുകയും കണക്കെഴുതുകയും ആയിരുന്നു അദ്ദേഹത്തിന്റെ ജോലി. രസമില്ലാത്ത ആ വിഷമംപിടിച്ച ജോലി വെൽസ് വെറുത്തു. ഒരുമാസത്തിനകം, മടിപിടിച്ചിരുന്നതിനും, കുസൃതികാട്ടിയതിനുമായി അദ്ദേഹത്തെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു. പിന്നീട് അദ്ദേഹം മറെറാരു പീടികയിൽ ജോലിനോക്കി. അവിടെയും രണ്ടുമാസം തികച്ച് നിന്നില്ല.

ഒടുവിൽ അദ്ദേഹം മറെറാരു കച്ചവടപ്പീടികയിൽ ജോലിനേടി. ആഹാരം കഴിക്കാൻ മററു യാതൊരുവഴിയും ഇല്ലാതിരുന്നതുകൊണ്ട് അദ്ദേഹം ഈ ജോലി പെട്ടെന്ന് ഉപേക്ഷിച്ചില്ല. എന്നാലും ആളുകൾ സാധനങ്ങൾ വാങ്ങാൻ വരുന്നില്ലെന്ന് കണ്ടാൽ അദ്ദേഹം നിലവറയിൽ പോയിരുന്ന് പുസ്തകപാരായണത്തിൽ മുഴുകും.

രണ്ട് വർഷം കഴിഞ്ഞപ്പോൾ ആ ജോലി വെൽസിന് ദുസ്സഹമായിത്തോന്നി. ഒരു ഞായറാഴ്ചദിവസം കാലത്തെ എഴുനേററ്, ഭക്ഷണം പോലും കഴിക്കാതെ, പതിനഞ്ചുമൈൽ നടന്ന് അദ്ദേഹം അമ്മയുടെ അടുക്കൽ എത്തി. അദ്ദേഹം കരയുകയും യാചിക്കുകയും ചെയ്തു. ഇനിയും ആ ജോലി ചെയ്യേണ്ടിവന്നാൽ ആത്മഹത്യ ചെയ്യുമെന്നുപോലും അമ്മയോട് പറഞ്ഞു.

അതിനുശേഷം ദയനീയമായ ഒരു നീണ്ട എഴുത്ത് തൻെറ പഴയ ഒരു ഗുരുനാഥന് അദ്ദേഹം എഴുതി. ഈ ദുരിതജീവിതം തനിക്ക് വെറുത്തുവെന്നും, താൻ ഇനി ജീവിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും അതിൽ കാണിച്ചിരുന്നു. അതിൻെറഫലം അത്ഭുതകരമായിരുന്നു. ഒരു

അദ്ധ്യാപകനായി ജോലി നൽകാമെന്ന് ആ ഗൃഹനാഥൻ വെൽസിന് മറുപടി നൽകി. അത് വെൽസിൻെറ ജീവിതത്തിൽ മറെറാരു വഴിത്തിരിവായിരുന്നു.

കണക്കെഴുത്തുകാരൻെറ ജോലി തനിയ്ക്ക് യഥാൎത്ഥത്തിൽ ഒരനുഗ്രഹമായിരുന്നുവെന്ന് തൻെറ ഗൌരവം നിറഞ്ഞ പതിഞ്ഞസ്വരത്തിൽ അദ്ദേഹം പലപ്പോഴും പറയും. സ്വതേ അദ്ദേഹം സുഖപ്രിയനും, മഹാമടിയനുമായിരുന്നു. പീടികയിലെ ജോലി അദ്ദേഹത്തെ വിശ്രമരഹിതമായി വേലചെയ്യുവാൻ പഠിപ്പിച്ചു.

അദ്ധ്യാപകൻെറ ജോലിയിൽ പ്രവേശിച്ച് അധികം കഴിയുന്നതിനുമുമ്പ് അദ്ദേഹത്തിന് അതിഭയങ്കരമായ ഒരത്യാഹിതം സംഭവിച്ചു. അത് ഇങ്ങിനെയാണ് ഉണ്ടായത്. അദ്ദേഹം ഫുട്ട്ബാൾ കളിയ്ക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം കാലുതെററിവീണു. മററു കളിക്കാർ അദ്ദേഹത്തിൻെറമേൽ ചവിട്ടിക്കടന്നുപോയി. ബോധരഹിതനായ അദ്ദേഹം മരിച്ച് പോകേണ്ടതായിരുന്നു. ഇതുമൂലം അദ്ദേഹത്തിന്റെ ശ്വാസകോശത്തിൽ ഒരെണ്ണം മുറിഞ്ഞു കീറി. രക്തം വാൎന്നുവാൎന്ന് അദ്ദേഹം വിളറിവെളുത്തു.

ഡോക്ടർമാർപോലും ആശ ഉപേക്ഷിച്ചു. മരിച്ചു മരിച്ചില്ല എന്നനിലയിൽ 12 കൊല്ലത്തോളം അദ്ദേഹം അങ്ങനെ ജീവിതത്തോട് ഒട്ടിപ്പിടിച്ച് നിന്നു. എന്നാൽ അതിനിടക്ക് ലോകത്തിൽ അങ്ങോളമിങ്ങോളം അദ്ദേഹത്തിൻെറ കീൎത്തിപരത്തുവാൻ പൎയ്യാപ്തമായ പല പുസ്തകങ്ങൾക്കും അദ്ദേഹം രൂപംകൊടുത്തു. അല്പം സുഖം ലഭിച്ച

പ്പോൾ അദ്ദേഹം എഴുതിത്തുടങ്ങി. ആദ്യത്തെ അഞ്ചു കൊല്ലത്തോളം അദ്ദേഹം വിശ്രമമില്ലാതെ പ്രയത്നിച്ചു. പക്ഷെ ആ കൃതികളിലൊന്നും അദ്ദേഹത്തിന് തൃപ്തി തോന്നിയില്ല. അവയെല്ലാം അദ്ദേഹം കത്തിച്ചുകളഞ്ഞു.

ഒടുവിൽ ഒരു രോഗിയായിരുന്നിട്ടും മറെറാരു വിദ്യാലയത്തിൽ അദ്ദേഹത്തിന് ഒരദ്ധ്യാപകന്റെ ജോലിലഭിച്ചു. പ്രകൃതിശാസ്ത്രമായിരുന്നു അദ്ദേഹം പഠിപ്പിച്ച വിഷയം. ക്ലാസ്സിൽ കാതറൈൻ റോബിൻസ് എന്നു പേരായി സുന്ദരിയായ ഒരു യുവതിയുണ്ടായിരുന്നു. അധികം താമസിയാതെ പ്രകൃതിശാസ്ത്രം പഠിപ്പിക്കുന്നതിന് പകരം കാതറൈനെ പഠിക്കുകയായി അദ്ദേഹത്തിൻെറ പ്രധാന ജോലി. അദ്ദേഹത്തെപ്പോലെ തന്നെ മെലിഞ്ഞു് വിളർത്തശരീരമായിരുന്നു ആ യുവതിയുടേതും. താമസിയാതെ അവർ വിവാഹിതരായി.

ഇതെല്ലാം അറുപതുകൊല്ലങ്ങൾക്കു മുൻപാണ്. മരിച്ചുപോകുന്നതിനു പകരം, അദ്ദേഹത്തിൻെറ ആരോഗ്യം തിരിച്ചുകിട്ടി. വിശ്രമമില്ലാതെ പ്രയത്നിച്ചു് ഭീമഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ലോകമെങ്ങും ശബ്ദമുയർത്തിയവയായിരുന്നു ആ പുസ്തകങ്ങളിൽ പലതും.

നവംനവങ്ങളായ ആശയങ്ങൾ അദ്ദേഹത്തിൻെറ മസ്തിഷ്കത്തിൽ നിറഞ്ഞിരുന്നു. നട്ടരാത്രിക്കുപോലും ഞെട്ടിയുണർന്ന് വിളക്കുകൊളുത്തി ചില ആശയങ്ങൾ അദ്ദേഹം പുസ്തകത്തിൽ കുറിച്ചു് വെയ്ക്കും. അലസതകാരണം കണക്കെഴുത്തുജോലിയിൽ നിന്ന് പിരിച്ചുവിടപ്പെട്ട ആ മനുഷ്യൻ ഒരിക്കൽ പറയുകയുണ്ടായി "150 കൊല്ലം

തുടർച്ചയായി എഴുതിയാലും തീരാത്ത ആശയങ്ങൾ എൻെറ തലച്ചോറിൽ ഉണ്ട്” എന്ന്.

എവിടെയിരുന്നും എഴുതാനുള്ള ഒരു പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ലണ്ടൻ നഗരവും, പ്രശാന്തമായ കടൽത്തീരവും അദ്ദേഹത്തിന് അക്കാര്യത്തിൽ ഒരുപോലെയാണ്. ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടിയിൽ വെച്ചുപോലും അദ്ദേഹം എഴുതാറുണ്ട്. പകൽ മുഴുവൻ എഴുതിക്കൊണ്ടിരിക്കുന്ന അദ്ദേഹം വൈകുന്നേരം മാത്രമെ സ്നേഹിതന്മാരുമായി സല്ലപിക്കാൻ സമയം ചിലവഴിക്കുകയുള്ളൂ. ഫ്രാൻസിൽ ഒരിടത്ത് അദ്ദേഹം രണ്ടുവീടുകൾ വാടകക്കെടുത്തിട്ടുണ്ട്. ഒന്ന് സ്നേഹിതന്മാരെ സ്വീകരിക്കാനും, മറെറാന്ന് സ്വൈരമായിരുന്ന് എഴുതാനും. അദ്ദേഹം എഴുതിക്കൊണ്ടിരിക്കുകയാണെങ്കിൽ സ്നേഹിതന്മാരെ സ്വീകരിക്കാൻ തീവണ്ടിസ്റ്റേഷനിലേക്ക് കാറും, മറെറ വീടിൻെറ താക്കോലും അയച്ചുകൊടുക്കുകയാണ് പതിവ്!

10·11·2018

# 3. ടോൾസ്റ്റോയ്.

ലോകപ്രസിദ്ധമായ രണ്ടു് വലിയ നോവലുകൾ എഴുതിപ്പോയല്ലോ
എന്നു് സ്വയം ലജ്ജിച്ച മനുഷ്യൻ!

അറബിക്കഥപോലെ അത്ഭുതകരമായ ഒരു ജീവിതകഥയാണു് ടോൾസ്റ്റോയിയുടേതു്. അടുത്തകാലത്തു് ജീവിച്ചിരുന്ന ഒരു പ്രവാചകനായിരുന്നു അദ്ദേഹം. മരിക്കുന്നതിന്നു് ഇരുപത്തു കൊല്ലം മുമ്പുതന്നെ അദ്ദേഹം



ബഹുജനങ്ങളുടെ ദൃഷ്ടിയിൽ ഒരു പുണ്യപുരുഷനായിത്തീർന്നു. ആ മുഖം ഒന്നു കാണാൻ വേണ്ടി—ആ സ്വരം ഒന്നു കേൾക്കാൻ വേണ്ടി അദ്ദേഹത്തിൻെറ ഉടുവസ്ത്രത്തിൽ ഒന്നു തൊടുവാൻ വേണ്ടി അനേകായിരം ആളുകൾ ടോൾസ്റ്റോയിയുടെ താമസസ്ഥലത്തേക്കു് തീർത്ഥയാത്ര നടത്തി.

സ്നേഹിതന്മാരും ആരാധകന്മാരും അദ്ദേഹത്തിന്റെ വീട്ടിൽ വന്നു താമസിച്ചു് ആ വായിൽ നിന്നു വീഴുന്ന

ഓരോ വാക്കും ചുരുക്കെഴുത്തിൽ കുറിച്ചെടുത്തു. കേവലം സാധാരണ സംഭാഷണത്തിൽ ഉച്ചരിച്ച വാക്കുകൾ പോലും അവർ വിട്ടുകളഞ്ഞില്ല. ഇവയെല്ലാം പിന്നീട് ഭീമ ഗ്രന്ഥങ്ങളായി പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.

ഏതാണ്ട് ഇരുപത്തിമൂവായിരം പുസ്തകങ്ങൾ— വെറും രണ്ടായിരത്തിമുന്നൂറല്ല — അദ്ദേഹത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ 56000 പത്രമാസികാ ലേഖനങ്ങളും ആ ആശയങ്ങൾ വിശദീകരിക്കാൻ വേണ്ടി രചിക്കപ്പെട്ടിട്ടുണ്ട്. ടോൾസ്റ്റോയി സ്വന്തമായി എഴുതിയ കൃതികൾ തന്നെ നൂറു വലിയ വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടോൾസ്റ്റോയ് എഴുതിയ ചില നോവലുകളേക്കാൾ രസകരമാണ് യഥാർത്ഥത്തിൽ അദ്ദേഹത്തിൻെറ സ്വന്തം ജീവിതകഥ. നാൽപ്പത്തിരണ്ടു മുറികളുള്ള രാജധാനിപോലുള്ള ഒരു മഹാസൌധത്തിലാണ് അദ്ദേഹം ജനിച്ചത്. റഷ്യൻ പ്രഭുക്കളുടെ വിത്തപ്രതാപത്തിൽ മുഴുകി സുഖസമൃദ്ധിയാൽ താരാട്ടു പാടപ്പെട്ട് വളൎന്നു. എന്നാൽ ജീവിതത്തിൻെറ അന്ത്യകാലത്ത് തൻെറ മുഴുവൻ സ്വത്തുക്കളും സാധുക്കൾക്ക് ദാനം ചെയ്തശേഷം കേവലം ദരിദ്രനായി ഒരു റയിൽവേ സ്റ്റേഷനിൽ കിടന്നാണ് അദ്ദേഹം മരിച്ചത്.

ചെറുപ്പത്തിൽ ആഡംബര പ്രിയനും മഹാ അഹംഭാവിയുമായിരുന്നു അദ്ദേഹം. നൂറു നൂറു പേർക്ക് ജീവിതകാലം മുഴുവൻ സുഖമായി കഴിക്കാൻ മാത്രം ധനം മോസ്കോവിലെ തയ്യൽ കടകളിൽ തന്നെ അദ്ദേഹം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് റഷ്യയിലെ കൃഷി

ക്കാരുടെ പരുപരുത്ത വസ്ത്രം മാത്രമേ ധരിക്കയുള്ളൂ എന്ന് ശപഥം ചെയ്യുകയും മരണം വരെ അതു പാലിക്കുകയും ചെയ്തു. സ്വയം ചെരുപ്പുകൾ തുന്നുകയും മുറി അടിച്ചു വാരുകയും സ്വയം പാകം ചെയ്ത ആഹാരം ഒരു മരപ്പാത്രത്തിൽ കഴിക്കുകയും ചെയ്യുന്ന കാര്യം അദ്ദേഹം നിർബ്ബന്ധപൂർവ്വം അനുഷ്ഠിച്ചു.

യുവത്വത്തിൽ ടോൾസ്റ്റോയ് സ്വയം പറഞ്ഞിട്ടുള്ളതുപോലെ 'നീചവും നികൃഷ്ടവും ആയ ജീവിതം' ആണു നയിച്ചിട്ടുള്ളത്. കുടിക്കുകയും കലഹിക്കുകയും മല്ലയുദ്ധം ചെയ്യുകയും ആയിരുന്നു അദ്ദേഹത്തിൻെറ അന്നൊക്കെയുള്ള പ്രധാന ജോലി. പേരുള്ള എല്ലാ പാപങ്ങളും അദ്ദേഹം ചെയ്തിട്ടുണ്ട്;- കൊലപാതകം പോലും! എന്നാൽ ജീവിതത്തിന്റെ അവസാനകാലത്ത് ക്രിസ്തുവിൻെറ വാക്കുകൾ അക്ഷരംപ്രതി അനുഷ്ഠിച്ച് ഒരു പുണ്യപുരുഷനായിത്തീർന്നു അദ്ദേഹം.

വിവാഹജീവിതത്തിൻെറ ആദ്യകാലത്തൊക്കെ അദ്ദേഹവും ഭാര്യയും ആഹ്ലാദദായകമായ ഒരു പരസ്പരപ്രണയത്തിൽ വർത്തിച്ചിരുന്നു. അനിർവാച്യമായ ഈ ആനന്ദം എന്നും നീണ്ടു നിൽക്കണെ എന്നു ഭാര്യയൊരുമിച്ച് പ്രാർത്ഥിക്കുകപോലും അവർ ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട് അവരുടെ വിവാഹജീവിതം ദുഃസ്സഹവും ദുഃഖപൂരിതവുമായിത്തീർന്നു. ഭാര്യയെ കാണുന്നതുതന്നെ അദ്ദേഹം അത്യന്തം വെറുത്തു. മരിക്കുന്നതിനുമുമ്പുള്ള അദ്ദേഹത്തിൻെറ ഒരേ ഒരു ആഗ്രഹം പോലും ഭാര്യയെ

തന്റെ അടുക്കൽ വരാൻ അനുവദിക്കരുത് എന്നായിരുന്നു.

ബാല്യത്തിൽ ചെന്നിട്ടുള്ള എല്ലാ പരീക്ഷയിലും അദ്ദേഹം പരാജിതനായി. അദ്ധ്യാപകന്മാർ എല്ലാവരും മറയനായ ഈ ബാലന്റെ മരത്തലയിലേക്ക് ബുദ്ധി അടിച്ചുകയററുന്നതിന് അസാദ്ധ്യമെന്ന് നിശ്ചയിച്ചു. എങ്കിലും 30 കൊല്ലത്തിനുശേഷം ലോകപ്രസിദ്ധമായ രണ്ടു വലിയ നോവലുകൾ ഈ ബാലന്റെ മരത്തലയ്ക്കകത്തുനിന്നും പുറത്തുവരുമെന്നു അവർ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. നൂററാണ്ടുകൾ കഴിഞ്ഞാലും പുതുമയും മൂല്യവും നശിക്കാത്ത 'യുദ്ധവും സമാധാനവും,' 'അന്നാകറിനീന'യും ആണ് അവ.

റഷ്യാസാമ്രാജ്യത്തെ അടക്കിഭരിച്ചിട്ടുള്ള മഹാരഥന്മാരായ സാർ ചക്രവർത്തിമാരെ എല്ലാവരേക്കാളും ഇന്ന് ലോകപ്രസിദ്ധൻ ടോൾസ്റ്റോയ് ആണ്. എന്നാൽ അദ്ദേഹത്തിന് പ്രസിദ്ധിനേടിക്കൊടുത്ത ഈ രണ്ടു നോവലുകൾ എഴുതിയതിൽ അദ്ദേഹം അഭിമാനിച്ചുവോ? ഇല്ല! ജീവിതത്തിന്റെ അന്ത്യത്തിൽ അങ്ങനെ രണ്ടു പുസ്തകങ്ങൾ എഴുതിപ്പോയല്ലൊ എന്നോർത്ത് അദ്ദേഹം പശ്ചാത്തപിച്ചു. സ്നേഹം, സമാധാനം, ദാരിദ്ര്യം ദൂരീകരിക്കുന്നതിനുള്ള വഴികൾ എന്നിവയെക്കുറിച്ച് ചെറിയ ചെറിയപുസ്തകങ്ങൾഎഴുതുന്നതിനുവേണ്ടിഅദ്ദേഹം ജീവിതശേഷം വിനിയോഗിച്ചു. നാലു കൊല്ലത്തിനുള്ളിൽ അവയുടെ 12000000 പ്രതികൾ റഷ്യയിൽ മാത്രം വിതരണം ചെയ്യപ്പെട്ടു.

KOTTAYAM TRAVANCORE
D.M. 201
77993

ടോൾസ്റ്റോയിയുടെ പുത്രി 'ടോൾസ്റ്റോയിയുടെ ദുരന്തം' (The Tragedy to Tolstoy) എന്നൊരു പുസ്തകമെഴുതിയിട്ടുണ്ട്.

ടോൾസ്റ്റോയിയുടെ ജീവിതം ദുരന്തമായിരുന്നെങ്കിൽ അതിനു കാരണം അദ്ദേഹത്തിന്റെ ഭാൎയ്യയാണ്. ഭാൎയ്യ പണവും പ്രതാപവും ഇഷ്ടപ്പെട്ടപ്പോൾ അദ്ദേഹം അവയെ വെറുത്തു. വിലയേറിയ വസ്ത്രങ്ങൾക്കും അലങ്കാരങ്ങൾക്കും വേണ്ടി അവൾ പരാതി പറഞ്ഞപ്പോൾ പരുപരുത്ത വസ്ത്രങ്ങൾ ധരിക്കാൻ അദ്ദേഹം അവളെ ഉപദേശിച്ചു. അനന്തമായ വിത്തപ്രതാപത്തിനുവേണ്ടി അവൾ ആഗ്രഹിച്ചപ്പോൾ സ്വകാൎയ്യസ്വത്ത് ഒരു പാപമാണെന്നു ടോൾസ്റ്റോയ് വിശ്വസിച്ചു. ശക്തികൊണ്ടു ഭരിക്കണമെന്ന് ഭാൎയ്യ പറഞ്ഞപ്പോൾ സ്നേഹമാണു ശക്തിയെന്ന് അദ്ദേഹം തിരുത്തി.

അസൂയക്കാരിയും കലഹപ്രിയയുമായ ഭാൎയ്യ അദ്ദേഹത്തിന്റെ സ്നേഹിതന്മാരെപ്പോലും വെറുത്തിരുന്നു. ടോൾസ്റ്റോയ് തന്റെ പുസ്തകങ്ങളുടെ പകർപ്പവകാശം പ്രതിഫലം കൂടാതെ ലോകത്തിൽ എല്ലാവർക്കുമായി വിട്ടുകൊടുത്തപ്പോൾ ഭാൎയ്യ അദ്ദേഹത്തെ ശപിക്കുകയും ശകാരിക്കുകയും ചെയ്തു. ടോൾസ്റ്റോയ് എന്തെങ്കിലും കാരണത്തിന് അവളെ എതിൎത്താൽ അവൾ നിലവിളിക്കുകയും, നിലത്തുകിടന്ന് ഉരുളുകയും, തലമുടി സ്വയം വലിച്ചുപറിക്കുകയും ചെയ്യുകപതിവായിരുന്നു. ഒരിക്കൽ

കരുപ്പുതിന്ന് ആത്മഹത്യചെയ്യുമെന്ന അദ്ദേഹത്തെ അവരം ഭീഷണിപ്പെടുത്തുകയും, പിന്നീടൊരിക്കൽ കിണററിൽ ചാടി മരിക്കാൻ ഭാവിക്കുകയും ചെയ്യുകയുണ്ടായി.

ഒടുവിൽ 82-ാമത്തെ വയസ്സിൽ വീട്ടിലെ ജീവിതം ദുസ്സഹമായി തീൎന്നപ്പോഠം അദ്ദേഹം വീടു വിട്ട് ഇറങ്ങി. 1910 ഒക്ടോബർ 21-ാംതീയതി എന്തിനെന്നോ എങ്ങോട്ടെന്നോ നിശ്ചയം ഇല്ലാതെ രാത്രിയുടെ ഇരുട്ടിലേക്കും തണുപ്പിലേക്കും അദ്ദേഹം നടന്നു മറഞ്ഞു.

പതിനൊന്നു ദിവസങ്ങഠംക്കുശേഷം ഒരു ചെറിയ റെയിൽവേസ്റ്റേഷനിൽ കിടന്ന്-തൻെറ പ്രിയപ്പെട്ടൊരു കഥാപാത്രമായ അന്നകരിനിനയെ ഓർമ്മിപ്പിക്കുന്ന വിധത്തിൽ അദ്ദേഹം മരിച്ചു!

അദ്ദേഹത്തിൻെറ അവസാന വാക്കുകഠം ഇവയായിരുന്നു. “നിങ്ങഠം അന്വേഷിക്കുക—എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുക”!........

79993

# 4. * ഹൈദ്രബാദിലെ നൈസാം.

ലോകത്തിലെ ഏററവും വലിയ ധനികൻ.

അദ്ദേഹത്തിന്റെ യഥാൎത്ഥനാമധേയം നൈസാം-ഉസ്മാൻ-ആലി-ഖാൻ-ബഹദ്ദൂർ-ജങ്ങ്-ആസഫ്-ആലി-ജം എന്നാണു്. എങ്കിലും ഹൈദരബാദിലെ നൈസാം



എന്നാണു് അദ്ദേഹം സാധാരണയായി അറിയപ്പെടുന്നതു്. കൈബർ പാസ്സ് വഴി പണ്ടു് ഇന്ത്യയെ ആക്രമിച്ചമുഗൾ വംശജന്മാരുടെ ഒരു പിൻഗാമിയാണു്. ഇന്ത്യയിലെ ഏററവും വലിയ നാട്ടുരാജ്യത്തിന്റെ ഭരണാധികാരിയും, ലോകത്തിലെ ഏററവും വലിയ കോടീശ്വരനും നൈസാം തന്നെയാണു്. അമേരിക്കയിലെ സുപ്രസിദ്ധ കോടീശ്വരന്മാരായ റോക്ക്ഫെല്ലറെയോ, ഫോർഡിനെയോ വിലക്കു് വാങ്ങാൻ തക്ക സ്വകാൎയ്യ സ്വത്തു് അദ്ദേഹത്തിന്നുണ്ടു്.

എന്നാൽ ഈ മനുഷ്യൻ ഒരു മേശപ്പുറത്ത് ആഹാരം കഴിക്കുകയോ, പരിഷ്കൃത ഉപകരണങ്ങളായ കത്തിയും, മുള്ളും സ്പൂണും ഉപയോഗിക്കുകയോ പതിവില്ല.

പിന്നെ ഈ പണമെല്ലാം അദ്ദേഹം എന്തു ചെയ്യുന്നുവെന്നോ? ആയിരക്കണക്കിന് സുന്ദരികളെ പുലർത്തുന്ന ഒരന്തഃപുരം അദ്ദേഹത്തിനുണ്ട്. അതിൽ അദ്ദേഹത്തിന് ഏററവും പ്രിയമുള്ള ഒരു സ്ത്രീ വിലയേറിയ ഒരു റോൽഡ്റോയിസ് കാറിൽ ഹൈദരബാദിലെ നഗരവീഥികളിൽ കൂടി സഞ്ചരിക്കുന്നു. പക്ഷെ കാറിൻെറ ജനലുകൾ രത്നക്കംബളങ്ങൾ കൊണ്ടു് പൊതിഞ്ഞിരിക്കുന്നതിനാൽ ആ സുന്ദരിയുടെ മുഖം ആർക്കും കാണാൻ സാധിക്കുകയില്ല. അന്തഃപുരത്തിലുള്ള മററുള്ള സുന്ദരികളെ അദ്ദേഹം അത്രയധികമൊന്നും ശ്രദ്ധിക്കാറില്ല. സുന്ദരികൾ എന്ന് ഞാൻ പറഞ്ഞോ? എന്നാൽ അതു മുഴുവൻ ശരിയല്ല. 48 വർഷങ്ങൾക്കു മുൻപ് മരിച്ച അദ്ദേഹത്തിൻെറ അച്ഛനിൽനിന്ന് ലഭിച്ചതാണ് ആ അന്തഃപുരം. പത്തുനാൽപ്പതു് വർഷം മുൻപ് അവരിൽ പലരും സുന്ദരികളായിരുന്നിരിക്കാം. എന്നാൽ ഇന്നു അവരിൽ ചിലരെ സിനിമാനിർമ്മാതാക്കൾ ഒരു ഉപനടിയായിപ്പോലും സ്വീകരിക്കുമോ എന്ന് സംശയമാണ്. എന്നാൽ നൈസാം അവരെ ഭദ്രമായി സൂക്ഷിക്കുന്നു. ഷണ്ഡന്മാരെയും നപുംസകരെയും പോലും അന്തഃപുരത്തിനകത്ത് കടക്കുവാൻ അദ്ദേഹം അനുവദിക്കയില്ല.

ലോകത്തിലെ ഏററവും വലിയ ഈ കുബേരൻ എന്നും സൂര്യൻ ഉദിക്കുന്നതിനുമുമ്പ് എഴുന്നേല്ക്കുന്നു. അലാറം

അടിക്കുന്നതു കേട്ടുകൊണ്ട് പിടഞ്ഞെഴുന്നേല്ക്കേണ്ട ആവശ്യം അദ്ദേഹത്തിനില്ല അദ്ദേഹത്തെ സ്വപ്നങ്ങളിൽനിന്ന് വിളിച്ചുണർത്തുവാൻ എന്നും പുലർച്ചയ്ക്ക് ഉറക്കറയിൽ വീണയും തംബുരുവുമായി എത്തുന്ന ഒരു ഗായകസംഘമുണ്ട്. ഒരു നല്ല മുഹമ്മദനായതുകൊണ്ട് എന്നും അതിരാവിലെ ഉണർന്ന് സ്വയം പ്രാർത്ഥനക്കുള്ള പരവതാനി നിലത്തു് വിരിച്ച്, മക്കത്തേയ്ക്ക് നോക്കി, കമിഴ്ന്നുകിടന്ന് അദ്ദേഹം ആരാധന നടത്തുന്നു. അതിനുശേഷം മാത്രമാണ് ഹൈദരബാദിലെ മലകൾക്ക് മുകളിൽ സൂര്യൻ എത്തിനോക്കുകയുള്ളു.

ജീവിതത്തിൽ അദ്ദേഹത്തെ വസ്ത്രം ധരിപ്പിക്കുക എന്ന ജോലി മാത്രമുള്ള നാല് വേലക്കാർ നൈസാമിനുണ്ട്. ഓരോരുത്തനും ശരീരത്തിൻെറ ഓരോ ഭാഗത്തു് വസ്ത്രമണിയിക്കുന്നു. ഒരാൾ കാലുകളിൽ വസ്ത്രം ധരിപ്പിക്കുന്നു. മറെറാരാൾ കൈകളിലാണ് ഉടുപ്പിടുവിക്കുക. ശിരസ്സിൽ ശിരോവസ്ത്രം അണിയിക്കുകയാണ് മറെറാരാളുടെ ജോലി. ശിരോവസ്ത്രം അണിയിക്കുന്ന ആളോട് ശരീരത്തിൽ ഉടുപ്പ് ഒന്ന് ഇടുവിക്കുവാൻ പറഞ്ഞാൽ അയാൾക്ക് വലിയ അപമാനമാണ്. കൈകളിൽ വസ്ത്രം ധരിപ്പിക്കുന്ന ആൾ ജീവൻ പോയാലും കാലുകളിൽ വസ്ത്രം ധരിപ്പിക്കുകയില്ല. തൻെറ ജോലി കഴിഞ്ഞാൽ അടുത്ത ദിവസം പ്രഭാതം വരെ വെറുതെ മരത്തണലിൽ പോയിരുന്നാലും മറെറാരു ജോലി അയാൾ ചെയ്കയില്ല! 150 ലക്ഷം ജനങ്ങളുടെ മേൽ 'കൊല്ലും കൊലയും' അവകാശം പോലുമുള്ള ഒരു പരമാധികാരിയായിരുന്ന

നെസാം. അദ്ദേഹം കയറിയ വാഹനം തെരുവിലൂടെ കടന്നുപോകുമ്പോൾ ആളുകൾ ശിരസ്സ് തറയിൽ തൊടുന്ന വിധം കുമ്പിട്ട് അദ്ദേഹത്തെ നമസ്കരിക്കുന്നു.

അമൂല്യങ്ങളായ സുഗന്ധദ്രവ്യങ്ങൾ അലിയിച്ച ജലത്തിലാണ് ദിവസംതോറും കുളിക്കുന്നതെങ്കിലും അദ്ദേഹം ഒരിക്കലും സോപ്പ് ഉപയോഗിക്കുകയില്ല. അതിനു പകരം ദേഹം തേക്കുവാൻ ഒരു മരത്തിന്റെ തൊലി ഉണക്കിപ്പൊടിച്ചതാണ് ഉപയോഗിക്കുന്നത്. കാലത്ത് ഉണന്ന് തികച്ചും നാലു മണിക്കൂർ കഴിഞ്ഞിട്ടേ അദ്ദേഹം എന്തെങ്കിലും ആഹാരം കഴിക്കുകയുള്ളൂ. കാപ്പിയോ ചായയോ കുടിക്കുകയില്ല; ഒന്നുകിൽ പാൽ അല്ലെങ്കിൽ വെറും പച്ചവെള്ളം അതാണ് അദ്ദേഹത്തിന് പ്രിയംകരമായ പാനീയം.

സ്വർണ്ണനിർമ്മിതമായ പാത്രങ്ങളിലാണ് അദ്ദേഹം പ്രഭാതഭക്ഷണം കഴിക്കുക. ഭക്ഷണത്തിന് സാധാരണയായി 8 തരം സൂപ്പുകൾ ഉണ്ടായിരിക്കും. പിന്നെ മുട്ട പൊരിച്ചതോ അഥവാ പുഴുങ്ങിയതോ, മയിൽ പക്ഷിയുടെ ഇറച്ചി, ഞണ്ട് വറുത്തത് ഇവയും അദ്ദേഹത്തിന് രുചികരമായ വിശേഷാഹാരങ്ങളാണ്.

സ്വർണ്ണക്കസവ് പിടിപ്പിച്ച വെളുത്ത സിൽക്കു കുപ്പായമാണ് സാധാരണയായി അദ്ദേഹം ധരിക്കുക. പവിഴവും വജ്രവും പതിച്ച രത്നമാലകൾ അദ്ദേഹം കഴുത്തിലണിയുന്നു. ഇതൊക്കെയാണെങ്കിലും പലപ്പോഴും ചെളിപുരണ്ട് കറുത്ത പരുത്തിക്കോട്ടും ധരിച്ച് പൊതുസ്ഥലങ്ങളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

നൈസാമിൻെറ ക്ഷൌരകർമ്മം നിർവ്വഹിക്കുകമാത്രം ജീവിതത്തിൽ ജോലിയായുള്ള ഒരു ക്ഷൌരകനുണ്ട്. പക്ഷെ നീണ്ടു വളൎന്ന തലമുടി ചീകാതെയും, ഷേവ് ചെയ്യാതെ മുഖത്തു് കുററിരോമങ്ങൾ വളൎന്നും ഗംഭീര സദസ്സുകളിൽ അദ്ധ്യക്ഷനായി നൈസാം പലപ്പോഴും ആഗതനാകാറുണ്ടു്.

അദ്ദേഹത്തിന് കസേരകൾ, മേശകൾ, കുതിരവണ്ടികൾ, എന്തിന് വലിയ തോക്കുകൾ പോലും സ്വൎണ്ണം കൊണ്ടു നിൎമ്മിച്ചവയുണ്ടു്. ഈ വലിയ തോക്കുകൾ വെടി വെയ്ക്കാനൊന്നും കൊള്ളുകയില്ല. കാരണം വെടി വെച്ചാൽ, ചൂടുകൊണ്ടു് സ്വർണ്ണം; ഉരുകിപ്പോകും. പക്ഷെ ഒരു സന്ദർശകനെ അത്ഭുതപരതന്ത്രനാക്കാൻ ഇതു് ധാരാളം മതി.

നൈസാമിനു ഈ ധനമെല്ലാം എവിടെനിന്നു ലഭിച്ചു? ലോകത്തിൽ ഏററവും വിലയേറിയ രത്നങ്ങൾ ലഭിച്ചിട്ടുള്ള ഗോൾക്കൊണ്ടയിലെ രത്നഖനികളിൽ നിന്നാണു് അധികഭാഗവും കിട്ടിയിട്ടുള്ളതു്. ജ്വലിക്കുന്ന ചുവന്ന "കോഹിന്നൂർ" ചോരയുടെയും കണ്ണുനീരിൻെറയും കഥയുള്ള "ആശാവജ്രം;" റഷ്യയിലെ കാതറൈൻ രാജ്ഞിയുടെ ചെങ്കോലിൽ പതിച്ചിരുന്ന "ഓർലോഫ് വജ്രം" എല്ലാം ഗോൾക്കൊണ്ടയിൽനിന്നു് ലഭിച്ചതാണു്. വിശ്വസിക്കാൻ പ്രയാസമായ വിധം ഇത്രയധികം ധനമുണ്ടായിട്ടും നൈസാം പുറംവകയിൽ കുറച്ചൊരു സമ്പാദ്യമുണ്ടാക്കാൻ ആഗ്രഹിക്കുന്നു. ഞാനും നിങ്ങളും ആഗ്രഹിക്കുന്നതുപോലെ! അദ്ദേഹം വലിയ വിരുന്നു സൽക്കാരങ്ങൾ നടത്തും.

നിലയും വിലയുമനുസരിച്ച് ക്ഷണിക്കപ്പെടുന്നവരെല്ലാം ഉചിതമായ ഒരു പാരിതോഷികം പണമായി കൊണ്ടുവരണമെന്ന് നിർബന്ധമാണ്! ചിലപ്പോൾ അഞ്ഞൂറും ആയിരവും അതിഥികളുണ്ടാകും. ഒരാൾക്ക് 100 ക. യെന്ന നിരക്കിൽ നൈസാമിന് പണമെത്ര ലഭിക്കുമെന്ന് നിങ്ങൾ തന്നെ കണക്കു കൂട്ടിക്കൊള്ളുക.

ചിലപ്പോൾ നൈസാം വ്യാപാരസ്ഥലങ്ങൾ സന്ദർശിക്കാറുണ്ട്. രാജാവിന് എന്തെങ്കിലും ഒരു വസ്തുവിൽ കൌതുകം തോന്നിയാൽ അത് ഒരു പാരിതോഷികമായി രാജാവിനു നൽകണമെന്നു ഒരാചാരമുണ്ട്. ഇത്തരം ഒരു സന്ദർശനം കഴിഞ്ഞു് മടങ്ങുമ്പോൾ നൈസാമിൻെറ പുറകിൽ വിവിധ വസ്തുക്കളുടെ ചുമടുകളും തലയിലേററി വേലക്കാരുടെ ഒരു സൈന്യം തന്നെ അദ്ദേഹത്തിൻെറ പുറകിലുണ്ടായിരിക്കും. ഇങ്ങിനെ ലഭിക്കുന്ന സാധനങ്ങളിൽ അദ്ദേഹത്തിന് ആവശ്യമില്ലാത്തതെല്ലാം, അതിൻെറ വിലയെഴുതിയ ഒരു കുറിപ്പുമായി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർക്ക് അയച്ചുകൊടുക്കും. ആ ബഹുമതി സ്വീകരിച്ചതിൻെറ അടയാളമായി ഉടനെ പണമെത്തിച്ചുകൊടുക്കാൻ അവർ നിർബന്ധിതരാണ്.

കുറെ വർഷങ്ങൾക്കു മുൻപ് നൈസാം താൻ എഴുതിയ ഒരു കവിതാഗ്രന്ഥം പ്രസിദ്ധപ്പെടുത്താൻ പോകുന്നു എന്ന് അറിയിപ്പു നൽകി. പുസ്തകത്തിൻെറ സാധാരണ വില 60 ക. യും രാജകുടുംബാംഗങ്ങൾക്ക് 300 ക. യും ആണ് നിശ്ചയിച്ചിരുന്നതു്. ഹൈദ്രബാദിലെ ഉന്നതവ്യക്തികളിലാരും ആ രാജകവിയുടെ കൃതി വാങ്ങാതിരി

ക്കാൻ വൈയ്യപ്പെടാത്തതുകൊണ്ട്, പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു മുൻപ് അതിന്റെ അനേകായിരം കോപ്പികൾ വിററഴിഞ്ഞു. അതിനുശേഷം സംവത്സരങ്ങൾ പലതു കഴിഞ്ഞു. അങ്ങിനെ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയോ ആ പണം തിരിച്ചു കൊടുക്കുകയോ ഇതുവരെ ഉണ്ടായിട്ടില്ല.

ഇതൊക്കെയാണെങ്കിലും നൈസാം ഒന്നാംതരമായി ഇംഗ്ലീഷ് സംസാരിക്കുകയും, ആനപ്പുറത്തു കയറി വരയൻ പുലികളെ വേട്ടയാടുകയും, ചെവികളിൽ മോതിരങ്ങൾ അണിയുകയും, പ്രിയ പത്നിക്ക് പ്രതിമാസം 600 ക കൊടുക്കുകയും, സ്പ്രിങ്ങില്ലാത്ത ഒരു മരക്കട്ടിലിൽ കിടന്നുറങ്ങുകയും ചെയ്യുന്നു!

---

* ഹൈദ്രബാദ് ഇൻഡ്യൻ യൂണിയനിൽ ചേർന്നതിനു ശേഷം നൈസാമിനെ ഹൈദ്രബാദിലെ വെറും നാമമാത്ര ഭരണാധികാരിയാക്കിത്തീർത്തിരിക്കുന്നു. ഒരു വർഷം 40,000,000 കോടി രൂപാ വരവുണ്ടായിരുന്നതു് അദ്ദേഹത്തിനു് നഷ്ടപ്പെട്ടു. അതിനു പകരം 12,000,000 രൂപായും സ്വകാര്യ സ്വത്തുക്കളും ഇന്ത്യാഗവൺമെൻറ് അദ്ദേഹത്തിനു നൽകി.

# 5. നിക്കൊളാസ് സെക്കണ്ട്.

(അവസാനത്തെ സാർ ചക്രവത്തി.)

ഒരു നിമിഷത്തിൽ 100ക, അഥവാ ഒരു മിനിട്ടിൽ 6000ക. അല്ലെങ്കിൽ ഒരു മണിക്കൂറിൽ 3,60000ക. വരുമാനമുണ്ടായിരുന്ന ഒരു മഹാകുബേരനായിരുന്നു അവസാനത്തെ റഷ്യൻ ചക്രവത്തി. ലോകത്തിൽ ആകെയുള്ള ഭൂസ്വത്തിൻെറ ആറിൽ ഒരു ഭാഗം അദ്ദേഹത്തിൻെറ സ്വന്തമായിരുന്നു.

എന്നാലും 1918 ജൂലൈ പതിനാറാം തീയതി നട്ടരാത്രി അദ്ദേഹത്തെയും കുടുംബാംഗങ്ങളെയും, എട്ടുകാലിവലകൾ നിറഞ്ഞ ഒരു കാരാഗാരത്തിലേക്ക് കാലികളെപ്പോലെ ആട്ടിത്തെളിയിച്ചു്, വെടിവെച്ചുകൊന്നു.

ഭൂമിയുടെ ആറിലൊന്നിൻെറ അധികാരിയും, ഒടുവിലത്തെ സാർ ചക്രവത്തിയുമായിരുന്ന ഇദ്ദേഹത്തിൻെറ പേർ നിക്കോളാസ് സെക്കണ്ട് എന്നായിരുന്നു.

ചക്രവത്തിയുടെ ആജ്ഞയനുസരിച്ചു് ജനങ്ങളുടെ കഴുത്തറുത്തു് പട്ടാളക്കാൎക്ക് മതിയും കൊതിയും തീൎന്നു. ഒടുവിൽ ജനങ്ങൾക്കെതിരായി പടപൊരുതാൻ അവർ വിസമ്മതിച്ചു. 1917 മാർച്ചുമാസത്തിലെ ഒരു ദിവസം അർദ്ധരാത്രി സൈന്യാധിപന്മാരുടെ ഒരു സംഘം ചക്രവ

ത്തിയുടെ രഹസ്യമുറിയിൽ എത്തി. അദ്ദേഹത്തോട് സ്ഥാനത്യാഗം ചെയ്യണമെന്ന് ആവശ്യപ്പെട്ടു.

ചക്രവത്തി ഞെട്ടിപ്പോയി. അദ്ദേഹത്തിന്റെ മുഖം വിളറി വിയക്കുകയും, അദ്ദേഹം വേച്ചുവേച്ച് വീഴാൻ പോകുകയും ചെയ്തു. ബോധരഹിതനായി ചക്രവത്തി നിലംപതിക്കുമെന്നുപോലും അടുത്തുനിന്നവർ ഭയപ്പെട്ടു.

അദ്ദേഹം ഉറക്കറയിലേക്ക് പോയി. പക്ഷെ അന്നരാത്രി ഉറങ്ങാൻ സാധിച്ചില്ല. നേരം വെളുക്കുന്നതുവരെ ഷേക്ക്സ്പീയറിൻെറ "ജൂലിയസ് സീസർ" എന്ന നാടകം വായിച്ചുകൊണ്ട് അദ്ദേഹം സമയം പോക്കി.

പിറേറദിവസം പ്രഭാതമായി. കൃത്യം 11-15ന് ഒരു സാധാരണ പെൻസിൽകൊണ്ട് അദ്ദേഹം സ്ഥാനത്യാഗപത്രത്തിൽ ഒപ്പുവെച്ചു. എന്നിട്ട് അദ്ദേഹം ദീർഘമായി ഒന്ന് നിശ്വസിച്ചു. "ഈശ്വരാനുഗ്രഹം. സ്വൈരമായല്ലോ? ഞാൻ ജീവിതത്തിൽ ഏററവും ആഗ്രഹിച്ചിരുന്ന കാര്യം എനിക്ക് ചെയ്യാം. ക്രിമിയയിൽ ചെന്ന് പൂച്ചെടികൾ നട്ടുവളത്താമല്ലോ?"

സാർ ചക്രവത്തിയും കുടുംബാംഗങ്ങളും തങ്ങളുടെ ജീവിതത്തിന്റെ അന്ത്യദിനങ്ങൾ, യൂറൽ പർവ്വതത്തിനു് അടുത്തുള്ള ഒരു പഴയ വീടിൻെറ രണ്ടു് മുറികളിലാണു് കഴിച്ചുകൂട്ടിയതു്. വിപ്ലവകാരികൾ തടവുകാരായി പിടിച്ചതുകൊണ്ടു് അവക്കു് കേവലം പാവപ്പെട്ട കൃഷിക്കാക്ക് കൊടുക്കുന്ന ആഹാരമാണു് നൽകിയിരുന്നതു്. കാപ്പിയോ, പഞ്ചസാരയോ, ഉപ്പോ, വെണ്ണയോ അവക്ക് കൊടു

ത്തിരുന്നില്ല. ഉണങ്ങിക്കരിഞ്ഞ റൊട്ടിയും, പച്ചക്കറികളും, പച്ചവെള്ളവുമായിരുന്നു അവരുടെ ഭക്ഷണം.

അവർ താമസിച്ചിരുന്ന വാതലുകൾ എല്ലാം അടച്ചു് പൂട്ടിയിരുന്നു. ജനൽത്തുറന്നു് പുറത്തേക്കു നോക്കാൻ പോലും അവരെ അനുവദിച്ചിരുന്നില്ല. ഒരുദിവസം അല്പം വെളിച്ചം കടക്കുന്നതിനു് വേണ്ടി ഏററവും ഇളയ രാജകുമാരി അനാസ്ഥാഷ്യ ഒരു ജനൽ അല്പം തുറന്നു. അപ്പോൾ പുറത്തു് കാവൽ നിന്നിരുന്ന പട്ടാളക്കാരൻ ആ കുഞ്ഞിന്റെ നേരെ വെടിവെച്ചു. ഓരോ ദിവസവും അഞ്ചു മിനിട്ടു് നേരം പുറത്തു് പൂന്തോട്ടത്തിൽ ഉലാത്തുവാൻ അവരെ അനുവദിച്ചിരുന്നു. കുഞ്ഞുരാജകുമാരനു് നടക്കാൻ ശക്തിയില്ലായിരുന്നു. അതുകൊണ്ടു് ചക്രവർത്തി പുത്രനെ തോളിലേററിക്കൊണ്ടു് നടക്കുകയായിരുന്നു പതിവു്.

കാവല്ക്കാരായ പട്ടാളക്കാർ ചക്രവർത്തിയെ ചീത്ത പറയുകയും, രാജകുമാരികളോടു് ശൃംഗരിക്കാൻ ശ്രമിക്കയും, രാത്രിയിൽ വൃത്തികെട്ട പാട്ടുകൾ പാടുകയും ചെയ്യുമായിരുന്നു. ഒരു പട്ടാളക്കാരൻ രാജ്ഞിയുടെ പക്കലിരുന്ന മണിപ്പേഴ്സ് കൈവശപ്പെടുത്തി. രാജ്ഞി തടഞ്ഞപ്പോൾ, "രാജ്ഞിക്കു് ഇനി പണത്തിൻെറ ആവശ്യം വരില്ല" എന്നു് അത്ഥഗർഭമായി പറഞ്ഞു് ആ പട്ടാളക്കാരൻ ചിരിച്ചു.

ചക്രവർത്തി ശാന്തനും, സാധുപ്രകൃതിയും ആയിരുന്നതുകൊണ്ടു് ഇതെല്ലാം ക്ഷമയോടെ സഹിച്ചു. എന്നാൽ രാജ്ഞി ആ സ്വഭാവക്കാരിയായിരുന്നില്ല. അവർ പട്ടാള

ക്കാരെ കൂടെക്കൂടെ ശകാരിക്കുകയും ശപിക്കുകയും ചെയ്തു. ഒരിക്കൽ ഈ മൃഗങ്ങളോടെല്ലാം പകരം വീട്ടുമെന്ന് ആ സ്ത്രീ ഈശ്വരനെ പിടിച്ച് ആണയിടുകപോലും ചെയ്തു. 1918 ജൂലൈ 16-ാം തീയതി കാവൽ പടയാളികളുടെ ക്യാപ്റ്ററൻ ചക്രവത്തിയെ ഉറക്കത്തിൽ നിന്ന് വിളിച്ചുണത്തി. ക്ഷുഭിതരായ ജനങ്ങൾ അവിടേക്ക് വരുന്നുണ്ടെന്നും ഉടനെ വസ്ത്രമണിഞ്ഞു് രക്ഷപെടുവാൻ തയ്യാറാകണമെന്നും അയാൾ അറിയിച്ചു. പക്ഷെ ജനങ്ങൾ അടുത്തെത്തിയപ്പോയി എന്നു പറഞ്ഞു് ചക്രവത്തിയെ വീട്ടിൻെറ അന്തർഭാഗത്തുള്ള നിലവറയിലേക്കാണ് നയിച്ചത്. രാജ്ഞി കൊച്ചുകുഞ്ഞിനെ തോളിലെടുത്തുപിടിച്ച് ഭയന്ന് വിറക്കുകയായിരുന്നു.

പെട്ടെന്ന് തോക്കുമായി നിലവറയിലേക്ക് പട്ടാളക്കാർ ഓടിയണഞ്ഞു. "നിങ്ങളുടെസ്നേഹിതന്മാർ നിങ്ങളെ രക്ഷിക്കാൻ ശ്രമിച്ചു. പക്ഷെ സാധിച്ചില്ല. ഞങ്ങൾ നിങ്ങളെ കൊല്ലാൻ പോവുകയാണ്!" എന്ന് അലറിക്കൊണ്ട് തോക്കിൻെറ കുഴൽ ചക്രവത്തിയുടെ ഹൃദയത്തോട് ചേർത്തുവെച്ച് അവർ നിറയൊഴിച്ചു. എന്നിട്ട് നിഷ്കരുണം സ്ത്രീകളുടെ നേരെ വെടിവെക്കാൻ തുടങ്ങി. എന്നാൽ ഭയവിഹ്വലരായ രാജകുമാരിമാർ ജീവനിൽ കൊതിയോടെ മുറിയിൽ വട്ടവും നീളവും ഓടാൻ തുടങ്ങി. അതുകൊണ്ട് ആദ്യമൊന്നും വെടിയുണ്ടകൾ അവരുടെ മേൽ ഏററില്ല. തൂവൽ നിറച്ച തലയണകൾ എടുത്ത് ശരീരം മറച്ച് അവർ വെടിയേല്ക്കാതെ രക്ഷപെടാൻ ശ്രമിച്ചു. ഒടുവിൽ വെടിയേററ് വീണിട്ടും മരിക്കാതിരുന്നവരെ പട്ടാളക്കാർ ബയനററുകൊണ്ട് കുത്തി.

കുറച്ചുനിമിഷങ്ങൾക്കകം അവിടെ മരണത്തിൻെറ നിശ്ശബ്ദത പരന്നു. ഒരു രാജകുമാരിയുടെ വളർത്തുനായു് മാത്രം ദയനീയമായി മോങ്ങിക്കൊണ്ടു് മൃതശരീരങ്ങൾക്കു മേൽ ഓടിനടന്നു. ആ നായെയും അവർ ബയനററുകൊണ്ടു് കുത്തിക്കൊന്നു. എന്നിട്ടു് മൃതശരീരങ്ങളെല്ലാം കഷണം കഷണമായി മുറിച്ചു് എണ്ണയൊഴിച്ചു് കത്തിച്ചുകളഞ്ഞു.

ആ ശവശരീരങ്ങൾ കരിഞ്ഞ ചാരത്തിനിടയിൽ കുത്തിത്തിരഞ്ഞു് നോക്കിയപ്പോൾ പട്ടാളക്കാർക്കു് വിലയേറിയ രത്നങ്ങളും സ്വർണ്ണനാണയങ്ങളും ലഭിച്ചു. അവയൊക്കെ രാജകുമാരിമാർ വസ്ത്രത്തിനിടയിൽ ഒളിച്ചുവെച്ചിരിക്കയായിരുന്നു.

പുതുതായി സ്ഥാപിച്ച ലനിൻെറ റഷ്യൻ ഗവമ്മേണ്ടിന്റെ ഔദ്യോഗിക കൃത്യമൊന്നുമായിരുന്നില്ല ക്രൂരമായ ഈ കൊലപാതകം. സാർ ചക്രവത്തിയെ വധിച്ചതിന്നു് റഷ്യൻ ഗവമ്മേണ്ടു് പലരേയും അറസ്റ്റു് ചെയ്യുകയും, യഥാത്ഥത്തിൽ അഞ്ചുപേരെ വെടിവെച്ചു് കൊല്ലുക പോലും ചെയ്തു. ഈ ഭയങ്കരപാതകം ആരുടേയും അധികാരം സമ്മതിച്ചു് കൊടുക്കാത്ത രക്തക്കൊതിയന്മാരായ ചില വിപ്ലവകാരികളുടെ കടിഞ്ഞാണില്ലാത്ത കൃത്യങ്ങളിൽ ഒന്നായിരുന്നു.

രാജകുടുംബത്തിൻെറ ഭസ്മാവശിഷ്ടങ്ങൾ ഇപ്പോൾ പാരീസിലാണു് സംസ്കരിക്കപ്പെട്ടിരിക്കുന്നതു്. അമേരിക്കൻ കൊടിക്കീഴിലാണു് അതു് പാരീസിലേക്കു് കൊണ്ടുവന്നതു്. 1920 ജനുവരിയിൽ സൈബീരിയയിലെ അമേരിക്കൻ കൌൺസിൽ ജനറൽ ഒരു സ്നേഹിതൻെറ നിർദ്ദേശപ്രകാരം ഒരു വീഞ്ഞപ്പെട്ടി തീവണ്ടിയിൽ കയററി

ഹാർബിനിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷനെ ഏല്പിക്കുക യുണ്ടായി. കയറുകൊണ്ട് വരിഞ്ഞുകെട്ടിയ ആ പെട്ടി യിൽ എന്താണ് അടക്കം ചെയ്തിരുന്നതു് എന്നു് അമേരി ക്കൻ പ്രതിനിധിക്കു് അറിഞ്ഞുകൂടായിരുന്നു. തീവണ്ടി യിൽ വല്ലാത്ത തണുപ്പായപ്പോൾ അയാൾ കൂടെക്കൂടെ കാൽ ആ വീഞ്ഞപ്പെട്ടിയിൽ തട്ടി ചൂട് പിടിപ്പിച്ചു. ഹാർബിനിൽ എത്തിയപ്പോൾ അതിനകത്തു് സാർ ചക്ര വർത്തിയുടേയും രാജകുടുംബാംഗങ്ങളുടേയും അവശിഷ്ടമാ ണെന്നു് അറിഞ്ഞു് അത്ഭുതപ്പെട്ടുപോയി. ആ പെട്ടി അവിടുന്നു് ഷാങ്ഗ്ഹേയിലേക്കും, പിന്നെ പാരീസിലേക്കും കൊണ്ടുപോയി. ആ ചാരപൂർവ്വം സംസ്കരിക്കാൻവേണ്ടി പെട്ടി തുറക്കപ്പെട്ടപ്പോൾ ചാരത്തിനിടയിൽ നിന്നു് രാ ജ്ഞിയുടെ വിരലിൽ കിടന്ന വിവാഹമോതിരം കിട്ടുകയു ണ്ടായി.

# 6. കൊളംബസ്സ്.

മൂന്നാമതു് അമേരിക്ക കണ്ടുപിടിച്ചയാൾ.

അമേരിക്കക്കാർ ഒക്ടോബർ 12-ാം തീയതി കൊളംബസ്സ് അമേരിക്ക കണ്ടുപിടിച്ച ദിവസമായി കൊണ്ടാടുന്നു. എന്നാൽ കൊളംബസ്സ് അമേരിക്ക കണ്ടുപിടിച്ചതു ഒക്ടോബർ 12-ാം തീയതിയല്ല; ഒക്ടോബർ 23-ാം തീയതിയാണ്. എന്നാൽ പിന്നെ ലോകചരിത്രത്തിലെ മഹാദിനങ്ങളിൽ ഒന്നിന്റെ ആചരണത്തിൽ ഈ പ്രമാദം എങ്ങിനെ പിണഞ്ഞു? അതിന്ന് കാരണം പോപ്പ് ഗ്രിഗറി കണ്ടുപിടിച്ച കലണ്ടർ നാം ഉപയോഗിക്കുന്നതുകൊണ്ടാണ്. കൊളംബസ്സ് ആ പഞ്ചാംഗത്തെക്കുറിച്ച് കേട്ടിട്ടുപോലുമില്ല. അദ്ദേഹത്തിന്റെ മരണശേഷം നൂറുവർഷത്തിലധികം കഴിഞ്ഞതിന്ന് ശേഷമാണ് ഗ്രിഗോറിയൻ പഞ്ചാംഗം



നടപ്പിൽ വന്നതു്. ആ പഞ്ചാംഗം നടപ്പിൽവന്നതു കാരണം നാം തീയതികൾ കൃത്യം പതിനൊന്നു് ദിവസം കൂട്ടിവെച്ചു. അങ്ങനെ യഥാൎത്ഥത്തിൽ ഇപ്പോൾ നിലവിലിരിക്കുന്ന കലണ്ടർ അനുസരിച്ചു് ഒക്ടോബർ 23-ാം തീയതിയാണു് കൊളംബസ്സ് അമേരിക്ക കണ്ടുപിടിച്ചതു്.

യൌവ്വനത്തോടൊപ്പം ആയിരമായിരം പ്രതീക്ഷകളും കൊളംബസ്സിനെ അലട്ടിത്തുടങ്ങി. അതുകൊണ്ടു് ഒരു ദിവസം അയാൾ ആരോടും പറയാതെ കടൽക്കള്ളന്മാരുടെ ഒരു കപ്പലിൽ കയറി ലോകസഞ്ചാരത്തിനു് പുറപ്പെട്ടു. അക്കാലത്തു് ഇതിൽ വിചിത്രമായി ഒന്നുമുണ്ടായിരുന്നില്ല. കുലീന കുടുംബത്തിലെ അംഗങ്ങൾപോലും പരിശീലനം സിദ്ധിക്കുന്നതിനും, ആത്മധൈര്യം ലഭിക്കുന്നതിനും, ലോകം ചുററിക്കാണുന്നതിനും വേണ്ടി കൊള്ളക്കപ്പലുകളിൽ സഞ്ചരിക്കുക പതിവാണു്. പിടിക്കപ്പെട്ടില്ലെങ്കിൽ അതിൽ യാതൊരു അപമാനവുമുണ്ടായിരുന്നില്ല. എന്നാൽ പിടിച്ചാൽ? അതു് കുറച്ചധികം കുഴപ്പവും തീൎത്താൽ തീരാത്ത മോശവുമാണു്. പക്ഷെ പിടിച്ചാലല്ലേ!

ബാല്യകാലത്തിൽ സ്കൂളിൽവെച്ചു് കൊളംബസ്സ് പിത്തഗോറസ്സ് എഴുതിയ ഒരു പുസ്തകം പഠിച്ചിട്ടുണ്ടു്. അതിൽ ഭൂമി ഉരുണ്ടതാണു് എന്നു് പറഞ്ഞിരുന്നു. അതുകൊണ്ടു് ഇൻഡ്യയിലേക്കു് പോകുവാൻ ഒരു എളുപ്പവഴി കണ്ടുപിടിക്കാം എന്നു് കൊളംബസ്സിനു് ഒരു യുക്തി തോന്നി. ആ പരിശ്രമത്തിൽ വിജയിച്ചാൽ അതിരില്ലാത്ത ധനത്തിനു് അധിപതിയാകാം.

പക്ഷെ പണ്ഡിത ഭണ്ഡാഗാരങ്ങളായ അദ്ധ്യാപകന്മാരും തികഞ്ഞ തത്വജ്ഞാനികളും കൊളംബസ്സിനെ പരിഹസിച്ചു. ഈ മൂഢൻ പറയുന്നതു്, കിഴക്കുദിക്കിലുള്ള ഒരു രാജ്യത്തു് എത്തുവാൻ നേരെ പടിഞ്ഞാറോട്ടു്, കപ്പലോടിച്ചാൽ മതിയെന്നോ? ഇയാൾക്കു ഭ്രാന്തായിരിക്കണം. ഭൂമി ഉരുണ്ടതല്ല, പരന്നതാണു് എന്നു് അവർ പറഞ്ഞു. കൊളംബസ്സിന്റെ ആലോചന ആത്മഹത്യയിലെ അവസാനിക്കു എന്നു് അവർ തീർത്തുപറഞ്ഞു. അങ്ങിനെ പോയാൽ കപ്പലുകൾ ഭൂമിയുടെ അററത്തു് എത്തുമെന്നും പെട്ടെന്നു് അനന്തതയിലേക്കു് മറിഞ്ഞു വീഴമെന്നും ആയിരുന്നു എല്ലാവരുടേയും അഭിപ്രായം.

പതിനേഴുകൊല്ലം ഈ പരിശ്രമത്തിനു് വേണ്ട പണം ലഭിക്കാൻവേണ്ടി കൊളംബസ്സ് വിശ്രമമില്ലാതെ പാടുപെട്ടു. പതിനേഴ വർഷം ഇതിനുവേണ്ടി അദ്ദേഹം പരിശ്രമിച്ചു. പതിനേഴ വർഷവും പരാജയമടഞ്ഞു. ഒടുവിൽ വ്യർത്ഥമായ ഈ ശ്രമം ഉപേക്ഷിച്ചു് അയാൾ ജീവിതശേഷം ഒരു സന്യാസാശ്രമത്തിൽ കഴിച്ചുകൂട്ടാമെന്നു് നിശ്ചയിച്ചു.

അവസാനം റോമിലെ പോപ്പു്, സ്പെയിനിലെ ഇസബെല്ലാ രാജ്ഞിയോടു് കൊളംബസ്സിനെ സഹായിക്കാൻ നിർബന്ധിച്ചു. ഒടുവിൽ രാജ്ഞി 160 ക. കൊളംബസ്സിനു് നൽകാമെന്നു് സമ്മതിച്ചു. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ മാറി, രാജ്ഞിയെ കാണാനുള്ള ഒരു നല്ല ഉടുപ്പു് തയ്പിയ്ക്കുവാൻ കൊളംബസ്സിൻെറ കയ്യിലുണ്ടായിരുന്ന ഒടുവിലത്തെ ചില്ലിക്കാശും ചെലവായി. ഒടുവിൽ രാജ

ധാനിയിലേയ്ക്കുള്ള യാത്രയിൽ ഭക്ഷണത്തിനുവേണ്ടി അയാഠം യാചിക്കേണ്ടതായി വന്നു.

കൊളംബസ്സിന് ആവശ്യമായ കപ്പലുകഠം നല്കാമെന്ന് രാജ്ഞി സമ്മതിച്ചു. പക്ഷെ കപ്പലിൽ സഞ്ചരിയ്ക്കുവാൻ ആളുകളെ ലഭിക്കുവാനായിരുന്നു പ്രയാസം. പോകുവാൻ ആക്ക്മാക്കും ധൈര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് ഒരിക്കൽ കടൽത്തീരത്തുചെന്ന് കുറെ നാവികരെ കടന്നുപിടിച്ച് ചിലരുടെ സഹായത്തോടെ കൊളംബസ്സ് ബലമായി കപ്പലിൽ കയററി. കപ്പലിൽ യാത്ര ചെയ്യാൻവേണ്ടി അദ്ദേഹം ചിലരോട് യാചിയ്ക്കുകയും, ചിലക്ക് കൈക്കൂലി കൊടുക്കുകയും, മററു ചിലരെ ഭീതിപ്പെടുത്തുകയും ചെയ്തു. ജയിലിൽ കിടന്ന കൊലപ്പുള്ളികളെപ്പോലും വിട്ടുതൽ ചെയ്യിച്ച് ആ മരണയാത്രയ്ക്ക് അയാഠം കൂടെച്ചേത്തു.

അങ്ങനെ, ഒരുക്കങ്ങളെല്ലാം പൂത്തിയായപ്പോഠം, 1492 ആഗസ്റ്റ് 3-ാം തീയതി, വെള്ളിയാഴ്ച, സൂര്യൻ ഉദിയ്ക്കുന്നതിന് അല്പംമുമ്പ് മൂന്നു കപ്പലുകളും, 88 ആളുകളുമായി കൊളംബസ്സ് യാത്ര പുറപ്പെട്ടു. ലോകചരിത്രത്തിലെ മഹാസംഭവങ്ങളിൽ ഒന്നിൻെറ മുന്നോടിയായിരുന്നു ആ യാത്ര. പുതിയ ഒരു ഭൂഖണ്ഡം മനുഷ്യദൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ടു.

പക്ഷെ അമേരിക്കയിൽ കൊളംബസ്സ് സ്ഥാപിച്ച കോളനികളെല്ലാം വിനാശോന്മുഖമായിത്തീരുകയാണ് ചെയ്തതു്. ആദ്യത്തെ കോളനിയിലെ ജനങ്ങളെ മുഴുവൻ കാട്ടുജാതിക്കാർ കൊന്നൊടുക്കി. രണ്ടാമത്തെ കോളനി

യിലെ ഗവർണ്ണർ അസൂയാലുവായി കൊളംബസ്സിന്റെ മേൽ ഹീനമായ അനേകം കുററങ്ങൾ ചുമത്തി, അറസ്റ്റ് ചെയ്തു, ഇരുമ്പുചങ്ങലയിട്ട് സ്പെയിനിലേയ്ക്ക് തിരിച്ചയച്ചു. സ്പെയിനിൽ വന്നപ്പോൾ കൊളംബസ്സിനെ സ്വതന്ത്രനാക്കിയെങ്കിലും, ഹൃദയഭേദകമായ ആ അപമാനഭാരവും, നിരാശയും അതിജീവിക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

അറുപതാം വയസ്സിൽ കൊളംബസ്സ് മരിച്ചു. കാററുപോലും കടക്കാത്ത ഒരു വൃത്തികെട്ട മുറിയിലായിരുന്നു അന്ത്യകാലത്ത് അയാളുടെ താമസം. ആ മുറിയുടെ ചുമരിൽ അയാളുടെ കൈകാലുകളെ ബന്ധിച്ചിരുന്ന ഇരുമ്പുചങ്ങല തൂക്കിയിട്ടിരുന്നു. ലോകത്തിന്റെ നികൃഷ്ടമായ നന്ദികേടിന്റെ സ്മാരകവും ക്രൂരതയുടെ പ്രതീകവുമായി മരണംവരെ ആ കാരിരുമ്പ് ശൃംഖല കൊളംബസ്സ് സൂക്ഷിച്ചു.

ലോകചരിത്രത്തിൽ ധീരതയ്ക്ക് മകുടോദാഹരണമായ ഒരു ഭഗീരഥകൃത്യമാണ് കൊളംബസ്സ് ചെയ്തത്. പക്ഷെ അതുകൊണ്ട് അയാൾക്ക് എന്തു ഫലമുണ്ടായി? ഒരു ധനികനായി ജീവിക്കാമെന്ന് അയാൾ ആഗ്രഹിച്ചു; പക്ഷെ ദയനീയമായവിധം ദരിദ്രനായിട്ടാണ് അയാൾ മരിച്ചത്. "മഹാസമുദ്രങ്ങളുടെ അഡ്മിറൽ" എന്നും "ഇന്ത്യയുടെ വൈസ്രോയ്" എന്നും സ്ഥാനപ്പേരുകൾ അദ്ദേഹത്തിന് നല്കാമെന്ന് രാജ്ഞി വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ആരും ഒരു സ്ഥാനപ്പേര് അദ്ദേഹത്തിന് കൊടുത്തില്ല. അദ്ദേഹം കണ്ടുപിടിച്ച ഭൂഖണ്ഡത്തിന് അദ്ദേഹത്തിന്റെ പേരുപോലും ഇട്ടില്ല. അമേരിക്കയുടെ

ഭൂപടം വരച്ച അമേരിഗോ വെഡ്ഡ്പുക്കിയുടെ പേരിലാണ് ഭൂഖണ്ഡം നാമകരണം ചെയ്യപ്പെട്ടതു്. ചുരുക്കത്തിൽ അമേരിക്ക കണ്ടുപിടിച്ചതിന് കൊളംബസ്സിന് ആകപ്പാടെ ലഭിച്ചതു്, താങ്ങാനാവാത്ത അപമാനഭാരവും, അദ്ദേഹത്തിൻെറ ജീവൻ കാന്നെടുത്ത ഹൃദയസ്തംഭനവുമാണ്.

യഥാൎത്ഥത്തിൽ പുതിയ ഒരു ഭൂഖണ്ഡം കണ്ടുപിടിച്ചുവെന്നു് സംതൃപ്തിയടയുവാൻപോലും അദ്ദേഹത്തിന് സാധിച്ചില്ല. ഇന്ത്യയിലേയ്ക്കു് പുതിയൊരു വഴി കണ്ടുപിടിച്ചുവെന്നു് മാത്രമെ അദ്ദേഹം ധരിച്ചുള്ളു. അതുകൊണ്ടാണ് അവിടെ കണ്ട കാട്ടാളവൎഗ്ഗക്കാരെ ചുമന്ന ഇന്ത്യക്കാർ എന്നു് അദ്ദേഹം പേരിട്ടതു്.

എങ്കിലും ഒരു കാൎയ്യത്തിൽ കൊളംബസ്സിന് ലാഭമാണ്. അമേരിക്ക കണ്ടുപിടിച്ച ഒന്നാമത്തെ ആൾ എന്ന ബഹുമതി ഇന്നു് ലോകമൊട്ടുക്കുള്ള പാഠപുസ്തകങ്ങൾപോലും കൊളംബസ്സിന് സമ്മാനിച്ചിരിക്കുന്നു. കൊളംബസ്സ് ജനിക്കുന്നതിന് ആയിരം സംവത്സരങ്ങൾക്കു് മുമ്പു് ഹോഷിൻ എന്ന ചൈനാക്കാരൻ അമേരിക്കയിൽ എത്തി. പിന്നെ ഏതാണ്ടു് അഞ്ഞൂറുവർഷങ്ങൾക്കുശേഷം ലീഫ് എറിക്ക്സൺ എന്നൊരാളും അമേരിക്കയിൽ എത്തി. അങ്ങിനെ അമേരിക്ക കണ്ടുപിടിച്ച മൂന്നാമത്തെ ആൾ മാത്രമാണ് കൊളംബസ്സ്.

## 7. നെപ്പോളിയൻെറ ഭാൎയ്യ.

ചക്രവൎത്തിനിയായിത്തീൎന്ന ഒരു മീൻപിടുത്തക്കാരിയുടെ കഥ

വെസ്റ്റ്ഇൻഡീസിൽ മീൻപിടുത്തക്കാർ താമസിക്കുന്ന ഒരു കൊച്ചുകുടിലിലാണ് ജോസഫൈൻ ജനിച്ചതു്. എങ്കിലും ലോകപ്രസിദ്ധനായ നെപ്പോളിയൻെറ ഭാൎയ്യയാകാനുള്ള ഭാഗ്യം ഭാവിയിൽ അവളെ കാത്തിരുന്നു.

ആ യുവതിയുടെ യഥാൎത്ഥ നാമധേയം മേരിജോസഫ് റോസ്ടാഷർ ലാ പാജെറി എന്നായിരുന്നു. എന്നാലും 'ജോസഫൈൻ' എന്ന പേരിലാണ് അധികവും അവൾ അറിയപ്പെട്ടുന്നതു്.

ജോസഫൈനയ്ക്കു് നെപ്പോളിയനേക്കാൾ ആറുവയസ്സ് പ്രായം കൂടുതലുണ്ടായിരുന്നു. അവർ ആദ്യമായി കണ്ടുമുട്ടുമ്പോൾ അവൾക്ക് 33 വയസ്സും അദ്ദേഹത്തിന് 27 വയസ്സും ആയിരുന്നു. അവൾക്ക് സൌന്ദൎയ്യമുണ്ടായിരുന്നില്ല. പുഴുപിടിച്ച പല്ലുകളും, രണ്ടു കുട്ടികളുമാണ് അവൾക്ക് ഉണ്ടായിരുന്നതു്. അതുകൊണ്ടു് നെപ്പോളിയനെ വിവാഹം കഴിക്കുന്ന കാൎയ്യം അവൾക്ക് അത്ര എളുപ്പമൊന്നും ആയിരുന്നില്ല. എങ്കിലും ഒരു ഗുണം അവൾക്ക് ഉണ്ടായിരുന്നു. ഭൎത്താവു മരിച്ച ഒരു വിധവയായതുകൊണ്ടു് പുരുഷന്മാരോട്ട് പെരുമാറേണ്ടതു് എങ്ങിനെയെന്ന് ആ സ്ത്രീക്ക് നന്നായിട്ട് അറിയാം.

ഫ്രഞ്ച് വിപ്ലവകാരികൾ അവളുടെ ഭർത്താവിൻെറ കഴുത്തറുത്തുകളഞ്ഞപ്പോൾ ജോസഫൈനയ്ക്ക് ജീവിക്കാൻ മറെറാരു മാർഗ്ഗവുമില്ലാതായി. അതുകൊണ്ട് അവൾ ദുഃഖിച്ച് സമയംകളയാതെ ബുദ്ധിപൂർവ്വം മറെറാരു ഭർത്താവിനെ തിരഞ്ഞു പിടിക്കാൻ ശ്രമിച്ചു.

ജോസഫൈനയുടെ സ്നേഹിതകളിൽ ഒരാൾ നെപ്പോളിയനെക്കുറിച്ച് അവളോട്ട് പറഞ്ഞു. അന്ന് അദ്ദേഹത്തിന് പ്രസിദ്ധിയോ പണമോ ഉണ്ടായിരുന്നില്ല. ഒരു യുദ്ധത്തിന് പോയി തിരിച്ചു വന്നിരിയ്ക്കുകയായിരുന്നു അദ്ദേഹം. അതുകൊണ്ട് അദ്ദേഹത്തിന് കിട്ടിയ ഏക ലാഭം തലയിൽ ഒരുതരം ചിരങ്ങാണ്. അതിൽ നിന്ന് രക്ഷ നേടാൻ അദ്ദേഹം തല മുട്ടയടിച്ചു. ഇതൊക്കെയാണെങ്കിലും നെപ്പോളിയൻ ബഹുസമർത്ഥനാണ് എന്ന് കൂട്ടുകാരികൾ പറഞ്ഞു. അതുകൊണ്ട് ജോസഫൈനയ്ക്ക് അദ്ദേഹത്തെ കാണ്മാൻ അതിയായ ആഗ്രഹം തോന്നി. പക്ഷെ എങ്ങിനെ? ബുദ്ധിമതിയായ അവൾ അതിന് ഒരു വഴി കണ്ടുപിടിച്ചു. പന്ത്രണ്ടുവയസ്സായ തൻെറ മകനെ, വിപ്ലവകാരികൾ വധിച്ച ഭർത്താവിൻെറ വാളും കൊടുത്ത് നെപ്പോളിയൻെറ അടുക്കൽ പറഞ്ഞയച്ചു. ആ വാൾ അദ്ദേഹം സ്വീകരിക്കണമെന്നായിരുന്നു ജോസഫൈനയുടെ അപേക്ഷ. നെപ്പോളിയൻ അതു സ്വീകരിച്ചു.

പിറേറ ദിവസം തന്നെ വിചിത്ര വസ്ത്രാഭരണവിഭൂഷിതയായി ജോസഫൈന നെപ്പോളിയൻെറ അടുക്കലെത്തി. അദ്ദേഹത്തോട്ട് കൃതജ്ഞത പറയാൻ. ആ യുവതി

യുടെ കണ്ണുനീർത്തുള്ളികളാൽ നെപ്പോളിയൻ പെട്ടെന്ന് ആകൃഷ്ടനായി. സാമുദായികമായി തന്നേക്കാഠം ഉയന്ന നിലയിലാണ് അവളെന്ന് നെപ്പോളിയന്ന് അറിയാമായിരുന്നു. അതുകൊണ്ടു് അവഠം തന്നെ കാപ്പി കുടിക്കാൻ വീട്ടിലേക്ക് ക്ഷണിച്ചപ്പോഠം അദ്ദേഹത്തിന്ന് സന്തോഷം തോന്നി. വീട്ടിൽ എത്തിയപ്പോഠം, അദ്ദേഹം ഭാവിയിലെ വലിയൊരു സേനാനായകനായിത്തീരും എന്ന് ജോസഫൈന പറഞ്ഞു. ........ മൂന്നു മാസത്തിനകം അവരുടെ വിവാഹനിശ്ചയം ഉറപ്പിക്കപ്പെട്ടു.

എപ്പോഴും, ഏതു കാര്യത്തിലും കൃത്യസമയത്തിന്ന് എത്തണം എന്ന കാര്യത്തിൽ നെപ്പോളിയന്ന് വലിയ നിർബന്ധമുണ്ടായിരുന്നു. "സമയമാണ് എല്ലാം; ഞാൻ യുദ്ധങ്ങളിൽ പരാജിതനായേക്കാം; എന്നാൽ ഒരു മിനിട്ടു് നഷ്ടപ്പെടുത്തി എന്ന് ആരും എന്നെ കുററം പറയില്ല" എന്ന് നെപ്പോളിയൻ പറയാറുണ്ട്. എങ്കിലും തന്റെ വിവാഹത്തിന്ന് രണ്ടു മണിക്കൂർ വൈകിയാണ് നെപ്പോളിയൻ ആഗതനായതു്. പുരോഹിതൻ കാത്തിരുന്നു മടുത്തു് ഒടുവിൽ കോട്ടുവാ വിട്ടുകൊണ്ടു് ഉറങ്ങിത്തുടങ്ങിയിരുന്നു, നെപ്പോളിയൻ സ്ഥലത്തു എത്തുമ്പോഠം.

തൻെറ വിവാഹത്തിനുശേഷം 48 മണിക്കൂർ കഴിയുന്നതിന്നു് മുൻപാണു് ഒരു സൈന്യത്തിൻെറ അധിപനായി അദ്ദേഹം ഇററലിയിലേക്കു് പോയതു്. വിശന്നു വലഞ്ഞു് ശോഷിച്ച ഒരു സൈന്യമായിരുന്നു അദ്ദേഹത്തിൻേറതു്. എങ്കിലും ആ യുദ്ധവിവരം അറിഞ്ഞപ്പോഠം യൂറോപ്പു് മുഴുവൻ വിദ്യുല്ലതയേററതുപോലെ

അത്ഭുതസ്തിമിതമായി. ആയിരം സംവത്സരത്തിനിടയ്ക്കു് അത്രയും സജീവമായ ഒരു സമരം നടന്നിട്ടില്ല.

അതിലൊക്കെ ഏററവും അത്ഭുതകരം, യുദ്ധരംഗത്തു നിന്നുപോലും ജോസഫൈനയ്ക്കു് ദിവസം ഒരു കത്തുവീതം അയയ്ക്കാൻ അദ്ദേഹത്തിനു് സമയം ലഭിച്ചിരുന്നു എന്നതാണു്. ആ കത്തുകളോ? പ്രേമത്തിൻെറ ഉണർവും, ഊഷ്മാവുമുള്ള ആവി പറക്കുന്ന എഴുത്തുകൾ! 1933-ൽ നെപ്പോളിയൻെറ എട്ടു കത്തുകൾ 80,000ക. യ്ക്കു് ലണ്ടനിൽവച്ചു് ലേലം വിളിച്ചു് വില്ക്കുകയുണ്ടായി. ചിലർ വായിച്ചു നോക്കിയശേഷം അതിനു് 160,000 ക. വിലയുണ്ടു് എന്നു് അഭിപ്രായപ്പെട്ടുവത്രേ!

ഉദാഹരണത്തിനു് ഒരു കത്തു് ഇതാ:—

"എൻെറ പ്രിയപ്പെട്ട ജോസഫൈനയ്ക്കു്,

എനിക്കു് നിന്നോടുള്ള സ്നേഹംകൊണ്ടു് എൻെറ ബുദ്ധിപോലും മന്ദിച്ചിരിക്കുന്നതുപോലെ തോന്നുന്നു. എനിക്കു് ആഹാരം കഴിക്കാൻ സാധിക്കുന്നില്ല. എനിക്കു് ഉറങ്ങാനും സാധിക്കുന്നില്ല. സ്നേഹിതന്മാരോടു് സംസാരിക്കാൻ പോലും രസം തോന്നുന്നില്ല. ജയിക്കണം എന്നു് ഞാൻ ആഗ്രഹിക്കുന്നതു് അതു് നിനക്കു് സന്തോഷം നൾകും എന്നുള്ളതുകൊണ്ടാണു്. അല്ലായിരുന്നെങ്കിൽ ഈ സൈന്യത്തെയും, സ്ഥലത്തെയും വിട്ടു് പാരീസിൽ ഓടിയെത്തി ഞാൻ നിൻെറ കാൽക്കൽ വീഴുമായിരുന്നു. ഓരോ നാഴികയിലും അനവധി പ്രാവശ്യം ഞാൻ നിൻെറ ഫോട്ടോ എടുത്തുനോക്കും; നോക്കുമ്പോഴെല്ലാം അതിൽ ചുംബനങ്ങൾ കൊണ്ടു് പൊതിയും.........,"

ഇതിനേക്കാൾ ഉജ്ജ്വലപ്രേമം നിറഞ്ഞ കത്തുകൾ ഇനിയുമുണ്ട്. സാധാരണ സ്ത്രീകളാണെങ്കിൽ അത്തരം ഒരു കത്തിനുവേണ്ടി തന്റെ വലത്തുകൈ മുറിച്ച് കൊടുക്കാൻപോലും മടിക്കുകയില്ല. പക്ഷെ ജോസഫൈന അത്തരക്കാരിയായിരുന്നില്ല. നെപ്പോളിയന്റെ അഭാവത്തിൽ മറെറാരു പുരുഷനു് പ്രേമം പകന്ന് കൊടുക്കുകയായിരുന്നു അവളുടെ ജോലി. നെപ്പോളിയന്റെ ഒരു കത്തിനെങ്കിലും മറുപടി അയയ്ക്കാൻപോലും അവൾ കൂട്ടാക്കിയില്ല.

ഒടുവിൽ, അക്ഷമനായ നെപ്പോളിയൻ ഈജിപ്തിൽ യുദ്ധം ചെയ്യുന്നതിനിടയ്ക്ക് ഒരു സുന്ദരിയുമൊരുമിച്ച് കാപ്പി കുടിക്കുകയുണ്ടായി. പാരീസിലായിരുന്ന ജോസഫൈന എങ്ങിനെയോ അതറിഞ്ഞു.

നെപ്പോളിയൻ ഫ്രാൻസിൽ തിരിച്ചെത്തിയപ്പോൾ ജോസഫൈന ശകാരവാക്കുകൾകൊണ്ട് അയാളെ ശ്വാസം മുട്ടിച്ചു. ഒടുവിൽ സഹിക്കവയ്യാതെ നെപ്പോളിയൻ അവളെ ഒരു മുറിയിൽ അടച്ച് പൂട്ടിയിടേണ്ടതായി വന്നു. കൂടാതെ കുടുംബവഴക്കുകളും പൊട്ടിപ്പുറപ്പെടാൻ തുടങ്ങി. ജോസഫൈന സമുദായത്തിൽ ഉയന്നവളായിരുന്നതുകൊണ്ട് നെപ്പോളിയന്റെ സഹോദരിമാരെ പുച്ഛത്തോടെ വീക്ഷിച്ചു. അവരും വിട്ടുകൊടുത്തില്ല. ജോസഫൈനയെ 'കിഴവി'യെന്നും; "തടിച്ചി"യെന്നും വിളിച്ച് അവർ കളിയാക്കി. ഈ കിഴവിയെ ഉപേക്ഷിച്ച് യുവതിയും സുന്ദരിയുമായ ഒരു സ്ത്രീയെ വിവാഹം ചെയ്യണം എന്നുപോലും അവർ നെപ്പോളിയനെ ഉപദേശിച്ചു. എന്നാൽ

എന്തുപറഞ്ഞാലും നെപ്പോളിയനു് ജോസഫൈനയോടു ള്ള പ്രേമം നശിപ്പിക്കുവാൻ അവൾക്ക് കഴിഞ്ഞില്ല. യാതൊന്നിനും അതിനുള്ള ശക്തിയുണ്ടായിരുന്നില്ല.

എങ്കിലും ഒടുവിൽ ജോസഫൈനയുമായി വിവാഹമോചനം നടത്താൻ അദ്ദേഹം തീർച്ചയാക്കി. ഒരൊററ കാര്യമല്ലായിരുന്നുവെങ്കിൽ അദ്ദേഹം അങ്ങിനെ ചെയ്യുമായിരുന്നില്ല. തനിക്കു് പിൻഗാമിയായി ഒരു മകനുണ്ടായി കാണാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. എങ്കിലും വിവാഹമോചനപത്രിക ഒപ്പുവെക്കുമ്പോഠം അദ്ദേഹം പൊട്ടിക്കരഞ്ഞുപോയി. അതിനുശേഷം മൂന്നുദിവസത്തേക്കു് തനിച്ചു് മുറിയിൽ അടച്ചിരുന്നു് വിചാരമഗ്നനായി അദ്ദേഹം കഴിച്ചുകൂട്ടി. വിവാഹമോചനത്തിനുശേഷം അധികം താമസിയാതെ ആസ്ത്രിയായിലെ മേരി ലൂയിസയെ അദ്ദേഹം വിവാഹം ചെയ്തു.

ഈ വിവാഹം അതിരസകരമായിരുന്നു. എന്തുകൊണ്ടെന്നോ? എല്ലാ ആസ്ത്രിയാക്കാരെയും പോലെ മേരി ലൂയിസയും നെപ്പോളിയനെ വെറുത്തിരുന്നു. അദ്ദേഹത്തെ വിവാഹം ചെയ്യാൻ ഇടവരുത്തരുതേ എന്നു് അവഠം ആത്മാൎത്ഥമായി ഈശ്വരനോടു് പ്രാൎത്ഥിച്ചു. പക്ഷെ രാഷ്ട്രീയ കാരണങ്ങളാൽ ആ വിവാഹം നടത്തേണ്ടതു് അത്യാവശ്യമായിരുന്നതിനാൽ അവളുടെ അച്ഛൻ നിർബന്ധിച്ചു. അങ്ങിനെ നെപ്പോളിയനെ കാണാതെ തന്നെ ആസ്ത്രിയായിൽവച്ചു് ഒരു വിചിത്രരീതിയിൽ അവളുടെ വിവാഹം നടത്തി നെപ്പോളിയൻെറ അടുക്കലേക്ക് അവളെ അയയ്ക്കുകയാണു് ചെയ്തതു്. എന്നാൽ

അവർക്ക് അദ്ദേഹത്തെ സ്നേഹിക്കാൻ കഴിഞ്ഞില്ല. നെപ്പോളിയൻ യുദ്ധത്തിൽ തോല്ക്കാൻ തുടങ്ങിയപ്പോൾ അവർ നെപ്പോളിയനെ ഉപേക്ഷിച്ച് ഓടിപ്പൊയ്ക്കളഞ്ഞു. സ്വന്തം മകനെപ്പോലും അച്ഛനെ വെറുക്കുവാൻ അവർ പഠിപ്പിച്ചു.

അങ്ങിനെ നെപ്പോളിയൻെറ ആദ്യത്തെയും അവസാനത്തെയും സ്നേഹപാത്രം ജോസഫൈനയായിരുന്നു. ജോസഫൈനയെ സംസ്കരിച്ച സ്ഥലത്തുനിന്ന് കരഞ്ഞുകൊണ്ട് അദ്ദേഹം ഹൃദയംപൊട്ടുമാറ് പറഞ്ഞു; "നിശ്ചയമായും ജോസഫൈന എന്നെ ഉപേക്ഷിച്ച് പോകയില്ലായിരുന്നു!"

ഹെലിന ദ്വീപിൽവച്ച് മരിക്കുന്നതിന് മുമ്പ് നെപ്പോളിയൻ ഉച്ചരിച്ച ഏകവാക്ക് "ജോസഫൈന" എന്നാണ്.

## 8. അലക്സാണ്ടർ ഡ്യൂമാസ്.

"ഞാൻ അഞ്ഞൂറ് കുഞ്ഞുങ്ങളുടെ അച്ഛനാണ്" എന്ന് അദ്ദേഹം അഹങ്കരിയ്ക്കുമായിരുന്നു. എന്നാൽ ഒരു കാലത്ത്, "ഞാൻ ജീവിതത്തിൽ ഒരിയ്ക്കലും വിവാഹം കഴിക്കയില്ല!" എന്നും അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു.

ഇംഗ്ലീഷ് ഭാഷയിൽ ഇക്കഴിഞ്ഞ ഒരു നൂററാണ്ടിനിടയ്ക്ക് ഏററവും അധികം പ്രതികൾ വിററഴിഞ്ഞിട്ടുള്ള പുസ്തകം ഏതാണെന്ന് നിങ്ങൾ ഒരാളോട് ചോദിച്ചു നോക്കൂ. കുറച്ചെങ്കിലും ഇംഗ്ലീഷ് സാഹിത്യവുമായി പരിചയമുള്ള അയാൾ ഉടൻ മറുപടി പറയും. "മൂന്ന് വീരയോദ്ധാക്കൾ" എന്ന്. 23 ഭാഷകളിലായി ലക്ഷക്കണക്കിന് ആളുകൾ ഈ നിമിഷം തന്നെ ആ പുസ്തകം വായിക്കുന്നുണ്ട്. ഈ നോവലിൻെറ രചയിതാവായ ഡ്യൂമാസ് സാഹിത്യലോകത്തിലെ ഒരു വിചിത്ര സൃഷ്ടിയാണ്. അന്നൊക്കെ പാരീസിൽ നീഗ്രോവേലക്കാരെ ഉപയോഗിക്കുന്നത് ഒരു ഫാഷനായിരുന്നു. തനിക്ക് വേലക്കാർ കൂടുതൽ ഉണ്ടെന്ന് അപരിചിതരെ ധരിപ്പിക്കാൻ വേണ്ടി, അദ്ദേഹം സവാരിചെയ്യുന്ന വണ്ടിയുടെ തിരശ്ശീല്യെല്ലാം വലിച്ചിട്ട്, തന്നത്താൻ വണ്ടിയുടെ മുകളിൽ കയറി ഇരിക്കുമായിരുന്നു. ഒരു പകുതിനീഗ്രോയായ അദ്ദേഹത്തോട് ആരെങ്കിലും ചോദിച്ചാൽ;

"താൻ ഡ്യൂമാസിൻെറ വേലക്കാരനാണ്" എന്നാദ്ദേഹം പറയും."

അക്കാലത്തു് കടം വീട്ടാൻ കഴിഞ്ഞില്ലെങ്കിൽ ജയിലിൽ പോകണമായിരുന്നു. ഒരിക്കൽ ഡ്യൂമാസിന് ഒരു ബന്ധം പിണഞ്ഞു. ഒന്നുകിൽ ജയിലിൽ പോവുക, അല്ലെങ്കിൽ വിവാഹം ചെയ്യുക. യാതൊരു സംശയവും കൂടാതെ അദ്ദേഹം വിവാഹം ചെയ്തു.

ഒരു സാഹിത്യകാരൻ എന്ന നിലയിലുള്ളത്ര പ്രസിദ്ധിതന്നെയുണ്ടായിരുന്നു അദ്ദേഹത്തിന്. "ഒരു ഭക്ഷണക്കൊതിയ"നെന്ന നിലയിലും. കയ്യിൽ കിട്ടിയതും, കണ്ണിൽ കണ്ടതും എല്ലാം കണ്ടമാനം തിന്നുവാൻ അദ്ദേഹത്തിന് നല്ല വിരുതുണ്ടായിരുന്നു. വലിയ ആഹാരപ്രിയനായ ബിസ്മാർക്കിനേപ്പോലും ഇക്കാര്യത്തിൽ അദ്ദേഹം പരാജയപ്പെടുത്തിയിരുന്നു. എന്നാൽ ഒരിക്കലും അദ്ദേഹം ലഹരിപദാത്ഥങ്ങൾ ഉപയോഗിച്ചിട്ടില്ല; പുകവലിച്ചിട്ടില്ല; കാപ്പിപോലും കുടിച്ചിട്ടില്ല. എഴുതിക്കൊണ്ടിരിക്കുമ്പോൾ അതിൻെറ ലഹരിയിൽ മതിമയങ്ങി അദ്ദേഹം ഊണും ഉറക്കവും പോലും ചിലപ്പോൾ ഉപേക്ഷിക്കും. താൻ എഴുത്തു് ജോലിയിലിരിക്കുമ്പോൾ ആരെങ്കിലും മുറിയിലേക്ക് കടന്ന് വന്നാൽ അദ്ദേഹം ഇടത്തു് കൈകൊണ്ടു് അതിഥികളെ സ്വീകരിച്ച് ഇരിക്കാൻ ക്ഷണിക്കും; വലത്തു് കൈ അപ്പോഴും ധൃതിയായി എഴുതിക്കൊണ്ടിരിക്കും.

വിചിത്രമായ ചില പ്രത്യേകതകളുണ്ടായിരുന്നു അദ്ദേഹത്തിന്. 16 മുതൽ 18 വരെ മണിക്കൂറുകൾ ഒരു

ദിവസം എഴുതുന്നതിന് അദ്ദേഹത്തിന് യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. എന്നാൽ എഴുതുന്ന കടലാസും പേനയുമൊക്കെ ചില പ്രത്യേകതകൾ നോക്കിയാണ് അദ്ദേഹം തിരഞ്ഞെടുക്കുക. നോവൽ എഴുതുകയാണെങ്കിൽ നീലക്കടലാസ് വേണം. പേനകളും അതിന് പ്രത്യേകമുണ്ട്. കവിതയെഴുതുമ്പോൾ മഞ്ഞ നിറത്തിലുള്ള കടലാസും വേറെ തരത്തിലുള്ള പേനകളും. ഇനി പത്രികകൾക്കുള്ള ലേഖനങ്ങളാണെന്നിരിക്കട്ടെ, റോസ് നിറത്തിലുള്ള കടലാസേ അതിനദ്ദേഹം ഉപയോഗിക്കൂ. നീലമഷിയും. ഇനിയും പ്രത്യേകതകളുണ്ട് അദ്ദേഹത്തിന്. മേശക്കരികെ ഇരുന്നുകൊണ്ട് അദ്ദേഹത്തിന് നാടകം രചിക്കുവാൻ സാധിക്കുകയില്ല. അതിന് കസേരയിൽ ചാരിക്കിടക്കുകതന്നെ വേണം. അടിയിൽ ഒരു തലയണയും വെച്ചിരിക്കണം.

ഈ നേരമ്പോക്കുകൾക്ക് നേരെ നാം പുഞ്ചിരിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ നേട്ടങ്ങളിലേക്ക് നമുക്ക് ഒന്ന് കണ്ണോടിക്കാം. നാടകങ്ങൾതന്നെ നൂറിലധികം അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹം രചിച്ചിട്ടുള്ള കൃതികളെല്ലാംകൂടി ഒന്നിച്ച് പ്രസിദ്ധീകരിക്കാനായി ഈയിടെ ഒരു ശ്രമം നടത്തിയപ്പോഴാണ് മനസ്സിലായത്, അതിന് ആകെ ആയിരത്തി ഇരുനൂറ് തടിച്ച പുസ്തകങ്ങൾ വേണമെന്ന്. ഗാൽഡ്‌വത്തി, ബർനാർഡ്ഷാ, സ്റ്റീവൺസൺ, വെത്സ്, റെഡ്‌യാർഡ്കിപ്ളിങ്ങ്, സെയിൽഗ്രെ, മുതലായവരുടെ എല്ലാ കൃതികളും കൂടിയാൽ തന്നെ അലക്സാണ്ടർ ഡൂമാസിന്റെ പകുതിപോലും വരില്ല!

അമ്പതു് ലക്ഷത്തിലധികം ഡോളർ അദ്ദേഹം സമ്പാദിച്ചു. വേറെ ആരും അക്കാലത്തു് ഇത്രയധികം സമ്പാദിച്ചിട്ടില്ല. പക്ഷെ അദ്ദേഹം മരിക്കുന്ന സമയത്തു് "നെപ്പോളിയൻെറ തലയടയാളമുള്ള" രണ്ടു് ഫ്രാങ്കു് മാത്രമെ ബാക്കിയുണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ പ്രഥമനാടകം അരങ്ങേറിയ ദിവസം, തീയേററിൽ പോകാൻ ഷർട്ടിനു് ഒരു കോളറില്ലാതെ അദ്ദേഹം വളരെ ബുദ്ധിമുട്ടി. ഒടുവിൽ കടലാസുകൊണ്ടു് ഒരു കോളർ വെട്ടിയെടുത്തു് അതും ധരിച്ചുകൊണ്ടു് അദ്ദേഹത്തിനു് പോകേണ്ടിവന്നു.

നോവലെഴുതുമ്പോൾ കഥാപാത്രങ്ങളോടൊത്തു് ജീവിക്കുകയായിരുന്നു അദ്ദേഹം! കഥയിൽ മുഴുകി, മതിമയങ്ങിയാൽ അദ്ദേഹം ചിലപ്പോൾ കരയും, ഇടക്കിടക്കു് പൊട്ടിച്ചിരിക്കും, ആർത്തു് അട്ടഹസിക്കും. കഥാപാത്രങ്ങളോടു്, നന്നെയും നേരംപോക്കും പറഞ്ഞു് അദ്ദേഹം രസിക്കും, ജീവനുള്ള മനുഷ്യരോടെന്നപോലെ. ഒരേസമയം അഞ്ചും ആറും നോവലുകൾ എഴുതുമായിരുന്നു അദ്ദേഹം. അവയെല്ലാം ഒരുമിച്ചു് മാസികകളിൽ ഖണ്ഡശഃയായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടുമിരുന്നു. തൻെറ പുസ്തകങ്ങൾ ഒരാവൎത്തിവായിച്ചു് നോക്കാൻ പോലും അദ്ദേഹത്തിനു് സമയം കിട്ടാറില്ല. അതുകൊണ്ടായിരിക്കണം ചിലപ്പോൾ അദ്ദേഹത്തിൻെറ കഥകളും പേരുമായി ബന്ധമില്ലാത്തതു്. ഏററവും പ്രസിദ്ധമായ "മൂന്നു് വീരയോദ്ധാക്കളുടെ" പേരുതന്നെ അതിവിചിത്രമാണു്. നാലു് യോദ്ധാക്കളെപ്പററിയാണു് കഥ. പേരു് മൂന്നു് യോദ്ധാക്കളെന്നും. അദ്ദേഹത്തിൻേറതു് എന്നു് പറ

യാരുള്ള പുസ്തകങ്ങളിൽ പലതും അദ്ദേഹം എഴുതിയത ല്ലെന്ന് ചിലർ പറയാറുണ്ട്. പ്രസിദ്ധിക്കുവേണ്ടി, പുതുതായി നോവലെഴുതുന്നവരെല്ലാം, അദ്ദേഹത്തിന്റെ അനുമതിയോടുകൂടി, ആ പേരുവെച്ച് പരസ്യം ചെയ്യും. അദ്ദേഹത്തിനെന്താണ് നഷ്ടം! അതിന് കിട്ടുന്ന പ്രതിഫലം വാങ്ങി അദ്ദേഹം, സ്നേഹിതന്മാർക്കും, മററുമായി ഒരു വിരുന്ന് നടത്തും! അദ്ദേഹത്തിൻെറ ബട്ട്ലർപോലും അദ്ദേഹത്തിൻെറ പേരുവെച്ച് ഒരു പുസ്തകം എഴുതിയിട്ടുണ്ടത്രേ! ഏതായാലും അദ്ദേഹത്തിൻെറ പല കൃതികളും ആ പേരിൻെറ അഭിമാനത്തെ അർഹിക്കുന്നില്ല എന്നതു് പരമാർത്ഥമുണ്ട്. ഒരു അത്ഭുത സൃഷ്ടിയായിരുന്നു ഡ്യൂമാസ്. അദ്ദേഹത്തിൻെറ രക്തത്തിൽ പകുതി, വെള്ളക്കാരൻേറതും പകുതി നീഗ്രോയുടേതുമായിരുന്നു. അദ്ദേഹത്തിൻെറ മുത്തശ്ശി ഒരു നീഗ്രോവനിതയായിരുന്നു. എങ്കിലും ഡ്യൂമാ ഒരുവിധം വെള്ളക്കാരനായിരുന്നു. കണ്ണുകൾ നീല, നിമ്മലമായ നീലവാനംപോലെ; കനത്തു് തടിച്ച അധരങ്ങൾ; വിടർന്നുയർന്ന മൂക്ക്, ചുരുണ്ടതലമുടി, ഇവയെല്ലാം അദ്ദേഹത്തിൻെറ പ്രകൃതിവിശേഷങ്ങളായിരുന്നു.

അദ്ദേഹത്തിൻെറ പ്രേമജീവിതം ദയനീയമായി പരാജയമടഞ്ഞു. അദ്ദേഹത്തിൻെറ പുത്രൻ പോലും അദ്ദേഹത്തിനോട്ട് ഒടുവിൽ എതിർത്തുവത്രെ!

ഒരിക്കൽ ഡ്യൂമാസിൻെറ ഒരു സുഹൃത്ത് അദ്ദേഹത്തിൻെറ വീട്ടിൽ കയറിച്ചെന്നപ്പോൾ, അദ്ദേഹം കുറെയധികം തരുണീമണികളുമായി ചിരിച്ചു് കളിച്ചു് ഉല്ലസിക്കുന്നതാണു് കണ്ടതു്. ആ യുവതികളുടെ ദേഹത്തു്

കുളിക്കാൻ പോകുമ്പോഴുള്ള വസ്ത്രം പോലുമില്ലായിരുന്നു. സുന്ദരികളായ യുവതികൾക്കുവേണ്ടി അദ്ദേഹം സ്വന്ത വീട് യഥേഷ്ടം തുറന്നിട്ടുകൊടുത്തു. ധനമെല്ലാം അപ ഹരിച്ചശേഷം അവരെല്ലാം അദ്ദേഹത്തെ ഉപേക്ഷിച്ചു. ജീവിതാന്ത്യം, അദ്ദേഹത്തിന് വേദനാജനകവും, നിരാ ശാപൂർണ്ണവും, ദാരിദ്ര്യസമ്പൂർണ്ണവുമായിരുന്നു! വീട്ടു വാടക കൊടുക്കാൻപോലും പണമില്ലാതെ അദ്ദേഹത്തി ന് കോട്ടും, മററുവസ്ത്രാഭരണങ്ങളും ഒടുവിൽ വില്ക്കേണ്ടി വന്നു!

മരിക്കുന്നതിന് അല്പം മുമ്പുപോലും അദ്ദേഹം, തൻെറ "മൂന്ന് വീരയോദ്ധാക്കൾ" എന്ന പുസ്തകം വാ യിച്ച് രസിച്ചുകൊണ്ടിരുന്നു. "ഇതുവരെ ഇതു് വായി ക്കാനുള്ള രസം നശിച്ചിട്ടില്ലേ?" എന്ന് പുത്രൻ ചോദി ച്ചപ്പോൾ അദ്ദേഹം പറഞ്ഞു:- "ഞാൻ അതു് ഇനിയും, ഇനിയും, എപ്പോഴും, എല്ലായ്പ്പോഴും വായിച്ചു് രസിക്കും; കാരണം അത്ര നല്ല പുസ്തകമാണ്; അത്രയും നല്ല പുസ്ത കം ഞാനെഴുതിയിട്ടില്ല" അതു് പരമാത്ഥമായിരുന്നു; അ തിനുശേഷം എത്ര എത്ര നോവലുകൾ വിരചിക്കപ്പെട്ടി ട്ടുണ്ടു്; എന്നാൽ അവയെല്ലാം കാലത്തിൻെറ കൊടുങ്കാ ററിൽ കരിയിലപോലെ പറന്നുപോയി! എന്നാൽ "മൂ ന്ന് വീരയോദ്ധാക്കൾ" ഇന്നും അതിൻെറ പുതുമ പുലർ ത്തുന്നു. അതു് അനശ്വരമാണ്!!

വളരെ വളരെ നൂററാണ്ടുകൾക്കുശേഷം, നിങ്ങളുടെ പുത്രപൌത്രന്മാർ രാത്രി ഉറക്കമിളച്ചിരുന്ന് "മൂന്ന് വീര യോദ്ധാക്കൾ" വായിക്കുന്നതു് കാണാം!!

# 9. മിസ്സസ്സ്. അബ്രഹാം ലിങ്കൺ.

അവൾ അബ്രഹാം ലിങ്കന്റെ മുഖത്തു് ചൂടുകാപ്പി ഒഴിച്ചു.

താന്റെ വിവാഹത്തെക്കുറിച്ചു് അബ്രഹാംലിങ്കൺ ഏതെങ്കിലും ഒരഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു് സാമുവൽ മാർഷൽ എന്ന സ്നേഹിതനു് അയച്ച



ഒരു കത്തിൽ മാത്രമാണു്. അതിൽഇപ്രകാരം എഴുതിയിരുന്നു:- "ഇവിടെ വലിയവിശേഷങ്ങളൊന്നുമില്ല. ഇന്നലെ എന്റെ വിവാഹം നടന്നു. അതിൽ ആകപ്പാടെ എനിക്കു് വലിയ അത്ഭുതമാണു് തോന്നുന്നതു്."

അത്ഭുതകരമെന്നു് അദ്ദേഹം പറഞ്ഞ ആ വിവാഹം ലോകചരിത്രത്തിലെ വിവാഹങ്ങളിൽ ദയനീയമായ ഒരു പരാജയമായിരുന്നു. ലിങ്കന്റെ ആത്മസുഹൃത്തായിരുന്ന വില്യം ഹെൻസൺ അദ്ദേഹത്തിന്റെ വിവാഹജീ

വിതത്തെപ്പററി ഇങ്ങിനെയാണ് പറഞ്ഞിട്ടുള്ളതു്:- "സന്തോഷകരമായ ഒരു ദിവസം ലിങ്കൻെറ ഇരുപതു് കൊല്ലത്തെ ജീവിതത്തിൽ ഒരിക്കൽപോലും ഉണ്ടായിട്ടില്ല:"

ഒരുനൂററിൽ പരം സംവത്സരങ്ങൾക്കു മുൻപ് ഇല്ലിനോയിസിലെ സ്പ്രിങ്ങ്ഫീൽഡിൽവെച്ചു് അബ്രഹാം ലിങ്കൺ മേരിടോഡ് എന്ന സ്ത്രീയെ വിവാഹം ചെയ്തു. അന്നുമുതൽ അദ്ദേഹത്തിൻെറ ജീവിതം വിഷാദം നിറഞ്ഞ ഒരഗാധതയിലേക്കു് ആണ്ടുവീണു.

സെയിൽ കാണ്ണഗി എന്നൊരു അമേരിക്കൻ സാഹിത്യകാരൻ അബ്രഹാംലിങ്കൻെറ ഒരു ജീവചരിത്രമെഴുതാൻവേണ്ടി മൂന്നു കൊല്ലക്കാലത്തോളം അദ്ദേഹത്തിന്റെ കുടുംബജീവിതത്തെപ്പററി അന്വേഷണം നടത്തുകയുണ്ടായി. തെളിവുകളും വിവരങ്ങളും വീണ്ടും വീണ്ടും അയാൾ തൂക്കിയരിച്ചു് നോക്കി. എന്നിട്ട് ലിങ്കൻെറ ജീവിതത്തിലെ ഏററവും അനുകമ്പാർഹമായ അബദ്ധം അദ്ദേഹത്തിൻെറ വിവാഹം ആയിരുന്നു" എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

വിവാഹം കഴിഞ്ഞു് അധികം ദിവസങ്ങൾ അസ്തമിക്കുന്നതിനു മുൻപ് തൻെറ ഹിതത്തിനു് കടകവിരുദ്ധമായ അഭിപ്രായമുള്ള ഒരു ഭാര്യയെയാണ് തനിക്കു് ലഭിച്ചിരിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. സ്വഭാവത്തിലും, വസ്ത്രധാരണത്തിലും, പെരുമാററങ്ങളിലും, ആഗ്രഹങ്ങളിലും അനന്തതയിൽ വെച്ചുപോലും യോജിക്കാത്ത സമാന്തരരേഖകൾപോലെ ഭിന്നരുചിയായിരുന്നു ഇരുവരും.

അതിവിചിത്രമായ ഒരു കടങ്കഥയെന്നു് പറയട്ടെ. അബ്രഹാംലിങ്കണ് വിദ്യാഭ്യാസം ഇല്ലെന്നായിരുന്നു ഭാര്യ ഏററവുമധികം അയാളെ കുററം പറഞ്ഞിരുന്നതു്. കാരണമുണ്ടു്. വിവാഹം കഴിക്കുമ്പോഠം അബ്രഹാംലിങ്കൺ പന്ത്രണ്ടു് ദിവസം തികച്ചുപോലും സ്കൂളിൽ പോയിരുന്നില്ല. സ്വയം വീട്ടിലിരുന്നു് പഠിച്ചാണ് പിന്നീടു് അദ്ദേഹം നിയമ പരീക്ഷ പാസ്സായതു്. ഭാര്യ ജർമ്മൻ, ഫ്രഞ്ചു്, ഇംഗ്ലീഷു് എന്നീ ഭാഷകളിൽ നല്ല പരിജ്ഞാനം നേടിയവളായിരുന്നു. പോരെങ്കിൽ സ്വന്തം കുടുംബാംഗങ്ങളെക്കുറിച്ചു് അഹംഭാവവും അവഠംക്കുണ്ടായിരുന്നു. അവളുടെ മുത്തച്ഛന്മാരും, മുത്തുമുത്തച്ഛന്മാരും, പ്രപിതാമഹന്മാരുമൊക്കെ വലിയ സേനാനായകന്മാരും, ഗവർണ്ണറന്മാരും, ആയിരുന്നത്രെ.

പക്ഷെ ലിങ്കണു് തൻെറ കുടുംബത്തെപ്പററി അഭിമാനിക്കാൻ ഒന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ ബന്ധുക്കളാരുംതന്നെ സന്ദർശനത്തിനു് വരാറില്ല. ഒരു ജ്യേഷ്ഠൻെറ വീണ കട്ടെടുത്തതിനു് പട്ടണത്തിൽനിന്നു് ഓടിച്ച ഒരൊററ ബന്ധുവിനെക്കുറിച്ചേ ലിങ്കണു് അവളോടു പറയാനുണ്ടായിരുന്നുള്ളു.

മേരിടോഡിനു് വസ്ത്രധാരണവിഷയത്തിൽ പ്രത്യേകം ശ്രദ്ധയുണ്ടായിരുന്നു. വർണ്ണപ്പകിട്ടേറിയ ഉടുപ്പുകളും, വിലയേറിയ ഹാററുകളും വേണമെന്നു് അവഠംക്കു് നിർബന്ധമാണു്. ലിങ്കനാകട്ടെ വസ്ത്രധാരണവിഷയത്തിൽ തീരെ അലസനായിരുന്നു. ചിലപ്പോഠം കാലുറകളിൽ ഒരെണ്ണം മുട്ടുവരെ തെറുത്തുകയററിയും മറേറതു് നിലംമുട്ടെ അഴിച്ചിട്ടു പൊതുവഴിയിൽക്കൂടി അദ്ദേഹം നടക്കും!

മേരിക്കു് കത്തിയും മുള്ളും ഉപയോഗിച്ചു് മേശപ്പുറത്തു് ഇരുന്നല്ലാതെ ആഹാരം കഴിക്കാൻ വിഷമമാണു്. ലിങ്കനാകട്ടെ ദാരിദ്ര്യത്തിന്റെ വാടകവീടായ ഒരു കൊച്ചുകുടിലിൽ വളൎന്നുവന്നതുകൊണ്ടു് കൈകൊണ്ടു് ആഹാരം കഴിക്കുന്നതായിരുന്നു പരിചയം മേരി ഏററവുമധികം വെറുത്തിരുന്ന ഒരു കാൎയ്യവും അതുതന്നെയായിരുന്നു.

ഭാൎയ്യ അഹങ്കാരിയും തൻകാൎയ്യപ്രിയയും ആയിരുന്നു. അദ്ദേഹം നേരെമറിച്ചു് ശാന്തശീലനും സമാധാനപ്രിയനുമായിരുന്നു. ലിങ്കൺ മറെറാരു സ്ത്രീയുടെ മുഖത്തു് ഒന്നു നോക്കിപ്പോയാൽ മതി, അസൂയകൊണ്ടു് മേരി വീട്ടിൽ ഒരു വിപ്ലവംതന്നെ സൃഷ്ടിക്കും. മേരിയുടെ വിക്രിയകളുടെ ചരിത്രം ആരും വിശ്വസിക്കാത്തവിധം വിചിത്രതരങ്ങളായിരുന്നു.

മേരിയുമായുള്ള വിവാഹാലോചന നടന്നുകൊണ്ടിരിക്കുമ്പോൾ, ഈ വിവാഹം നടത്തുന്ന കാൎയ്യം തനിക്കു് ഇഷ്ടമല്ലെന്നു് അദ്ദേഹം അവൾക്കു് ഒരെഴുത്തെഴുതുകയുണ്ടായി. പക്ഷെ ഈ എഴുത്തു് കൊണ്ടുപോയി ജോഷർ സ്പീഡു് എന്ന സ്നേഹിതൻ അതു് വലിച്ചുകീറിക്കളയുകയാണു് ചെയ്തതു്. അതുകൊണ്ടു് ലിങ്കൺ നേരിട്ടുപോയി മേരിയെ കണ്ടു. താൻ വിവാഹം ചെയ്യാൻ മാത്രം മേരിയെ സ്നേഹിക്കുന്നില്ല എന്ന കാൎയ്യം അദ്ദേഹം തുറന്നു പറഞ്ഞു. അതുകേട്ടു് മേരി പൊട്ടിക്കരഞ്ഞുപോയി. ഒരു സ്ത്രീ കരയുന്നതു് കണ്ടുകൊണ്ടു നിൽക്കുവാൻ ലിങ്കനു് കെൽപ്പുണ്ടായിരുന്നില്ല. മേരിയെ കൈകളിൽ അണച്ചു് അവളെ താൻ വിവാഹം ചെയ്തുകൊള്ളാമെന്നു് അദ്ദേഹം ഏററുപറഞ്ഞു.

1841, ജനുവരി ഒന്നാംതീയതിയാണ് വിവാഹം നടത്താൻ നിശ്ചയിച്ചിരുന്നത്. അതിഥികൾ എല്ലാം എത്തി; പുരോഹിതനും ആഗതനായി. വസ്ത്രവിശേഷങ്ങളോടെ വധുവും ആനീതയായി. പക്ഷെ വരനെ മാത്രം കണ്ടില്ല! എന്തുകൊണ്ടു്? അബ്രഹാംലിങ്കണ് ഭ്രാന്തു പിടിച്ചു എന്നാണ് കാരണം പറഞ്ഞത്. പരമാത്ഥത്തിൽ അദ്ദേഹം ശാരീരികമായും മാനസികമായും വലിയ അസ്വാസ്ഥ്യം അനുഭവിക്കുകയായിരുന്നു. പരസ്പരബന്ധമില്ലാതെ എന്തൊക്കെയോ പിറുപിറുത്തുകൊണ്ടിരിക്കുന്നതായിട്ടാണ് അദ്ദേഹത്തെ ഒരു ദിവസം പുലർച്ചക്കു് സ്നേഹിതന്മാർ കണ്ടതു്. തനിക്കു് ജീവിക്കാൻ ആഗ്രഹമില്ല എന്നു് അദ്ദേഹം പറഞ്ഞു. സ്പ്രിങ്ങ്ഫീൽഡിലെ ഒരു മാസികക്കു് 'ആത്മഹത്യ' യെക്കുറിച്ചു് ഒരു കവിതയെഴുതി അദ്ദേഹം അയച്ചിരുന്നു. സ്വയം കുത്തി മുറിവേല്പിക്കാതിരിക്കാൻ സ്നേഹിതന്മാർ ലിങ്കൻെറ മേശയിൽനിന്നു് പേനക്കത്തിയും, മൂർച്ചയുള്ള മററു് ആയുധങ്ങളും എടുത്തുകൊണ്ടുപോയി.

ആയിടയ്ക്കാണ് തൻെറ ജീവിതത്തിൽ ഏററവും വിഷാദമഗ്നമായ ഒരെഴുത്തു് തൻെറ ആത്മസ്നേഹിതൻ വില്യമിനു് എഴുതിയതു്. ആ എഴുത്തു് ഇതാണ്.—

"ലോകത്തിൽ ജീവിച്ചിരിക്കുന്ന ഏററവും അനുകമ്പാർഹനായ മനുഷ്യൻ ഞാനാണ്. എൻെറ ദുഃഖം ലോകത്തു് എല്ലാവർക്കുമായി പങ്കിട്ടു കൊടുത്താൽ സന്തോഷമുള്ള ഒരൊററ മുഖം ഭൂമുഖത്തു് ഉണ്ടായിരിക്കയില്ല. ഭാവിയിൽ എൻെറ ദുരിതങ്ങൾ നീങ്ങുമോ എന്നു് എനിക്കു്

അറിഞ്ഞുകൂടാ... ഒന്നുകിൽ ഈ അവസ്ഥയിൽനിന്ന് എനിക്ക് രക്ഷപ്പെടണം... അല്ലെങ്കിൽ നിശ്ചയമായും ഞാൻ മരിച്ചുപോകും..."

പിന്നീട് രണ്ടു വർഷത്തേക്ക് ലിങ്കൺ മേരിയെ കണ്ടില്ല. അപ്പോഴാണ് സ്വയം മദ്ധ്യസ്ഥനായിത്തീന്ന ഒരാൾ മേരിയെ വിവാഹം ചെയ്യേണ്ടതു് അദ്ദേഹത്തിന്റെ കടമയാണ് എന്ന് ഓർമ്മിപ്പിച്ചതു്. ലിങ്കൺ മറുപടി ഒന്നും പറഞ്ഞില്ല; അദ്ദേഹം മേരിയെ വിവാഹം ചെയ്കയാണ് ചെയ്തതു്.

ഒരിക്കൽ ലിങ്കൺ അതിഥികളുമൊരുമിച്ച് ആഹാരം കഴിക്കുകയായിരുന്നു. ഭാര്യക്ക് ഇഷ്ടപ്പെടാത്ത എന്തോ അദ്ദേഹം പറഞ്ഞു. ഉടനെ അവൾ മേശപ്പുറത്തു നിന്നു് കാപ്പിപ്പാത്രം എടുത്തു്, കാപ്പി അദ്ദേഹത്തിൻെറ മുഖത്തേക്ക് ഒഴിച്ചു. അതിഥികൾ എല്ലാം ഇതുകണ്ടു കൊണ്ട് ഇരിക്കയായിരുന്നു. ലിങ്കൺ യാതൊന്നും പറഞ്ഞില്ല. അദ്ദേഹം അവളെ ശകാരിച്ചില്ല. ലിങ്കൺ ഇരുന്ന ഇരുപ്പിൽനിന്ന് അനങ്ങിയതുപോലുമില്ല. ആരോ ഒരു ടവ്വലെടുത്തു് അദ്ദേഹത്തിൻെറ മുഖത്തുനിന്ന് ജലകണികകൾ തുടച്ചുകളഞ്ഞപ്പോഴും ഒരക്ഷരം പോലും ശബ്ദിക്കാതെ അനങ്ങാതിരിക്കുകയാണ് അദ്ദേഹം ചെയ്തതു്.

പക്ഷെ മേരിയെ അധികമൊന്നും കുററപ്പെടുത്തിയിട്ടു് കാര്യമില്ല. ഒടുവിൽ അവൾ ഭ്രാന്തുപിടിച്ചു് മരിക്കയാണ് ചെയ്തതു്. ഒരുപക്ഷെ ആ ഭ്രാന്തിൻെറ ശകല

ങ്ങൾ ആദ്യം മുതൽക്കേ അവളുടെ സ്വഭാവത്തിൽ പററി പ്പിടിച്ചിരുന്നില്ലെന്ന് ആർക്കറിയാം.

അബ്രഹാംലിങ്കൻെറ അത്ഭുതകരമായ ക്ഷമാശീല മാണ് നമ്മെ അതിശയസ്തബ്ധരാക്കുന്നത്. ആരോടും ഒരുത്തരോടും പരാതി പറയാതെ, നീണ്ട ഇരുപത്തിമൂ ന്ന് സംവത്സരങ്ങൾ മിക്കവാറും ക്രിസ്തുവിനെപ്പോലെ ഈ ദുരിതങ്ങളെല്ലാം അദ്ദേഹം ക്ഷമയോടെ സഹിച്ചു എ ന്നതിലാണ് അദ്ദേഹത്തിൻെറ മഹത്വം സ്ഥിതി ചെ യ്യുന്നത്.

# 10. വിൽജാമൂർ സ്റ്റീഫാൻസൺ.

ചെരുപ്പിൻെറ തോൽ തിന്നാൻ ഇഷ്ടപ്പെടുന്ന മനുഷ്യൻ.

പതിനൊന്നുവർഷത്തിലധികം ഉത്തരധ്രുവത്തിലെ മരവിപ്പിക്കുന്ന മഞ്ഞുകട്ടകൾക്കിടയിൽ കഴിച്ചുകൂട്ടിയ ഒരു മനുഷ്യൻ ഈയിടെ അമേരിക്കയിൽ തിരിച്ചുവരികയുണ്ടായി. അദ്ദേഹം അവിടെ താമസിച്ചകാലത്തിൽ ആറു കൊല്ലത്തിലധികവും ഇറച്ചിയും പച്ചവെള്ളവും മാത്രമായിരുന്നു ആഹാരം. സ്വർണ്ണവർണ്ണത്തലമുടിയോടുകൂടിയ ആ മനുഷ്യൻെറ പേർ സ്റ്റീഫാൻസൺ എന്നാണ്.

വിറകോ ആഹാരപദാർത്ഥങ്ങളോ കൂടാതെ ഉത്തരധ്രുവത്തിൽ പോയി നായാടികിട്ടുന്നതുകൊണ്ടു് ജീവിക്കാൻ ധൈര്യപ്പെട്ട ആദ്യത്തെ സഞ്ചാരിയാണ് സ്റ്റീഫാൻസൺ.

ആദ്യം അദ്ദേഹം അക്കാര്യം പറഞ്ഞപ്പോൾ ധ്രുവങ്ങളെക്കുറിച്ച് വളരെയേറെപ്പഠിച്ച വിദഗ്ദ്ധന്മാർ ചിരിച്ചു. എസ്കിമോകൾ അദ്ദേഹം വിശന്ന് മരിക്കുമെന്ന് ഭയപ്പെടുത്തി. എന്നാൽ അദ്ദേഹം ഒന്ന് പരീക്ഷിക്കാൻ തീർച്ചയാക്കി. അദ്ദേഹം ഒരു ശാസ്ത്രജ്ഞനായതുകൊണ്ടു് പരീക്ഷിച്ചു് പരമാർത്ഥം അറിയാൻ ആഗ്രഹിച്ചു. അതുകൊണ്ടു് അദ്ദേഹവും രണ്ടു് കൂട്ടുകാരും കൂടി തോക്കും തോട്ടകളും എടുത്തു് ഉത്തരധ്രുവത്തിൽ പോയി. അനവധി

വർഷങ്ങളോളം ഒഴുകുന്ന മഞ്ഞുകട്ടകളിൽ അവർ യാതൊരു വിഷമവും കൂടാതെ ജീവിച്ചു.

ഈ മഞ്ഞുകട്ടകളിൽ ചിലതിനു് ഒരു പന്തിൻെറ വലുപ്പമേ ഉണ്ടായിരുന്നുള്ളു. മററു ചിലതു് സിലോൺ ദ്വീപിനേക്കാൾ വലുതും. ചിലപ്പോൾ മഞ്ഞിന് ഒന്നു രണ്ടിഞ്ചു് കനമേ ഉണ്ടാവൂ; മററു ചിലപ്പോൾ നൂറും ഇരുനൂറും അടി കട്ടിയുണ്ടാകും. അവയെല്ലാം രണ്ടും മൂന്നും മൈൽ ആഴമുള്ള സമുദ്രത്തിൽ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യും. പക്ഷെ എപ്പോഴാണ് ഈ മഞ്ഞുകട്ടികൾ ഉരുകി വെള്ളമാകുന്നതു് എന്നു് ആർക്കും അറിഞ്ഞുകൂടാ!

നാല്പതുദിവസംകൊണ്ടു് അവരുടെ കയ്യിൽ കൊണ്ടുപോയിരുന്ന ആഹാരപദാൎത്ഥങ്ങൾ എല്ലാം തീൎന്നു. അതിനുശേഷം വെടിവെച്ചുകിട്ടിയ സീൽമത്സ്യങ്ങളും ധ്രുവക്കരടികളുമായിരുന്നു അവരുടെ ഭക്ഷണം. അവർക്ക് കുടിക്കാൻ ജലം ലഭിച്ചതു് എങ്ങിനെയാണെന്നോ? സീൽമത്സ്യത്തിൻെറ നെയ്യു് എടുത്തു് അവർ തീപിടിപ്പിക്കും മഞ്ഞുകട്ടികൾ ആ തീയിൽ ഉരുക്കി വെള്ളമാക്കും.

ഏററവും അത്ഭുതകരമായ കാര്യം അതല്ല. ഒഴുകുന്ന മഞ്ഞുകട്ടികൾക്കു് മീതെ അവർ 700 മൈലോളം സഞ്ചരിച്ചു. വിശപ്പുകൊണ്ടു് മരിക്കുന്നതിനു പകരം അവൎക്കു് എട്ടും പത്തും റാത്തൽ തൂക്കം കൂടുകയാണു് ചെയ്തതു്. അതുമാത്രമല്ല 97 ദിവസത്തിൽ ഒരുനേരത്തെ ഭക്ഷണം പോലും അവർക്കു് മുടക്കേണ്ടതായി വന്നില്ല.

മിക്കപ്പോഴും അവർ ഇറച്ചി പച്ചയായിത്തന്നെ തിന്നുമായിരുന്നു. എന്നാൽ ചിലപ്പോൾ നെയ് കത്തിച്ചു്

തീയുണ്ടാക്കി ഇറച്ചി വേവിച്ചു് ഭക്ഷിക്കും. ചിലപ്പോൾ കരടിയുടെ രോമവും കത്തിച്ചെടുത്തു് വിറകായി ഉപയോഗിക്കും.

പുകയില തീന്ന ഒരവസരത്തിൽ അവർക്കു് ഭ്രാന്തു് പിടിച്ചുപോകുമോ എന്നുപോലും തോന്നിയത്രേ! പുകയില പൊതിഞ്ഞിരുന്ന കടലാസ്സ് പോലും അവർ കടിച്ചുപറിച്ചു് തിന്നു. പുകവലിക്കുന്ന പൈപ്പ് പോലും പൊട്ടിച്ചു് കഷണം കഷണമായി കടിച്ചുചവച്ചു!

ചെന്നായുടെ ഇറച്ചി തിന്നാൻ കൊള്ളില്ല എന്നു് ചിലർ പറയാറുണ്ടു്. എന്നാൽ സ്റ്റീഫാൻസൺ ഡസൻ കണക്കിനു് ചെന്നായ്ക്കളെ കൊന്നു് തിന്നിട്ടുണ്ടു്. റോസ്റ്റ് ചെയ്ത പന്നിയിറച്ചിയേക്കാൾ അദ്ദേഹത്തിനു് ഇഷ്ടം ചെന്നായുടെ ഇറച്ചിയാണത്രേ!

അദ്ദേഹവും കൂട്ടുകാരും കാട്ടുതാറാവുകൾ, പാത്ത, കാട്ടുകോഴി, മൂങ്ങ ഇവയുടെ ഇറച്ചി ധാരാളം ഭക്ഷിച്ചിട്ടുണ്ടു്. ഒരിക്കൽ ഭൂരിപക്ഷാഭിപ്രായം എടുത്തപ്പോൾ മൂങ്ങയുടെ ഇറച്ചിയാണു് ഏററവും നല്ലതു് എന്നു് എല്ലാവരും പറഞ്ഞു. ഒരിക്കൽ ചെരിപ്പിൻെറ തോൽപോലും അദ്ദേഹത്തിനു് തിന്നേണ്ടതായി വന്നിട്ടുണ്ടു്. നല്ല പുതിയ ചെരിപ്പിൻെറ തോൽ വെള്ളത്തിൽ പുഴുങ്ങി വേണ്ടപോലെ പാകപ്പെടുത്തി ഭക്ഷിച്ചാൽ അതിന്റെ രുചി തരക്കേടില്ല എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. നല്ല പന്നിയിറച്ചിയുടെ ഒരു സ്വാദു് ഉണ്ടത്രെ അതിനു്. ധ്രുവങ്ങളിൽ പോകുമ്പോൾ കട്ടിയുള്ള കമ്പിളിയുടുപ്പുകളേക്കാൾ നല്ലതു്, തോൽ ഉടുപ്പുകളാണു് എന്നു് അദ്ദേഹം പറയുന്നു.

കാരണമെന്താണെന്നോ? വേണ്ടിവന്നാൽ അതു് വേവിച്ചു് വിശക്കുമ്പോൾ തിന്നാമല്ലോ! പഴയ ചെരുപ്പുകൾ എല്ലാം കളയാതെ സൂക്ഷിച്ചു വയ്ക്കുന്നതു് ഓരോരുത്തർക്കും നല്ലതാണു്. എന്താണു് സംഭവിക്കുകയെന്നു് നമുക്കു് അറിഞ്ഞുകൂടല്ലോ?

ന്യൂയോക്കിൽ വന്നു് താൻ അനേകം വർഷക്കാലം ഇറച്ചി മാത്രം ഭക്ഷിച്ചു് ജീവിച്ചുവെന്നു് സ്റ്റീഫാൻസൺ പറഞ്ഞപ്പോൾ ആദ്യമൊന്നും ആരും വിശ്വസിച്ചില്ല. അയാൾ ഒരു നുണയനും കള്ളനുമാണെന്നു് പലരും പരസ്യമായിപ്പോലും പറഞ്ഞു. അതുകൊണ്ടു് ശാസ്ത്രീയമായി തെളിയിക്കുന്നതിനു വേണ്ടി സ്റ്റീഫനും ഒരു സ്നേഹിതനും ഒരുവർഷക്കാലം മുഴുവൻ ഇറച്ചിയും വെള്ളവും മാത്രം ഭക്ഷിച്ചു് ജീവിച്ചു കാണിച്ചുകൊടുത്തു. കോർണൽ യൂണിവേഴ്സിററിയുടെ വൈദ്യവിഭാഗത്തിന്റെ പ്രത്യേക മേൽനോട്ടത്തിലാണു് ഈ പരീക്ഷണം നടന്നതു്.

ഈ പരീക്ഷണം പന്ത്രണ്ടുമാസക്കാലം നീണ്ടുനിന്നു. ഇക്കാലമത്രയും വൈദ്യശാസ്ത്രത്തിനു് അറിയപ്പെട്ട പല പരീക്ഷണങ്ങളും അവരുടെ മേൽ പരീക്ഷിച്ചുനോക്കി. പലപ്പോഴും അവരുടെ രക്തം പരിശോധിച്ചു. ആഴ്ചതോറും അവരുടെ രക്തസമ്മർദ്ദം കുറിച്ചുവെച്ചു. അവർ ഉച്ഛ്വസിച്ച ശ്വാസം പോലും എടുത്തു് സൂക്ഷ്മമായി ഗവേഷണം നടത്തി. അതിൻെറ ഫലമോ? യാതൊരു ദോഷവും അവക്കു് ഈ ഭക്ഷണ ചര്യകൊണ്ടു് ഉണ്ടായില്ല. ന്യൂയോക്കിലെ അതികഠിനമായ ചൂടു് സഹിക്കുവാൻ ഇറച്ചി ഭക്ഷണം മാത്രം കഴിക്കുന്നതു കൊണ്ടു് അവക്കു് പ്രത്യേക ശക്തിയുള്ളതുപോലെ കാണപ്പെട്ടു. സ്റ്റീഫാൻസൺെറ

സ്നേഹിതൻ ആൻഡേഴ്സൺ പരീക്ഷണം തുടങ്ങുന്ന സമയത്ത് രക്തസമ്മർദ്ദം കൊണ്ട് വിഷമിച്ചിരുന്നു. ശക്തിയായ തലവേദനയുണ്ടായിരുന്നതിന് പുറമേ അദ്ദേഹത്തിൻെറ തലമുടി പൊഴിയുകയും ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ പരീക്ഷണം തുടങ്ങി നാലുമാസത്തോളം കഴിഞ്ഞപ്പോൾ അയാളുടെ രക്തസമ്മർദ്ദം പൂർവ്വസ്ഥിതിയിലാവുകയും തലരോമം പൊഴിയുന്നത് നില്ക്കുകയും ചെയ്തു. അയാൾക്ക് തലവേദനയും ഉണ്ടാകാതെയായി. വേറൊരു അത്ഭുതം കൂടി കാണപ്പെട്ടു. ജലദോഷം പിടിപെടാതെ എന്തോ ഒരു ശക്തി അയാൾക്ക് ലഭിക്കുകയും ചെയ്തുവെന്നുള്ളതാണ് ഇത്.

ഈ സമയത്തെല്ലാം സ്റ്റീഫാൻസണും കൂട്ടുകാരനും പല്ലുവേദനയോ, പല്ലുസംബന്ധമായ മററ് എന്തെങ്കിലും അസുഖങ്ങളോ പിടിപെട്ടില്ല. 99 ശതമാനവും ഇറച്ചി ഭക്ഷണം കൊണ്ട് കഴിച്ചുകൂട്ടുന്ന എസ്കിമോ ഗ്രാമങ്ങളിൽ മാത്രമെ യഥാർത്ഥത്തിൽ പല്ല് സംബന്ധമായ യാതൊരു രോഗങ്ങളും തലകാട്ടാതിരിക്കുന്നുള്ളു എന്നാണ് സ്റ്റീഫാൻസൻെറ അഭിപ്രായം. എസ്കിമോകൾ സാധാരണ നാം കഴിക്കുന്ന ഭക്ഷണം കഴിക്കാൻ ആരംഭിക്കുമ്പോൾ അവക്കും നമുക്കു പിടിപെടാറുള്ള ദന്തരോഗങ്ങൾ പിടിപെടുന്നു.

"കടുവയെപ്പോലെയും, സിംഹത്തെപ്പോലെയും മനുഷ്യർ ശക്തിമാന്മാരായിത്തീരണമെങ്കിൽ മാംസാഹാരം തന്നെ വേണം" എന്ന് അദ്ദേഹം വീണ്ടും വീണ്ടും ചിരിച്ചുകൊണ്ട് ഉറപ്പിച്ച് പറയാറുണ്ട്.

# 11. എയിൻസ്റ്റീൻ (EIENSTIEN)

"തികഞ്ഞ തത്വജ്ഞാനിയും, കവിഞ്ഞ കോമാളിയും."

ഏതാനും സംവത്സരങ്ങൾക്ക് മുമ്പ് ഒരു സുപ്രഭാതത്തിൽ ലോകത്തിലെ ഏററവും വലിയ കണക്ക് ശാസ്ത്രജ്ഞനായിത്തീൎന്നു ആൽബർട്ട് എയിൻ സ്റ്റീൻ. അതിൽ എല്ലാവരേക്കാളും അത്ഭുതം തോന്നിയതു് അദ്ദേഹത്തിനു് തന്നെയായിരുന്നു. കാരണം ആരുമറിയാതെ അജ്ഞാതനായിക്കഴിഞ്ഞ ഒരു യഹൂദകണക്കു് പ്രഫസർ അവിചാരിതമായി ലോകത്തിലെ അറിയപ്പെടുന്ന ഏററവും വലിയ വ്യക്തിയായിത്തീരുക!



പ്രസിദ്ധമായ അദ്ദേഹത്തിന്റെ "റിലേററിവിററി"തീയറി, അഥവാ ആപേക്ഷികസിദ്ധാന്തം പോലെതന്നെ അതിവിചിത്രമാണു് അദ്ദേഹത്തിൻെറ സ്വഭാവവും. ലോകത്തിൽ അധികമാളുകളും കൊതിക്കുകയും മതിക്കുകയും, മാനിക്കു

കയും ചെയ്യുന്ന വസ്തുക്കളോട് അദ്ദേഹത്തിന് അവജ്ഞ യാണ്. മനുഷ്യപ്രകൃതിക്ക് കാമ്യമായിത്തോന്നുന്നതു് അദ്ദേഹത്തിന് വികൃതിയാണ്. ധനം, മാനം, സുഖാ സക്തി ഇവയെല്ലാം അദ്ദേഹം വെറുക്കുന്നു. ഒരിക്കൽ ഒരു കപ്പലിൽ യാത്ര ചെയ്യുമ്പോൾ അദ്ദേഹത്തിന് ആ കപ്പലിലെ ഏററവും നല്ലമുറി യാതൊരു ചെലവും കൂടാതെ കൊടുക്കാമെന്ന് പറഞ്ഞു. തനിക്ക് ആ ആനുകൂല്യത്തേ ക്കാൾ ഇഷ്ടം ഒരു കൂലിക്കാരൻെറ മുറിയാണെന്ന് പറ ഞ്ഞു് അദ്ദേഹം അതു് നിരസിക്കുകയാണ് ചെയ്തതു്.

ലോകപ്രസിദ്ധമായ അദ്ദേഹത്തിൻെറ റിലേററി വിററിസിദ്ധാന്തം അറിയാവുന്നവർ ലോകത്തിൽ ആറു പേരിൽ അധികമില്ല. എന്നാൽ ആ തത്വം വിശദീ കരിക്കാൻ വിഷമിക്കുന്ന ഒട്ടേറെ വിപുലവും, വിസ്തൃത വുമായ പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ടുതാനും. പക്ഷെ അദ്ദേഹത്തിന് തൻെറ ആ സിദ്ധാന്തം പറഞ്ഞു് മന സ്സിലാക്കുവാൻ കുറച്ചു് വാക്കുകൾ മാത്രം മതി. അദ്ദേഹം പറയുന്നു; "ഒരു സുന്ദരിയായ പെൺകുട്ടിയോടു് കൂടി നിങ്ങൾ ഒരു മണിക്കൂർ ഇരുന്നാൽ അതു് ഒരു മിനിട്ടാ യിട്ടാണ് നിങ്ങൾക്ക് തോന്നുക. എന്നാൽ ഒരു മിനിട്ടു് നേരം ഒരുഷ്ണവാതകത്തിൽ അടച്ചിരുന്നാൽ അതു് ഒരു മണിക്കൂറായും തോന്നും. അതെ! ഇതാണ് റിലേററി വിററിസിദ്ധാന്തം. എനിക്ക് യാതൊരു സംശയവുമില്ല. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ പരീക്ഷിക്കാം. പക്ഷെ ഉഷ്ണവാതകത്തിൽ നിങ്ങൾ ഇരിക്കണം; പെൺകുട്ടി യോടുകൂടി ഞാനും."

മേലുദ്ധരിച്ച രണ്ടു് ഉദാഹരണങ്ങളിൽ നിന്നു് അദ്ദേഹം ഒരു തികഞ്ഞ തത്വജ്ഞാനിയോ, അതോ കവിഞ്ഞ കോമാളിയോ എന്നു് മനസ്സിലാക്കാൻ വിഷമമാണെന്നു് കാണാം.

പണമോ, പ്രശംസയോ, പഠിപ്പോ, ഒരു വലിയ കാര്യമായി അദ്ദേഹം കണക്കാക്കുന്നില്ല. പ്രസിദ്ധിയോ, പ്രതാപമോ, അദ്ദേഹത്തിന്നു് ആവശ്യമില്ല. തോണിയാത്രയും, വീണാഗാനവുമാണു് അദ്ദേഹത്തിൻെറ വിനോദങ്ങൾ. വീണഗാനം കേൾക്കുമ്പോൾ അദ്ദേഹം ആനന്ദനിർവൃതിയടയും. തോണിയാത്രചെയ്യുമ്പോൾ ആ ഹൃദയം ആമോദനിർഭരമാകും? കണക്കു് ശാസ്ത്രം ഒരു കവിതപോലെ കമനീയമാണെന്നും, ഒരു ഗാനം പോലെ അദ്ദേഹത്തിൻെറ ഹൃദയത്തിന്നു് ആനന്ദമേകുന്നുവെന്നും അദ്ദേഹം പറയുന്നു!

തെക്കൻ ജർമ്മനിയിലെ ഒരു നഗരവീഥിയിൽ, ഒരു കല്ലുവടപ്പീടികയുടെ മുകളിലെ കൊച്ചുമുറിയിലാണു് അദ്ദേഹം ജനിച്ചതു്. ചെറുപ്പത്തിൽ അദ്ദേഹത്തിന്നു് എന്തെങ്കിലും കഴിവുണ്ടെന്നു് ആരും കരുതിയിരുന്നില്ല. എന്നാൽ ഈ തലമുറയിലെ ഏററവും ഉയന്ന പ്രതിഭാശാലി അദ്ദേഹമാണു് എന്നു് എല്ലാവരും സമ്മതിക്കുന്നു. അദ്ദേഹം നിശ്ചയമായും എന്നും ജീവിക്കുന്ന ഒരു ചിന്തകനുമായിരിക്കും. ഏതാണ്ടു് അമ്പതു് കൊല്ലങ്ങൾക്കുമുമ്പു്, വിദ്യാലയത്തിലെ പിൻബെഞ്ചിൽ പതുങ്ങിയിരുന്ന "ഒരു നാണംകുണുങ്ങി"യായിട്ടാണു് അദ്ദേഹത്തെ സഹപാഠികൾ കണക്കാക്കിയിരുന്നതു്. കൂട്ടുകാരോടു് സംസാരിക്കുന്നതുപോലും ആ വിദ്യാർത്ഥിക്കു് പ്രയാസമായിരുന്നു.

"ഒരു മറയൻ" എന്നാണ് അദ്ധ്യാപകന്മാർ അദ്ദേഹത്തെ നാമകരണം ചെയ്തത്. അച്ഛനമ്മമാർക്കുപോലും അദ്ദേഹത്തിൽ ആത്മവിശ്വാസം ഇല്ലായിരുന്നു.

എന്നാൽ ശാസ്ത്രലോകത്ത് അദ്ദേഹത്തിൻെറ കീത്തി ഒരു വെൺ താരകപോലെ ഉയന്നു. അദ്ദേഹത്തിന്റെ വിജയരഹസ്യം എല്ലാവർക്കും അജ്ഞാതമാണ്. ചരിത്രത്തിൽ അത്ഭുതപൂർവ്വമായ ഒരു സംഭവമായിരുന്നു ആ ഉയർച്ച.

അദ്ദേഹം രണ്ടു് വിവാഹം ചെയ്തിട്ടുണ്ടു്. ആദ്യ വിവാഹത്തിൽ രണ്ടു് ആൺകുട്ടികൾ ഉണ്ടു്. അച്ഛൻെറ ബുദ്ധിശക്തി അവരിലും കുറെച്ചൊക്കെ പ്രതിഫലിച്ചിട്ടുണ്ടെന്നു് തോന്നുന്നു.

അദ്ദേഹത്തിൻെറ പ്രഥമഭാര്യ പറയാറുണ്ടായിരുന്നു, അവർക്ക് റിലേറ്റിവിറ്റിസിദ്ധാന്തം അജ്ഞാതമാണെന്നു്. എന്നാൽ അതിനേക്കാൾ ഉപരിയായ മറെറാന്നു് ആ സ്ത്രീ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അതു് അവരുടെ സ്വന്തം ഭർത്താവിനെത്തന്നെ!

അനവധിസുഹൃത്തുക്കളെ ടീപാർട്ടികൾക്ക് ആ സ്ത്രീ ക്ഷണിക്കും. എന്നിട്ട് അതിൽ പങ്കുകൊള്ളാൻ അദ്ദേഹത്തെ വീണ്ടും വീണ്ടും വിളിക്കും. "ഇല്ല! ഇല്ല! ഞാൻ വരില്ല!" ദ്വേഷ്യത്തോടും, ഈർഷ്യയോടും കൂടി അദ്ദേഹം പറയും:- "ഇല്ല! എനിക്ക് വരാൻ സാധിക്കയില്ല! ഞാൻ വല്ലിടവും പൊയ്ക്കളയും! ഇതു് സഹിക്കുവാൻ എന്നെക്കൊണ്ടു് വയ്യാ!" ഭർത്താവിൻെറ ഭാവം പകരുന്നതു് കണ്ടാൽ ബുദ്ധിമതിയായ ആ സ്ത്രീ ഒന്നു് പുഞ്ചിരിക്കയല്ലാതെ ഒരക്ഷരം പറയുകയില്ല. എന്നാൽ ശാന്തനാകു

മ്പോൾ എങ്ങിനെയെങ്കിലും അദ്ദേഹത്തെ അവർ സൽക്കാരത്തിൽ സംബന്ധിപ്പിക്കുകയും ചെയ്യും!

"ചിട്ടയും അടുക്കും ഉള്ള ക്രമീകൃതമായ ഒരു ചിന്താഗതിയാണ് അദ്ദേഹത്തിൻേറതു്" എന്നു് ഭാര്യ പറയാറുണ്ടു്. പക്ഷെ ജീവിതത്തിൽ അദ്ദേഹം ആ ക്രമം പാടെ അവഗണിച്ചിരിക്കയാണു്. ജീവിതത്തിൽ അദ്ദേഹത്തിനു് പ്രധാനമായി രണ്ടു് നിയമങ്ങളുണ്ടു്; ഒന്നു് യാതൊരു നിയമങ്ങളും പാടില്ല; എന്നു്. മറെറാന്നു് തൻെറ അഭിപ്രായങ്ങൾ എപ്പോഴും അന്യരിൽ നിന്നും ഭിന്നമായിരിക്കണം!!

ലളിതമായ ജീവിതരീതിയാണു് അദ്ദേഹത്തിൻേറതു്. വസ്ത്രധാരണം മിക്കപ്പോഴും അലസവും അശ്രദ്ധവുമായിരിക്കും. ഹാററു് ധരിക്കുന്നതു് വളരെ വിരളമാണു്. ഒരു ഭ്രാന്തനെപ്പോലെ അദ്ദേഹം കുളിമുറിയിൽ പാടുകയും, ആടുകയും, ആനന്ദിക്കുകയും ചെയ്യും. അവിടെ വെച്ചു തന്നെയാണു് ഷേവു് ചെയ്യുന്നതു്. അദ്ദേഹം ഒരിയ്ക്കലും സോപ്പു് ഉപയോഗിക്കയില്ല!

ജീവിതത്തിൽ സുഖവും സന്തോഷവും സംതൃപ്തിയും ഉണ്ടാവാൻ അദ്ദേഹം ഒരു ഒററമൂലികനിർദ്ദേശം കൊടുത്തിട്ടുണ്ടു്. യാഥാർത്ഥത്തിൽ ആപേക്ഷികസിദ്ധാന്തത്തേക്കാൾ അതു് അതിപ്രധാനമാണു്. അതു് ഇതാ, "ഒരു മനുഷ്യനിൽ നിന്നും ഒന്നും നാം ആശിക്കരുതു്; എന്നാൽ നമുക്കു് നിരാശയുണ്ടാവുകയില്ല. ഒരു മനുഷ്യനോടും ഒന്നും നാം ചോദിക്കരുതു്; എന്നാൽ നമുക്കു് ഒന്നും കിട്ടാതിരിക്കയില്ല!!

# 12. മാർട്ടിൻ ജോൺസൺ

''നിങ്ങൾക്ക് പാചകവിദ്യ അറിയാമോ?'' എന്ന മൂന്നു ചെറിയ വാക്കുകൾ അയാളെ ഒരു വലിയ ലോകസഞ്ചാരിയാക്കിത്തീർത്തു!!!

ആഫ്രിക്കയിലെ വനാന്തരങ്ങളിൽ ആയിരമായിരം സിംഹങ്ങളുടെ ഫോട്ടോ എടുത്തിട്ടുള്ള മാർട്ടിൻ ജോൺസൺ, രണ്ടെണ്ണത്തിനെ മാത്രമെ കൊന്നിട്ടുള്ളു. ഒടുവിൽ അദ്ദേഹം ആഫ്രിക്കയിലായിരുന്ന 20 മാസങ്ങൾക്കുള്ളിൽ, താൻ ജീവിതത്തിൽ കണ്ടിട്ടുള്ളതിൽ ഏററവും കൂടുതൽ സിംഹങ്ങളെ കാണുകയുണ്ടായെന്ന് അദ്ദേഹം പറയുന്നു; എങ്കിലും അദ്ദേഹം ഒരൊററ വെടിപോലും വച്ചിട്ടില്ല. യഥാർത്ഥത്തിൽ അദ്ദേഹത്തിൻെറ കയ്യിൽ ഒരു തോക്കുതന്നെ ഉണ്ടായിരുന്നില്ല.

ചില ആഫ്രിക്കൻ സഞ്ചാരികൾ തിരിച്ചുവന്നതിനുശേഷം രോമാഞ്ചമുണ്ടാക്കുന്ന ഭാഷയിൽ നമ്മുടെ ചോര മരവിച്ചുപോകാൻ പര്യാപ്തമായ തങ്ങളുടെ അനുഭവകഥകൾ വിവരിക്കാറുണ്ട്; എന്നാൽ മാർട്ടിൻ ജോൺസൺ വിശ്വസിക്കുന്നു, തനിക്കോ, വേറെ ഏതെങ്കിലും ഒരാൾക്കോ, തനിച്ച് ആഫ്രിക്കയുടെ ഒരററം മുതൽ മറെറ അററംവരെ കയ്റോ മുതൽ കേപ് മുനമ്പുവരെ 'കാൽനടയായി' യാതൊരപകടവും കൂടാതെ നടന്നുപോകാമെന്ന്. ഇതിന് രണ്ടു കാര്യങ്ങളെ ആവശ്യമുള്ളു. ഒന്ന്, ആഫ്രിക്ക

യിലെ വന്യമൃഗങ്ങളെ ശരിക്ക് അറിഞ്ഞിരിക്കണം. രണ്ട്, കയ്യിൽ ആയുധമായി ചെറിയ ഒരു മുളവടിയും വേണം; അല്ല, അത്രയേ വേണ്ടൂ!

കഴിഞ്ഞ പ്രാവശ്യം അദ്ദേഹം ആഫ്രിക്കയിൽ പോയപ്പോൾ, കൂടെ ഒരു റേഡിയോ സെററുംകൊണ്ടു് പോയിരുന്നു. അമേരിക്കയിൽനിന്ന് പ്രക്ഷേപണം ചെയ്യപ്പെടുന്ന സംഗീതം കേട്ടു രസിക്കാം എന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. ഒന്നുരണ്ടു മാസത്തേക്ക് അദ്ദേഹം ധാരാളം റേഡിയോ ഗാനങ്ങൾ ആസ്വദിച്ചിരുന്നു. പക്ഷെ നീണ്ട കച്ചവടക്കണക്കുകൾ കേട്ടുകേട്ട് അദ്ദേഹത്തിന് വെറുപ്പും, മടുപ്പും തോന്നി. അതുകൊണ്ടു് പിന്നെ രണ്ടുമൂന്നു മാസത്തേക്ക് റേഡിയോ തിരിക്കുകപോലുമില്ലെന്നായി.

പതിന്നാലാം വയസ്സു മുതൽ മാർട്ടിൻ ജോൺസൺ ലോകത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കാൻതുടങ്ങി. കാൻസാഡ് സ്റ്റേററിലെ, ഇൻഡിപ്പെൻഡൻഡ് നഗരത്തിൽ ഒരു രത്നവ്യാപാരിയായിരുന്നു അയാളുടെ അച്ഛൻ. ലോകത്തിൻെറ വിദൂരതകളിൽനിന്ന് എത്തിയ ആഭരണപ്പെട്ടികൾ തുറക്കുവാൻ ചെറുപ്പംമുതലെ മാർട്ടിൻ ജോൺസൺ അച്ഛനെ സഹായിക്കുമായിരുന്നു. ആ പെട്ടികളിലെ അപരിചിതങ്ങളും, അത്ഭുതങ്ങളും, അതിവിചിത്രങ്ങളുമായ പേരുകൾ ആ ബാലനെ ആകർഷിച്ചു. പാരീസ്, ജനീവ, ബാർസിലോണ, ബുഡാപ്പെസ്റ്റ് മുതലായ നഗരവീഥികളിലെ പൊടിപടലങ്ങൾ തൻെറകാലുകീഴിലാക്കാൻ ആ ബാലൻ അന്നേ നിശ്ചയിച്ചു് ഉറച്ചുകഴിഞ്ഞു.

അതുകൊണ്ടു് ഒരു ദിവസം അവൻ വീട്ടിൽനിന്ന് ഒളിച്ചോടിപ്പോയി, അമേരിക്കൻ ഐക്യനാടുകളിൽ മുഴുവൻ അലഞ്ഞുനടന്നു. ഒടുവിൽ കന്നുകാലികളെ കയററുന്ന ഒരു കപ്പലിൽ ആ ബാലൻ യൂറോപ്പിലേക്കു് പോയി. പുതുമനിറഞ്ഞ ആ പഴയ ലോകത്തിൽ കപ്പലിറങ്ങിയ ആ ബാലൻ കിട്ടുന്ന ഏതു ജോലിയും ചെയ്യാൻ സന്നദ്ധനായിരുന്നു. അതുകൊണ്ടു് അവനു് ഒരു ജോലികൊടുക്കാൻ ആരും സന്നദ്ധരായില്ല. ബ്രസ്സൽസിൽവച്ചു് അവൻ വിശപ്പുകൊണ്ടു് തളൻറുപോയി. ബ്രെസ്റ്റിൽ അവൻ വിശാലമായ അററ്ലാൻറിക്കു് സമുദ്രത്തിലേയ്ക്കു് നോക്കിക്കൊണ്ടു് വെറുതെ കടല്ക്കരയിൽ വളരെനേരം നിന്നു; അവൻെറ കണ്ണുകൾ നിറഞ്ഞിരുന്നു; വീട്ടിൽ പോകണമെന്നും; അമ്മയെ കാണണമെന്നും; അവൻെറ ഹൃദയംപറഞ്ഞു് കരഞ്ഞുകൊണ്ടിരുന്നു. ലണ്ടൻനഗരത്തിൽ അവനു് രാത്രികളിൽ പീഞ്ഞപ്പെട്ടിയിൽ കിടന്നുറങ്ങേണ്ടതായി വന്നു. വീട്ടിൽപോകാൻവേണ്ടി, അമേരിക്കയിലേക്കു് പോകുന്ന ഒരു കപ്പലിനടിയിൽ ഉണ്ടായിരുന്ന ഒരു ബോട്ടിൽ കയറി അവൻ ഒളിച്ചിരുന്നു.

ആയിടയ്ക്കാണു് അവൻെറ ജീവിതത്തെ പുതിയൊരു വഴിയിലേക്കു് തിരിച്ച ഒരു സംഭവമുണ്ടായതു്. കപ്പലിലെ എഞ്ചിനീയർ അവനു് ഒരു മാസിക വായിക്കാൻ കൊടുത്തു. അതിൽ പ്രശസ്ത ഗ്രന്ഥകാരനായ ജാക്കു് ലണ്ടൻ എഴുതിയ ഒരു ലേഖനമുണ്ടായിരുന്നു. 32 അടി നീളമുള്ള "സ്നാക്ക്" എന്നു പേരുള്ള ഒരു ചെറിയ ബോട്ടിൽ അദ്ദേഹം ലോകംചുററി സഞ്ചരിക്കാൻ പോകുന്നുവെന്നാണു് ആ ലേഖനത്തിൽ പറഞ്ഞിരുന്നതു്.

വീട്ടിലെത്തിയ ഉടനെ ജോൺസൺ ജാക്ക്ലണ്ടന് ഒരു നീണ്ട കത്തെഴുതി. വികാരംകൊണ്ട് തീ പിടിക്കുന്ന ആ എഴുത്തിൻെറ എട്ടു പുറങ്ങളിൽ അയാൾ തൻെറ ആത്മാവിനെ തുറന്നു കാട്ടി. "ദയവായി എന്നെയും നിങ്ങളുടെ കൂടെ കൊണ്ടുപോകണം" അയാൾ എഴുതി; "ഞാൻ കുറച്ചൊക്കെ ലോകംചുററി സഞ്ചരിച്ചിട്ടുണ്ട്. 5 ഡോളറും 50 സെൻറും പോക്കററിൽ ഇട്ടുകൊണ്ട് ഞാൻ ചിക്കാഗോ നഗരത്തിൽനിന്ന് പുറപ്പെട്ടതാണ്, തിരിച്ചുവരുമ്പോഴും 25 സെൻറ് എൻെറ പോക്കററിൽ കിടപ്പുണ്ടായിരുന്നു!"

രണ്ടാഴ്ച കഴിഞ്ഞു—ഞരമ്പുകളെ നടുക്കുന്ന ജിജ്ഞാസയുടെ, പ്രതീക്ഷയുടെ, കാത്തിരുപ്പിന്റെ നീണ്ട രണ്ടാഴ്ച അപ്പോൾ അയാൾക്ക് ജാക്ക്ലണ്ടൻെറ ഒരു കമ്പികിട്ടി. അതിൽ മൂന്നു വാക്കുകളെ ഉണ്ടായിരുന്നുള്ളു — മാർട്ടിൻ ജോൺസൻെറ ജീവിതത്തെ സംഭവബഹുലമായ ഒരു നൂതനപന്ഥാവിലേക്ക് നയിച്ച മൂന്നു ചെറിയ വാക്കുകൾ. "നിങ്ങൾക്ക് പാചകവിദ്യ അറിയാമോ?" കമ്പിത്തപാലിന് സഹജമായ ചുരുക്കം വാക്കുകളിൽ, ഞെട്ടിപ്പിക്കുന്ന വിധം പെട്ടെന്ന് ആ സന്ദേശം ചോദിച്ചു.

അയാൾക്ക് ഭക്ഷണം പാകം ചെയ്യാൻ അറിയാമോ എന്ന്? അരി വേവിയ്ക്കാൻ ഏററവും എളുപ്പമാണ്. അതുപോലും അയാൾക്ക് അറിഞ്ഞുകൂടാ. പക്ഷെ കൃത്യം മൂന്നു വാക്കുകൾ മാത്രം മറുപടിക്കമ്പി അയയ്ക്കുയാണ് അയാൾ ചെയ്തത് "എന്നെ പരീക്ഷിച്ചു നോക്കൂ!" എന്നിട്ട് പാചക വിദ്യ പഠിയ്ക്കാനായി അയാൾ ഒരു ഹോട്ട

ലിലെ അടുക്കളയിൽ കൂലിയില്ലാത്ത വേലക്കാരനായി ത്തീൎന്നു!

അങ്ങിനെ "സ്കാക്ക്" എന്ന കപ്പൽ ഒടുവിൽ തിര കൾക്കുമീതെ സഞ്ചാരം തുടങ്ങിയപ്പോൾ, അതിലെ പ്ര ധാന പാചകൻ മാർട്ടിൻ ജോൺസണായിരുന്നു. തിര കളെ മണത്തുകൊണ്ട് കപ്പൽ വിശാലമായ ശാന്തസമുദ്ര ത്തിൽ ശീഘ്രഗതി തുടൎന്നപ്പോൾ, അത്ഭുതകരമാംവിധം ചുരുങ്ങിയ കാലംകൊണ്ട് അയാൾ, അപ്പമുണ്ടാക്കാൻ, മുട്ട പൊരിയ്ക്കാൻ, സൂപ്പും, പായസവും ഉണ്ടാക്കാൻ എല്ലാം പഠിച്ചു. കപ്പലിന് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതും അയാളുടെ ചുമതലയിൽപെട്ടതായിരുന്നു. അതുകൊണ്ട് വളരെ ബുദ്ധിമുട്ടി കണക്കുകൂട്ടി, ഒരു വലിയ കപ്പലിലെ ആളുകൾക്ക് മുഴുവൻ 200 കൊല്ലത്തേയ്ക്ക് ആവശ്യമുള്ള ഉപ്പും, കുരുമുളകുപൊടിയും, അയാൾ ആ കൊച്ചു കപ്പലിൽ കയററിയിരുന്നു.

കടലിലെ തിരകൾക്കിടയിൽ കപ്പലിനെ നയിക്കു ന്നതു് എങ്ങിനെയെന്ന് ആ യാത്രയ്ക്കിടയിൽ അയാൾ പഠിച്ചു അതിസമൎത്ഥനായ ഒരു നാവികനാണ് താനെ ന്ന് അയാൾ അഭിമാനിച്ചു അതുകൊണ്ട് തൻെറ സാമ ൎത്ഥ്യം മററുള്ളവരെ മനസ്സിലാക്കാൻവേണ്ടി കപ്പലിൻെറ സ്ഥാനം എവിടെയാണെന്ന് കണക്കുകൂട്ടി പറയാമെന്ന് അയാൾ അഹങ്കരിച്ചു. പാകളിൽ കാററുപിടിച്ച് ഹോ ണോലുലു ദ്വീപിൻെറ അടുക്കലേയ്ക്ക് അപ്പോഴെയ്ക്കും ക പ്പൽ വളരെ ദൂരം പോയിക്കഴിഞ്ഞിരുന്നു. പക്ഷെ അയാ ളുടെ കണക്കുപ്രകാരം കപ്പൽ അപ്പോഴും അത്‌ലാൻറി ക്ക് സമുദ്രത്തിൻെറ കൃത്യം മദ്ധ്യത്തിലായിരുന്നു.

തൻെറ കണക്കുകൾ അങ്ങിനെ എപ്പോഴും തെററിപ്പോയതുകൊണ്ട് അയാൾക്ക് ഒരു കുലുക്കവുമുണ്ടായിരുന്നില്ല! ഓരോ ബാലനും, ആഗ്രഹിക്കുന്ന ധീരവും, മനോഹരവുമായ സ്വപ്നജീവിതത്തിലായിരുന്ന അയാൾ കപ്പലിൻെറ മുകളിൽ ആടുകയും പാടുകയും ചെയ്തു. ഒന്നുകൊണ്ടും അയാളുടെ ആനന്ദത്തിന് കുറവുണ്ടായിരുന്നില്ല! ഒരിക്കൽ കപ്പലിലെ വെള്ളം തീൻപോയി. രണ്ടാഴ്ചക്കാലത്തേക്ക് കപ്പലിൽ ഒരുതുള്ളി വെള്ളംപോലും ഉണ്ടായിരുന്നില്ല. പൊരിയുന്ന വെയിൽ, ദാഹംകൊണ്ട് മരിച്ചുപോകുമോ എന്നുപോലും അവർ ഭയപ്പെട്ടു. സൂര്യൻെറ ചൂടിൻെറ കൂടുതൽ കൊണ്ടു കപ്പലിൻെറ ഡെക്കിലുണ്ടായിരുന്ന ചില ലോഹക്കമ്പികൾ മെഴുകുപോലെ ഉരുകി!!

ഈ സംഭവങ്ങൾക്കുശേഷം സംഭവബഹുലമായ നിരവധി വർഷങ്ങൾ കഴിഞ്ഞു. ഇതിനിടയ്ക്കു് മാർട്ടിൻ ജോൺസൺ ലോകത്തിൻെറ അങ്ങോളമിങ്ങോളം സഞ്ചരിച്ചിട്ടുണ്ട്. അയാൾ ഏഴു സമുദ്രങ്ങളുടെയും അക്കരെ കണ്ടിട്ടുണ്ട്. തെക്കൻകടലിലെ മനോഹരങ്ങളായ ചെറുദ്വീപുകൾ മുതൽ ആഫ്രിക്കയിലെ പകൽപോലും കൂരിരുളിൽ പുതച്ചുകിടക്കുന്ന ഘോരവനാന്തരങ്ങൾവരെ അയാളുടെ കാലുകൾ പിന്നിലാക്കിയിട്ടുണ്ട്. മനുഷ്യരെ തിന്നുന്ന പ്രാകൃതമനുഷ്യരുടെ ഫോട്ടോ ആദ്യമായി എടുത്തുകൊണ്ടു വന്നതു് അയാളാണ്. പൊക്കംകുറഞ്ഞ പിശ്മികളുടെയും, നീഗ്രോ രാക്ഷസന്മാരുടെയും, കാട്ടാനകളുടെയും ഫോട്ടോ അയാളെടുത്തു. അനേകായിരം അത്ഭുതജീവികളെ അയാൾ അമേരിക്കയിലേക്ക് കയററുമതിചെയ്തിട്ടുണ്ട്.

വന്യജന്തുക്കളുടെ ജീവിതരീതി വർണ്ണിക്കുന്ന സിനിമാചിത്രങ്ങൾ ഒട്ടേറെ അയാളുടെ ക്യാമറ പകൎത്തിയിട്ടുണ്ട്. അയാളെടുത്ത ഫിലിമുകൾ ലക്ഷക്കണക്കിന് തീയേററുകളിൽ ആളുകളെ ആകർഷിച്ചിട്ടുണ്ട്. നശിച്ചുകൊണ്ടിരിക്കുന്ന ആഫ്രിക്കയിലെ അത്ഭുതജീവികളുടെ നശിക്കാത്ത ചിത്രങ്ങൾ അദ്ദേഹം എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. ഒരുപക്ഷെ ആ ജീവികളെല്ലാം ഭൂമുഖത്തുനിന്ന് അന്തർദ്ധാനം ചെയ്തശേഷം നിങ്ങളുടെ മക്കളും, മരുമക്കളും, പുത്രപൌത്രാദികളും ആ ചിത്രങ്ങൾ കണ്ട് അത്ഭുതസ്ഥിമിതരായേക്കാം.

വിശപ്പില്ലാത്ത ഒരു സിംഹം മനുഷ്യന്റെ ഗന്ധം കേട്ടാൽ അനങ്ങുകയില്ലെന്ന് മാർട്ടിൻ ജോൺസൺ പറയുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ കാർ പതിനഞ്ച് സിംഹങ്ങളുടെ മദ്ധ്യത്തിൽ അറിയാതെ അകപ്പെട്ടു. പക്ഷെ ആ സിംഹങ്ങൾ പൂച്ചക്കുഞ്ഞുങ്ങളെപ്പോലെ കണ്ണു ചിമ്മിക്കൊണ്ട് അനങ്ങാതെ കിടക്കുകയാണ് ചെയ്തതു്. ഒരു സിംഹം പതുക്കെ നടന്നുവന്ന് കാറിന്റെ മുൻചക്രത്തിന്റെ ടൈയർ കടിച്ചുതിന്നാൻ നോക്കുകപോലും ചെയ്തു. വേറൊരിക്കൽ അദ്ദേഹം ഒരു പെൺസിംഹത്തിന്റെ തൊട്ടടുത്ത് കാർ നിൎത്തി. ആ സിംഹികയ്ക്ക് കയ്യുയൎത്തിയാൽ മതിയായിരുന്നു നഖങ്ങൾകൊണ്ട് കാറിൽ തൊടുവാൻ. പക്ഷെ അതിന്റെ ശരീരത്തിലെ ഒരു രോമംപോലും ചലിച്ചില്ല. അതു് ഉറങ്ങിയതുപോലെ വെയിലത്ത് കണ്ണുമടച്ച് കിടന്നു. ഒരാൾ മാർട്ടിൻ ജോൺസനോട് ചോദിച്ചു, അപ്പോൾ വളരെ മൎയ്യാദയുള്ള ഒരു സാധുജന്തുവാണ് സിംഹമെന്നാണോ നിങ്ങളുടെ അഭിപ്രായം.

അദ്ദേഹം പറഞ്ഞു, "ഒരിക്കലും അല്ല. ആത്മഹത്യ ചെയ്യാൻ ഏററവും എളുപ്പവഴി ഒരു സിംഹത്തെ ഉപദ്രവിക്കയാണു്. അതിനെ വിശ്വസിക്കുന്നവക്കു് അപകടം പിണയുന്നതു് എപ്പോഴാണെന്നു് ഈശ്വരനുപോലും അറിഞ്ഞുകൂടാ. ആക്രമിക്കുന്ന സിംഹത്തേക്കാൾ ഭയങ്കരനായ ഒരെതിരാളി ലോകത്തിലില്ല. നൂറു റാത്തൽ ഘനമുള്ള ഡയണാമിററു് പൊട്ടുന്നതുപോലെ ഭീകരമാണു് അതു്. ഒരൊററ ചാട്ടത്തിനു് 40 അടി ദൂരെ പോകാനും പുള്ളിമാനേക്കാൾ വേഗത്തിൽ നിരപ്പായ നിലത്തു് ഓടാനും അതിനു് സാധിക്കും."

മരണത്തിൽനിന്നു് ഏററവും നേരിയ രക്ഷ പ്രാപിക്കൽ ഏതാണെന്നു് ചോദിച്ചാൽ അദ്ദേഹം പറയും, "ഒ! അനേകം പ്രാവശ്യം ഞാൻ മരണത്തിനടുക്കലെത്തിയിട്ടുണ്ടു്, പക്ഷെ അതൊക്കെ നല്ല തമാശാണു്."

അയാൾ മരണത്തോടു് ഏററവും അടുത്ത ഒരു സന്ദർഭം തെക്കൻകടലിലെ ചെറുദ്വീപുകളിലൊന്നിൽ വെച്ചാണു്. അന്നു് അയാളെ അടുപ്പത്തു വെച്ച ഒരു ചെമ്പുപാത്രത്തിലിട്ടു് വേവിച്ചുകളയുമായിരുന്നു. അവിടെയുള്ള മനുഷ്യരെ തിന്നുന്ന കാട്ടുജാതിക്കാരുടെ ഫോട്ടോ എടുക്കാൻ ശ്രമിച്ചപ്പോഴാണു് അതു സംഭവിച്ചതു്.

വെള്ളക്കാർ കാട്ടുജാതിക്കാർ വസിക്കുന്ന ദ്വീപുകളെ ആക്രമിച്ചു് അടക്കുന്ന കാലം പ്രാകൃതരെ പിടിച്ചു് അടിമകളായി വിൽക്കുകയായിരുന്നു അവരുടെ തൊഴിൽ. അപരിഷ്കൃതരായ നാട്ടുകാക്കു്, വെറുപ്പും സംശയവും വിശപ്പും ഉണ്ടായിരുന്നു. അനവധി വെള്ളക്കാരെ പിടിച്ചു് അവർ കൊന്നു തിന്നു. മാർട്ടിൻ ജോൺസനെ കയ്യിൽ

കിട്ടിയപ്പോൾ വെള്ളത്തിൽ പുഴങ്ങിയാൽ അത്താഴത്തിനായി എന്ന് അവർ കരുതി. അതുകൊണ്ട് അവരുടെ പ്രധാനിയോട് തന്നെ കൊല്ലരുതെന്നും അവൎക്കു നൽകാൻ അനവധി സമ്മാനങ്ങൾ താൻ കൊണ്ടുവന്നിട്ടുണ്ടെന്നും അയാൾ പറഞ്ഞു. പത്തുപന്ത്രണ്ടു പേർ അയാളുടെ അടുക്കലേക്ക് നടന്നടുത്തുതുടങ്ങി. അയാളുടെ കയ്യിൽ ഒരു കൈത്തോക്കുണ്ടായിരുന്നു. നൂറുനൂറു പേർ ചുററും നിൽക്കുമ്പോൾ ഒരു കൈത്തോക്കുകൊണ്ട് എന്താണ് പ്രയോജനം? ഭയത്തിൻെറ വിയർപ്പുതുള്ളികൾ അയാളുടെ നെററിയിൽ പൊടിച്ചു. ഹൃദയം ഇടിക്കുകയും പിടക്കുകയും ചെയ്തു. പക്ഷെ ധീരനായി ശാന്തനായി സംസാരിച്ചുകൊണ്ടിരിക്കാതെ യാതൊരു രക്ഷയുമില്ല എന്നു അയാൾക്കറിയാം. മനുഷ്യമാംസം തിന്നാനുള്ള കൊതികൊണ്ട് നാക്ക് നുണച്ചിറക്കുന്ന എട്ടുപേർ അയാളുടെ അടുക്കലേക്ക് പതുക്കെ പതുക്കെ നടന്നടുത്തു. ജീവിതത്തിൽ ആദ്യമായി താനൊരു ലോകസഞ്ചാരിയായതിൽ അയാൾക്ക് സങ്കടം തോന്നി. അച്ഛനെപ്പോലെ നാട്ടിൽ ഒരു സ്വൎണ്ണവ്യാപാരിയായെങ്കിൽ! പെട്ടെന്ന് ഒരത്ഭുതം സംഭവിച്ചു. ഒരിംഗ്ലീഷ് കപ്പലിൻെറ ബോട്ട് കരയ്ക്കണഞ്ഞു. തോക്കുകളുമായി 20 പേർ കരയ്ക്കിറങ്ങി. നാട്ടുകാർ തുറിച്ചുനോക്കി. പെട്ടെന്ന് ജോൺസൺ ഒരു വിദ്യയെടുത്തു. "അതാ എൻെറ ആൾക്കാർ വന്നിരിക്കുന്നു; വന്ദനം എന്നു പറഞ്ഞുകൊണ്ട് ആരും തടുക്കുന്നതിനുമുമ്പ് അയാൾ അവരുടെ അടുക്കലേക്ക് ഓടി. ഇംഗ്ലീഷുകാരും അമേരിക്കക്കാരും തമ്മിലുള്ള വ്യത്യാസം ആ പാവപ്പെട്ട നാട്ടുകാർക്കെന്തറിയാം?

# 13. ഹോവാർഡ് തഴ്സ്റ്റൺ

തീവണ്ടി മാറിക്കയറിയതുകൊണ്ട്
ലോകപ്രസിദ്ധനായിത്തീർന്ന പാതിരി.

അറുപതു് വർഷങ്ങൾക്ക് മുൻപ്, തണുത്തുവിറയ്ക്കുന്ന ഒരു രാത്രി ചിക്കാഗോ നഗരത്തിലെ ഒരു നാടകശാലയിൽനിന്ന് ആളുകൾ പുറത്തേക്ക് വരുന്നു—ഹെർമാൻ എന്ന സുപ്രസിദ്ധ മാന്ത്രികൻെറ പ്രദർശനംകണ്ടു് അത്ഭുതത്തോടെ മടങ്ങിപ്പോകുകയാണ് അവർ.

എന്നാൽ പാതവക്കിൽനിന്ന്, കുളിർവിറയ്ക്കുന്ന ഒരു ബാലൻ പത്രം വില്ക്കാൻ ശ്രമിക്കുന്നു. സാധു; അവനു ധരിക്കുവാൻ ഒരു ഉടുപ്പോ, കഴിക്കുവാൻ ആഹാരമോ, കിടക്കുവാൻ ഒരു വീടോ ഇല്ല. അന്നുരാത്രി ആളുകൾ എല്ലാം പോയിക്കഴിഞ്ഞപ്പോൾ തണുപ്പിൽനിന്ന് രക്ഷനേടാൻ വർത്തമാനപ്പത്രങ്ങൾകൊണ്ടു് പൊതിഞ്ഞു് അവൻ തീയററിൻെറ ഒരു മൂലയിൽ ചുരുണ്ടുകൂടി.

വിശപ്പുകൊണ്ടു് വിഷമിച്ചും, തണുപ്പുകൊണ്ടു് വിറച്ചും, അവൻ അവിടെ കിടക്കുമ്പോൾ, താൻ ഭാവിയിൽ ഒരിന്ദ്രജാലക്കാരൻ ആകുമെന്ന് പ്രതിജ്ഞ ചെയ്തു. എന്നു് മാത്രമല്ല, താൻ പ്രസിദ്ധനായ ഒരു ഐന്ദ്രജാലകൻ ആകുമ്പോൾ ഇതേ തീയററിൽ വന്നു് പ്രദർശനം നടത്തുമെന്നും അവൻ പറഞ്ഞു.

ആ ബാലൻെറ പേർ ഹോവാർഡ് എന്നായിരുന്നു—20 സംവത്സരങ്ങൾക്കശേഷം അവൻ പറഞ്ഞതു പോലെതന്നെ സംഭവിച്ചു. ആ പ്രദർശനം നടത്തിയ ശേഷം തീയററിൻെറ പുറകിൽ പോയി, താൻ ഒരു പാവപ്പെട്ട ബാലനായിരുന്നപ്പോൾ ജനാലയിൽ വരഞ്ഞിരുന്ന പേര് കൗതുകത്തോടെ നോക്കിക്കണ്ടു.

മരണസമയത്ത്—13ഏപ്രിൽ, 1936—ഹോവാർഡ് അമേരിക്കയിലെ മാന്ത്രികരുടെ മഹാരാജാവും, ഐന്ദ്രജാലക്കാരുടെ എതിരില്ലാത്ത നേതാവുമായിരുന്നു. മരിക്കുന്നതിനു മുൻപുള്ള നാല്പതു് വർഷങ്ങൾക്കുള്ളിൽ ലോകംമുഴുവൻ അദ്ദേഹം വീണ്ടുംവീണ്ടും ചുററിസഞ്ചരിച്ചു കഴിഞ്ഞു. സുന്ദരികളെ അറുത്തു മുറിച്ചും, നിരയായി നിത്തിയ ആളുകളുടെ ശിരസ്സുകൾ അരിഞ്ഞു് വീഴ്ത്തിയും അയാൾ ആളുകളെ അത്ഭുതസ്ഥിമിതരാക്കി. അദ്ദേഹത്തിന്റെ മാന്ത്രിക പ്രദൾനങ്ങൾ കാണുന്നതിനുവേണ്ടി അക്ഷമരായ ആളുകളുടെ ആവശ്യപ്രകാരം, മൂന്നു പ്രാവശ്യം അദ്ദേഹം ലണ്ടനിലേക്കും പോയിട്ടുണ്ട്. 600 ലക്ഷം ആളുകൾ അദ്ദേഹത്തിൻെറ പ്രദർശനം കാണുകയുണ്ടായി. 60 ലക്ഷത്തിലധികം ഡോളർ അദ്ദേഹം സമ്പാദിച്ചു.

അദ്ദേഹം രംഗത്തു് പ്രദർശിപ്പിക്കുന്ന അത്ഭുതങ്ങളേക്കാൾ വളരെയധികം അത്ഭുതകരമായിരുന്നു അദ്ദേഹത്തിൻെറ ജീവിതകഥ.

ഒരു ബാലനായിരുന്നപ്പോൾ, കുതിരവണ്ടി അല്പം വേഗത്തിലോടിച്ചതിനു്, അച്ഛൻ അവനെ ചാട്ടകൊണ്ടു് അടിച്ചു. വേദനകൊണ്ടും, ദേഷ്യംകൊണ്ടും സഹിക്ക

വയ്യാതെ അവൻ വീട്ടിൽനിന്ന് ഒളിച്ചോടി. പിന്നീട് അഞ്ചുകൊല്ലത്തേക്ക് അപ്പനും അമ്മയും അവനെക്കുറിച്ച് കേട്ടിട്ടില്ല. അവൻ മരിച്ചുപോയിരിക്കും എന്നവർ വിചാരിച്ചു.

അവൻ മരിക്കാതിരുന്നതു് യഥാൎത്ഥത്തിൽ വലിയ അത്ഭുതമായിരുന്നു. അവൻ തെണ്ടിപ്പിള്ളരുമായി തല്ല് പിടിച്ചു; ടിക്കററില്ലാതെ തീവണ്ടിയിൽ യാത്ര ചെയ്തു; വഴിനീളെ പിച്ചതെണ്ടി; പീടികത്തിണ്ണകളിൽ കിടന്നുറങ്ങി. അനേകം പ്രാവശ്യം അവനെ പോലീസുകാർ അറസ്റ്റ്ചെയ്തു; ഇടിക്കുകയും, തല്ലുകയും, ചവിട്ടുകയും ചെയ്തു. ആളുകൾ അവൻെറ തലയിൽ ചൂടുവെള്ളമൊഴിച്ചു; തീവണ്ടിയിൽനിന്ന് തള്ളിത്താഴെയിട്ടു; അവൻെറ നേരെ വെടിവെയ്ക്കുകപോലും ചെയ്തു.

അവൻ ഒരു കള്ളച്ചൂതു് കളിക്കാരനും, പന്തയക്കുതിര സവാരിക്കാരനും ആയിരുന്നിട്ടുണ്ട്. പതിനേഴാമത്തെ വയസ്സിൽ, ഒരു നേരത്തെ ആഹാരത്തിന് പണമോ, ഒരു സ്നേഹിതനോ ഇല്ലാതെ, ന്യൂയോക്കിലെ തെരുവീഥിയിൽ അലഞ്ഞുനടന്നു

പെട്ടെന്ന് ഒരു ദിവസം അവൻെറ ജീവിതത്തിൽ വലിയൊരു പരിവൎത്തനം വന്നു. ഒരു മതപ്രസംഗം കേൾക്കുവാൻ ഇടയായപ്പോൾ, "നിങ്ങളിൽ ഓരോരുത്തരിലും ഒരു മനുഷ്യനുണ്ട്!" എന്ന വാക്കുകൾ അവൻെറ ശ്രദ്ധയിൽപെട്ടു.

ജീവിതത്തിൽ ഒരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്തതുപോലെ പാപത്തെക്കുറിച്ച് അവന് ബോധമുണ്ടായി.

കണ്ണുനീരോടെ ആ മതപ്രസംഗകൻെറ അടുക്കൽ അവൻ ചെന്നു. രണ്ടാഴ്ചക്കുശേഷം ആ തെരുവുതെണ്ടിച്ചെറുക്കൻ ചൈനയിലെ തെരുവുമൂലകളിൽ ക്രിസ്തുമതപ്രചരണം തുടങ്ങി!

ജീവിതത്തിൽ ആദ്യമായി അവനു് ജീവിച്ചിരിക്കുന്നതിൽ എന്തെന്നില്ലാത്ത ആഹ്ലാദം, തോന്നി. എന്നും ഒരു മിഷനറിയായിരിക്കാൻ അവൻ ആഗ്രഹിച്ചു.

പതിനെട്ടു് വയസ്സ് പ്രായം മാത്രമുണ്ടായിരുന്ന അവൻ അന്നുവരെ യാതൊരു സ്കൂളിലും പോയിട്ടില്ല വലിയ ബോർഡുകളിൽ എഴുതിയിരിക്കുന്നതു് എന്താണെന്നു് അറിയാവുന്നവരോട്ടു് ചോദിച്ചു്, കുറേശ്ശെ വായിക്കാൻ പഠിച്ചിരുന്നു. അതുതന്നെ എഴുതാനോ, കണക്കു് കൂട്ടാനോ അവനു് അറിഞ്ഞുകൂടാ. ബൈബിൾ സ്കൂളിൽ ചേൎന്നു് രാത്രിയും പകലും പരിശ്രമിച്ചു് അവൻ വേഗം എഴുതാനും വായിക്കാനും പഠിച്ചു.

ഒടുവിൽ ജീവിതം മുഴുവൻ ഒരു പാതിരിയാകാൻ നിശ്ചയിച്ചു്, ഉയൎന്ന പഠനത്തിനുവേണ്ടി പെൻസിൽവാനിയയിലേക്കു് പോകുമ്പോഴാണു് ഒരു ചെറിയ സംഭവമുണ്ടായതു്. അബദ്ധത്തിൽ ഒരു തീവണ്ടിയിൽ മാറിക്കയറി. തെററു മനസ്സിലാക്കിയ അവൻ അടുത്ത സ്റ്റേഷനിൽ ഇറങ്ങി. എന്നാൽ തിരിച്ചു പോകാനുള്ള വണ്ടിക്കു് ഒന്നുരണ്ടു മണിക്കൂർ താമസമുണ്ടായിരുന്നു. ആ സമയം കളയാൻ അവൻ അടുത്തുണ്ടായിരുന്ന ഒരു തീയററിൽ കയറി. അവിടെ 'ഹെർമാൻ' എന്ന പ്രസിദ്ധ മാന്ത്രികൻ പ്രദർശനം നടത്തുകയായിരുന്നു. ബാല്യം മുതൽ

തൻെറ ആരാധനാപാത്രമായ ഹെർമാനോട്ട് സംസാരിക്കണമെന്ന് ഹോവാർഡിന് അതിയായ ആഗ്രഹം തോന്നി.

ഹെർമാൻ താമസിച്ചിരുന്ന ഹോട്ടലിൽതന്നെ അയാളും മുറിയെടുത്തു. അടുത്ത മുറിയിലെ താക്കോൽ പഴുതിൽക്കൂടി അവൻ ആ പ്രശസ്ത മാന്ത്രികനെ നോക്കിക്കണ്ടു. അനവധി പ്രാവശ്യം മുറിയുടെ വാതില്ക്കൽ കൂടി അങ്ങുമിങ്ങും നടന്നു. എന്നിട്ടും ഹോവാർഡിനു ആ മാന്ത്രികനോട്ട് സംസാരിക്കുവാൻ ധൈര്യമുണ്ടായില്ല.

പിറെറ ദിവസം ഹെർമാനെ റെയിൽവെ സ്റ്റേഷൻ വരെ ഹോവാർഡ് പിൻതുടന്നു. ഹെർമാൻ 'സൈറക്ക്യൂസിലേക്ക്' ടിക്കററ് എടുത്തു ഹോവാർഡിനു പോകേണ്ടതു് ന്യൂയോക്കിലേക്കാണു്. എങ്കിലും അയാൾ 'സൈറക്ക്യൂസി'ലേയ്ക്കുതന്നെ ടിക്കററ് എടുത്തു. അതാണ് ഹോവാർഡിൻെറ വിധി നിർണ്ണയിച്ചതു്. ഹെർമാൻെറ സഹായത്തോടെ അവൻ അങ്ങിനെ ഒരു ലോകപ്രസിദ്ധനായ ഐന്ദ്രജാലകനായി.

തൻെറ പ്രസിദ്ധിയുടെ സുവർണ്ണകാലത്തു് ഒരു പ്രദർശനത്തിനു് 10,000 ഡോളർവരെ അദ്ദേഹത്തിന് പ്രതിഫലം ലഭിച്ചിട്ടുണ്ടു് എന്നാൽ തൻെറ ജീവിതത്തിൽ ഏററവും ആഹ്ലാദപ്രദങ്ങളായ ദിവസങ്ങൾ, ഒരു ദിവസം ഒരു ഡോളറിനു് ചീട്ടുകൊണ്ടു് മാജിക്ക് കാണിച്ചു് സ്കൂൾതോറും ചുററിനടന്നപ്പോൾ ആയിരുന്നുവെന്ന് അയാൾ പറയുന്നു.

ഒരു കാലത്തു് അദ്ദേഹത്തിൻെറ പേർ ഓരോ അമേരിക്കക്കാരനും ഉച്ചരിച്ചു കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ അത്ഭുതവിദ്യകൾ ഒടുങ്ങാത്ത ഒരു സംസാരവിഷയമായിരുന്നു. പത്രങ്ങൾ വലിയ അക്ഷരങ്ങളിൽ അദ്ദേഹത്തിൻെറ പ്രദർശനങ്ങളെ പ്രകീർത്തിച്ചു.

എങ്കിലും, സാധാരണ മാജിക്കുകാരേക്കാൾ അധികമായിട്ടൊന്നും തനിക്കു് അറിഞ്ഞുകൂടാ എന്നു് അദ്ദേഹം സമ്മതിക്കുന്നു. പിന്നെ അദ്ദേഹത്തിൻെറ വിജയരഹസ്യം എന്താണു്?

രണ്ടു കാര്യങ്ങളാണു് അതിൽ പ്രധാനം. ഒന്നാംതരം ഒരു നടനായിരുന്നു അദ്ദേഹം. കാണികളെ എങ്ങിനെയാണു് അഭിനയസാമർത്ഥ്യം കൊണ്ടു് ആകർഷിക്കേണ്ടതു് എന്നു് അദ്ദേഹത്തിന്നു് അറിയാമായിരുന്നു. മാന്ത്രികവിദ്യകളേക്കാൾ മനുഷ്യമാനസത്തേക്കുറിച്ചുള്ള അറിവാണു് പലപ്പോഴും ഒരു മാന്ത്രികനെ സഹായിക്കുക. അദ്ദേഹം രംഗത്തു് പ്രദർശിപ്പിച്ച ഓരോ അംഗചലനവും, സ്വരത്തിൻെറ ചെറിയ വ്യത്യാസവും പുരികം ഒന്നു് വളയ്ക്കുന്നതുപോലും, അനവധി പ്രാവശ്യം സ്വകാര്യമുറിയിൽവച്ചു് ചെയ്തുചെയ്തു് ഉറപ്പിച്ചിട്ടുള്ളതായിരിക്കും. അതെല്ലാം ഒരു നിമിഷംപോലും തെററിക്കാതെ അദ്ദേഹം സ്റ്റേജിൽ പ്രദർശിപ്പിക്കും.

മറെറാരു കാര്യം അദ്ദേഹം കാണികളെ രസിപ്പിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നുവെന്നതാണു്. ചിലപ്പോൾ അണിയറയിൽവച്ചു് സ്വയം മതിമറന്നു്

അദ്ദേഹം പിറുപിറുക്കും; "ജീവിച്ചിരിക്കുന്നതു് എന്തു സന്തോഷമാണു്, എനിക്കു് കാണികളെ രസിപ്പിക്കുന്നതു് വലിയ ആഹ്ലാദമാണു്. ആഹ്ലാദം! ആഹ്ലാദം!!

അതെ! സ്വയം ആഹ്ലാദം അനുഭവിക്കാത്തവനു് മററുള്ളവരെ ആഹ്ലാദിപ്പിക്കാൻ സാധിക്കുകയില്ല.

# 14. വില്യം റാൻഡോൾഫ്.

30 കോടി ക. സമ്പാദ്യമുണ്ടായിട്ടും ദിവസത്തിൽ 15 മണിക്കൂർ വീതം ജോലിചെയ്യു കുബേരൻ.

പത്തുലക്ഷം ഉറുപ്പിക ലഭിച്ചാൽ നിങ്ങൾ എന്തു് ചെയ്യുമെന്നു് ആലോചിച്ചു നോക്കിയിട്ടുണ്ടോ? വില്യം റാൻഡോൾഫിന്നു് ഒരു മാസം പത്തുലക്ഷം ഉറുപ്പിക വീതം വരവുണ്ടായിരുന്നു; അതായതു് ഒരു ദിവസം 30,000ക. ഏകദേശം നിങ്ങൾ അദ്ദേഹത്തെക്കുറിച്ചുള്ള ഈ ലഘു ജീവിതചിത്രം, വായിച്ചുകഴിയുമ്പോഴേക്കും അദ്ദേഹത്തിന്നു് മുന്നൂറു് ഉറുപ്പികയോളം ആദായം ലഭിച്ചിരിക്കും!

വില്യം റാൻഡോൾഫ് എന്നു് ആരും അദ്ദേഹത്തെ വിളിക്കാറില്ല അടുത്തസ്നേഹിതന്മാർ പോലും പേരിന്റെ രണ്ടക്ഷരമാണു് അദ്ദേഹത്തെ വിളിക്കാൻ ഉപയോഗിക്കുക. അദ്ദേഹത്തിന്റെ കീഴിൽ ജോലിചെയ്യുന്ന 70,000 ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ "മുതലാളി" എന്നും വിളിക്കും

കോടിക്കണക്കിന്നു് ആളുകൾ അദ്ദേഹം നടത്തുന്ന അനേകം വർത്തമാനപ്പത്രങ്ങൾ വായിക്കുന്നു. ലോകത്തിലെ ഏററവും ധനികനായ പ്രസാധകൻ അദ്ദേഹമാണു്. അമേരിക്കയിൽ അദ്ദേഹത്തിന്റെ പത്രം എത്താത്ത

ഒരൊററ വീടുപോലും കാണുകയില്ല. പക്ഷേ അദ്ദേഹ ത്തെക്കുറിച്ച് വളരെപ്പേൎക്കും അധികമൊന്നും അറിഞ്ഞുകൂടാ. ഇന്ത്യയിലെ കോൺഗ്രസ് നേതാക്കന്മാരേക്കുറിച്ച് അമേരിക്കക്കാർക്ക് റാൻഡോൾഫിൻെറ സ്വകാര്യ ജീവിതത്തേക്കാൾ കൂടുതൽ അറിയാം.

കോടീശ്വരനായ ഈ പത്രപ്രവൎത്തകനെക്കുറിച്ചുള്ള ഏററവും അത്ഭുതകരമായ വസ്തുത, അയാൾ മഹാ നാണംകുണുങ്ങിയും ലജ്ജാശീലനുമാണെന്നുള്ളതാണ്. അമ്പതുകൊല്ലമായി ലോകപ്രസിദ്ധനുമായി അയാൾ പരിചയമായിക്കഴിയുന്നു. എന്നാൽ ഒരപരിചിതനെ പരിചയപ്പെടുന്നകാര്യം അയാൾക്ക് മഹാ പ്രയാസമാണ്.

പത്തുമുതൽ അമ്പതുവരെ അതിഥികൾ അദ്ദേഹത്തിൻെറ വീട്ടിൽ എപ്പോഴുമുണ്ടാകും. പക്ഷേ ആരുമറിയാതെ തനിച്ച് ഒരിടത്തിരുന്ന് ചീട്ടുകൊണ്ട് ഭാഗ്യം പരീക്ഷിക്കാനാണ് അയാൾ ഏററവും ഇഷ്ടപ്പെടുന്നത്. ന്യൂയോർക്കിലായിരിക്കുമ്പോൾ, സ്പടിക ജനലുകളിൽ വില്പാൻ വച്ചിരിക്കുന്ന വസ്തുക്കൾ തെരുവിലൂടെ നടന്ന് നോക്കിക്കാണുന്നതാണ് അയാൾക്ക് ഏററവും ഇഷ്ടമുള്ള വിനോദം!

കാലിഫോർണിയായിൽ അദ്ദേഹത്തിന് ഒരു വലിയ എസ്റ്റേററ് ഉണ്ട്. അതിന് ഏതാണ്ട് അമ്പതു് മൈൽ നീളവും, രണ്ടുലക്ഷത്തി അമ്പതിനായിരം ഏക്കർ വിസ്താരവും ഉള്ളതാണ്.

സമുദ്രനിരപ്പിന് 2000 അടി ഉയരത്തിൽ "മാന്ത്രികമല" എന്ന പേരിൽ ഒരു മഹാസൌധം അദ്ദേഹം

പണികഴിപ്പിച്ചിരിക്കുന്നു. അതിനുവേണ്ടി കോടിക്കണക്കിന് പണം അദ്ദേഹം ചെലവഴിച്ചിട്ടുണ്ട്.

ഫ്രാൻസിലെ ചക്രവത്തിമാർ ഉപയോഗിച്ചിരുന്ന വിലയേറിയ പരവതാനികളാണ് അതിൽ വിരിച്ചിരിക്കുന്നത്. ഒരുലക്ഷം മുതൽ അമ്പതുലക്ഷം വരെ ഉറുപ്പികകൊടുത്തു് വാങ്ങിയ ലോകപ്രസിദ്ധന്മാരായ ചിത്രകാരന്മാരുടെ ചിത്രങ്ങൾ കൊണ്ടു് അതിന്റെ ചുമരുകൾ അലങ്കരിച്ചിരിക്കുന്നു. ഇരുന്നൂറുപേർക്ക് നിരന്നിരിക്കാവുന്ന ഒരു വലിയ മേശയാണ് അദ്ദേഹം അതിഥികൾക്ക് ഭക്ഷണം വിളമ്പുവാൻ ഉപയോഗിക്കുന്നതു്. സ്വർണ്ണം കൊണ്ടു് നിർമ്മിച്ച പാനപാത്രങ്ങളിൽ വീഞ്ഞു് പകന്നു് വെക്കുന്നു. എന്നാൽ അതിഥികൾക്ക് കൈകഴുകിയിട്ട് തുടക്കാൻ അദ്ദേഹം ഏററവും വിലകുറഞ്ഞ കൈലേസുകളാണു് സൂക്ഷിച്ചിരിക്കുന്നതു്.

അദ്ദേഹത്തിന് സ്വന്തമായി ഒരു കാഴ്ചബംഗ്ലാവുണ്ടു്. അതിലുള്ള മൃഗങ്ങളുടെ എണ്ണം അമേരിക്കൻ ഗവർമ്മേണ്ടിന്റെ കാഴ്ചബംഗ്ലാവിനേക്കാൾ കൂടുതലാണു്. വരയൻ കുതിരകൾ, കാട്ടുപോത്തുകൾ, കംഗാരു, കടുവാ, പുലി, സിംഹം മുതലായ വന്യജന്തുക്കൾ മാത്രമല്ല, ആയിരത്തിലധികം വിവിധതരം പക്ഷികളേയും അദ്ദേഹം സ്വന്തം കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കുന്നു.

ചിലപ്പോൾ ഫ്രാൻസിലും, ഇംഗ്ലണ്ടിലും ഒക്കെയുള്ള ചില പുരാതന കെട്ടിടങ്ങൾ അദ്ദേഹം വിലക്കുവാങ്ങും. ഈയിടെ ഫ്രാൻസിൽ ലൂയി XIV-ാമൻ താമസിച്ചിരുന്ന ഒരു കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ അദ്ദേഹം

വിലക്കു വാങ്ങി എന്നിട്ട് അതു് കല്ലുകളായി പൊളിച്ചെടുത്തു് അമേരിക്കയിലേക്ക് കൊണ്ടുവന്നു. അതിൽ ഓരോ കല്ലും നമ്പ്ര് ഇട്ട് ലേബൽ ഒട്ടിച്ചിരുന്നു. എന്തിനെന്നോ? അമേരിക്കയിൽ കൊണ്ടുവന്ന് കൃത്യമായി പഴയപടിതന്നെ ആ കൊട്ടാരം രണ്ടാമതും പണിയുവാൻ!

കലാവസ്തുക്കൾ വാങ്ങിവാങ്ങി അദ്ദേഹത്തിന്ന് അതു് സൂക്ഷിക്കുവാൻ സ്ഥലമില്ലാതായി. ഒടുവിൽ അതിന്നുവേണ്ടിത്തന്നെ വലിയൊരു വ്യാപാരശാല വിലക്കുവാങ്ങി. ഇരുപതു് ജോലിക്കാർ നിരന്തരം ജോലിചെയ്തു് അവയെല്ലാം സൂക്ഷിക്കുന്നു. ഒരുവർഷം 600000ക. യോളം അദ്ദേഹത്തിന്ന് ഇതിന്നുവേണ്ടി ചിലവാകുന്നുണ്ടു് ആ കലാശേഖരത്തിൽ B. C. 5000 ന് മുൻപുള്ള ഘടികാരങ്ങൾ മുതൽ ഈജിപ്തിലെപിരമിഡിന്റെ അടിയിൽനിന്ന് കുഴിച്ചെടുത്ത രാജാക്കന്മാരുടെ ശവശരീരങ്ങൾ വരെയുണ്ടു്.

വില്യം റാൻഡോൾഫിൻെറ അച്ഛൻ മിഡോറിയിലെ ഒരു കൃഷിക്കാരനായിരുന്നു. 1849-ൽ സ്വർണ്ണം കണ്ടുപിടിച്ചകാലത്തു് അദ്ദേഹം 2000 മൈൽ നടന്ന് അലാസ്കയിലെത്തി സ്വർണ്ണം കുഴിച്ചെടുത്തു് കോടിക്കണക്കിന്ന് പണം സമ്പാദിച്ചു. ഈ വൃദ്ധൻ മരിക്കുന്നതിന്നു മുൻപ് ബംഗ്ലാവിനടുത്തുള്ള ഒരു വലിയ മരത്തിൻെറ തണലിൽ ഇരിക്കുക ദിവസവും പതിവായിരുന്നു. കുറെ വർഷങ്ങൾക്കു മുൻപ് അദ്ദേഹത്തിൻെറ മകനായ വില്യം ജനാലയിൽക്കൂടി നോക്കിയപ്പോൾ ആ മരം കടലിൻെറ കാഴ്ച മറക്കുന്നതുകണ്ടു. അച്ഛൻെറ പ്രിയപ്പെട്ട മരം

വെട്ടിക്കളയാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല അതുകൊണ്ടു് 120000ക. ചെലവാക്കി അദ്ദേഹം ആ മരം പറിച്ചെടുത്തു് യാതൊരു കേടും കൂടാതെ മുപ്പതു് അടി ദൂരെ കുഴിച്ചുവെച്ചു.

അദ്ദേഹത്തിന്നു് മൃഗങ്ങളോടും മററു് ജീവികളോടും വലിയ സ്നേഹമാണു്. ഉദാഹരണമായി അദ്ദേഹത്തോടു സംസാരിക്കാൻ വേണ്ടി ഹോളിവുഡിൽ നിന്നു് ചില ഫിലിം കമ്പനിക്കാർ വിമാനത്തിൽ പറന്നെത്തിയിരിയ്ക്കയായിരുന്നു. ആ സമയം അദ്ദേഹം അവരോടു് കാത്തിരിക്കാൻ പറഞ്ഞിട്ടു്, തൻെറ വിശേഷപ്പെട്ട ഒരു ഗൌളിയുടെ വാൽ മുറിഞ്ഞതിന്നു് മരുന്നു പുരട്ടാൻ പോയി. അതിനുശേഷം മാത്രമെ അവരോടു് സംസാരിക്കാൻ അദ്ദേഹം കൂട്ടാക്കിയുള്ളൂ. മറെറാരിക്കൽ 1500ക. കൊടുത്തു് അതിവിദഗ്ദ്ധനായ ഒരു ഡോക്ടറെ അദ്ദേഹം 2500 മൈൽ ദൂരെനിന്നുവരുത്തി. എന്തിനെന്നോ? ഒരു കാലൊടിഞ്ഞ "ഗിനിപിഗ്ഗി"നെ ചികിത്സിക്കാൻ!

വില്യം ഒരൊന്നാംതരം കൈത്തോക്കു് പ്രയോഗക്കാരനുമാണു്. പറന്നുപോകുന്ന പക്ഷികളെ അദ്ദേഹം തൻെറ ചെറിയ കൈത്തോക്കുകൊണ്ടു് വെടിവെച്ചു് വീഴിക്കും. ഫോട്ടോയെടുക്കുന്നതും വഞ്ചിതുഴയുന്നതുമാണു് അദ്ദേഹത്തിൻെറ മററു് വിനോദങ്ങൾ.

മററുള്ളവരുടെ സംഭാഷണം ചാതുര്യത്തോടെ അദ്ദേഹം അനുകരിക്കും; നല്ലവണ്ണം നൃത്തം ചെയ്യും. ഒരു നിഘണ്ടുവിനേക്കാൾ നല്ല ഓർമ്മശക്തി അദ്ദേഹത്തിനുണ്ടു്. ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി എട്ടാമന്നു് എത്ര

ഭാര്യമാർ ഉണ്ടായിരുന്നുവെന്നോ? അമേരിക്കയിലെ പ്ര സിദ്ധന്മാർ ആരൊക്കെയായിരുന്നുവെന്നോ നിങ്ങൾ ചോദിക്കുക ഉടൻതന്നെ ക്രമം തെററാതെ കൃത്യമായ ഉത്തരം നിങ്ങൾക്ക് ലഭിക്കും.

ഒരിക്കൽ സുപ്രസിദ്ധ ഹാസ്യ സിനിമാനടനായ ചാർലി ചാപ്ലിനും, ജിമ്മി വാക്കർ എന്നൊരാളും വില്യം റാൻഡോൾഫിൻെറ അതിഥികളായി താമസിക്കുകയായിരുന്നു. ബൈബിളിലെ ഒരു വാചകത്തെക്കുറിച്ച് രണ്ടു പേരും തമ്മിൽ തക്കമായി. ഒരാൾ പറയുന്നത് മററെയാൾ ഒരിക്കലും സമ്മതിച്ചുകൊടുക്കുകയില്ലെന്നായി. ഒടുവിൽ അവർ റാൻഡോൾഫിനോട് ചോദിച്ചു. ബൈബിളിലെ ആ അദ്ധ്യായം മുഴവൻ ഒരക്ഷരം വിടാതെ ഓർമ്മയിൽനിന്നു പറഞ്ഞു് അദ്ദേഹം അവരെ അത്ഭുതപ്പെടുത്തി. അങ്ങിനെ ആ വാദവും അവസാനിച്ചു.

എപ്പോഴും ചെറുപ്പക്കാരുമായി സംസാരിക്കാനാണ് അദ്ദേഹത്തിൻെറ ഇഷ്ടം. തൻെറ സ്നേഹിതന്മാരായി ഒട്ടേറെ യുവാക്കന്മാർ അതുമൂലം അദ്ദേഹത്തിനു ഉണ്ടു്. എന്നാൽ അവരിൽ ആരെയും മരണം എന്ന വാക്ക് പറയാൻപോലും അദ്ദേഹം അനുവദിക്കുകയില്ല.

മുപ്പതുകോടി ഉറുപ്പിക അച്ഛൻ സമ്പാദിച്ചതു് അദ്ദേഹത്തിന് ലഭിച്ചു. ഒരു കുഴിമടിയനായി അദ്ദേഹത്തിന് വേണമെങ്കിൽ നൂറുപ്രാവശ്യം ഭൂമിയിൽ വീണ്ടും വീണ്ടും ജനിച്ച് ജീവിക്കാമായിരുന്നു. എന്നാൽ അതിനു പകരം "രണ്ടുസെൻറ്" മാത്രം വിലയുള്ള ഒരുതരം

വത്തമാനപ്പത്രങ്ങൾ നടത്തി വീണ്ടും പണം സമ്പാദിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. എട്ടുമുതൽ പതിനഞ്ച് മണിക്കൂർ വീതം അദ്ദേഹം അമ്പതുകൊല്ലത്തോളം ദിവസം തോറും വിശ്രമമില്ലാതെ പണിയെടുത്തു ഈശ്വരൻ തന്നെ പൂർണ്ണമായി വിശ്രമിക്കാൻ നിർബന്ധിക്കുന്നതുവരെ വിശ്രമിക്കയില്ല എന്നാണ് അദ്ദേഹത്തിൻെറ നിർബന്ധം.

# 15. ക്ലൈഡു് ബെററി.

കടുവയുടേയും സിംഹത്തിൻെറയും വായിൽ തലവെച്ചുകൊടുക്കാൻ
മടിക്കാത്ത ധീരൻ—
അവയുടെ വായിൽ ദുർഗ്ഗന്ധമില്ലായിരുന്നെങ്കിൽ!

വരയൻ കടുവകൾ അദ്ദേഹത്തെ കടിച്ചുമുറിച്ചിട്ടുണ്ടു്. സിംഹത്തിൻെറ പല്ലുകൾ തുടയിൽ തറഞ്ഞു് കാലിൻെറ എല്ലുവരെ കയറുന്നതു് അയാൾ അനുഭവിച്ചറിഞ്ഞിട്ടുണ്ടു്. ആനകൾ അയാളെ വലിച്ചെറിഞ്ഞിട്ടുണ്ടു്. കരടികൾ ചവിട്ടിയിട്ടുണ്ടു്. കാട്ടുകുരങ്ങുകൾ അദ്ദേഹത്തെ മാന്തുകയും, പുള്ളിപ്പുലികൾ കീറിപ്പൊളിക്കുകയും ചെയ്തിട്ടുണ്ടു്. മുറിവുകളിൽ നിന്നു് ചോരയൊഴുകിക്കൊണ്ടിരിക്കെ ഇരുപത്തിയൊന്നു പ്രാവശ്യം അയാളെ ആസ്പത്രിയിലേക്കു് എടുത്തുകൊണ്ടുപോയിട്ടുണ്ടു്. ഒടുവിലത്തെ പ്രാവശ്യം "നീറോ" എന്ന വലിയ സിംഹം അദ്ദേഹത്തെ മിക്കവാറും ശരിയാക്കിയപ്പോൾ പത്തു് ആഴ്ച മുഴുവൻ അയാൾക്കു് ആസ്പത്രിയിൽ കിടക്കേണ്ടതായിവന്നു; അന്നു് ഇടത്തെകാൽ മിക്കവാറും നഷ്ടപ്പെടേണ്ടതായിരുന്നു!

ലോകത്തിലെ ഏററവും അപായകരമായ ജോലികളിൽ ഒന്നാണു് ക്ലൈഡു് ബററിയുടേതു്. ഇൻഷ്വറൻസ് കമ്പനിക്കാർക്കു് അദ്ദേഹത്തിൻെറ ജീവിതം ഇൻഷ്വർ ചെയ്യാൻ ധൈര്യമില്ല. സർക്കസ്സു് കമ്പനിയിലെ കളിക്കാരിൽ ഇൻഷ്വറൻസു് കമ്പനിക്കാർ പോളിസി കൊടുക്കാത്ത ഏക പ്രദർശകൻ അയാൾ മാത്രമാണു്.

സിംഹങ്ങളേയും, കടുവകളേയും ഇണക്കുന്ന ജോലി ഉപേക്ഷിച്ചെങ്കിലോ എന്ന് അദ്ദേഹം പലപ്പോഴും ആലോചിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു ക്ലാക്കിൻെറയോ മറേറാ ജോലിലഭിച്ചാൽ അദ്ദേഹം മരിച്ചുപോകുമെന്ന് വിശ്വസിക്കുന്നു! ഏതായാലും മരിക്കുകയാണെങ്കിൽ "മുഷിഞ്ഞു്" മരിക്കുന്നതിനേക്കാൾ "മുറിഞ്ഞു്" മരിക്കുവാനാണ് അദ്ദേഹം ആഗ്രഹിക്കുന്നതു്.

തൻെറ ജീവിതത്തിൽ പതിനഞ്ചുവർഷത്തോളം സർക്കസ്സ് കമ്പനിയിൽ സംഭവബഹുലവും രസകരവുമായി കഴിച്ചുകൂട്ടുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടു്. ബാല്യകാലത്തുതന്നെ സർക്കസ്സ് കമ്പനിയിൽ ചേരുവാൻ അയാൾക്കു് വലിയ ഇഷ്ടമായിരുന്നു.

ബാല്യത്തിൽ അയാളുടെ നാട്ടിൽ ഒരു വലിയ സർക്കസ്സ് കമ്പനിക്കാർ കൂടാരമടിച്ചു് പ്രദർശനം തുടങ്ങി. അവരുടെ ഒരു വലിയ പരസ്യച്ചിത്രം ആ ബാലനെ അതിയായി ആകർഷിച്ചു. മഞ്ഞയും ചുവപ്പും വർണ്ണങ്ങൾ നിറഞ്ഞ ആ ചിത്രത്തിൽ ഒരു സിംഹത്തെ ചാട്ടവാർകൊണ്ടു് പറയുന്നതെല്ലാം അനുസരിപ്പിക്കുന്നതുകണ്ടു് അവന് വലിയ കൌതുകം തോന്നി. കമ്പനിക്കാർ പോകുമ്പോൾ ആ ചിത്രം അവന് കൊടുക്കാമോ എന്ന് കമ്പനി ജോലിക്കാരിൽ ഒരാളോടു് അവൻ ചോദിച്ചു. "ഒരാഴ്ച ഞാൻ പറയുന്ന ജോലിയെല്ലാം ചെയ്യാമെങ്കിൽ തരാം" എന്നു് ജോലിക്കാരൻ പറഞ്ഞു. അവൻ സമ്മതിച്ചു.

കേവലം പന്ത്രണ്ടുവയസ്സായ ഈ ബാലന് സ്വന്തം വീട്ടിൽ തന്നെ അന്നു് ഒരു സർക്കസ്സ് കമ്പനിയുണ്ടാ

യിരുന്നു; അല്ലെങ്കിൽ ഉണ്ടെന്ന് അവൻ വിശ്വസിച്ചു. അവൻ പറയുന്നത് എല്ലാം അനുവദിക്കുന്ന അഞ്ചു് നായ്ക്കുട്ടികളായിരുന്നു അവൻെറ സക്കസ്സ് കമ്പനിയിലെ മൃഗങ്ങൾ. അവ അവൻെറ ആജ്ഞാനുസരണം ഇരിക്കുകയും കിടന്നുരുളുകയും, പിൻകാലിൽ നടക്കുകയും ഒക്കെ ചെയ്യുമായിരുന്നു. സക്കസ്സ് കമ്പനിയിൽ നിന്ന് സമ്പാദിച്ച വലിയ പരസ്യചിത്രവും നിവത്തിവെച്ചു് അയലത്തു പിള്ളേരെ വിളിച്ചുകൂട്ടി അവൻ ഇടയ്ക്കിടക്ക് സക്കസ്സ് കളിക്കും. എല്ലാക്കൊല്ലവും സക്കസ്സ് കമ്പനി നാട്ടിൽ വരുമ്പോൾ തനിക്കും ഒരു ജോലി കൊടുക്കണമെന്ന് അവൻ യാചിച്ചു. പക്ഷെ അവനു് വലുപ്പംപോരാ എന്നു് പറഞ്ഞു് അവർ ആ അപേക്ഷകൾ നിരസിച്ചു.

എന്നാൽ ഒരിക്കൽ സക്കസ്സ് കമ്പനി നാട്ടിൽ വന്നു് പോയിക്കഴിഞ്ഞപ്പോൾ ക്ലൈഡ് ബെററിയെ കാണാതായി. മൂന്നു ദിവസത്തേക്കു് അവൻെറ അച്ഛനും അമ്മയും അവനെ എല്ലായിടത്തും അന്വേഷിച്ചു. അമ്മ രാത്രി ഉറങ്ങാതെ കരഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ അവൻെറ എഴുത്തുവന്നു. അവനു് സക്കസ്സ് കമ്പനിയിൽ ഒരു ജോലി കിട്ടി. മാസം അഞ്ചു് ഡോളർ ശമ്പളം. ജോലിയെന്തായിരുന്നുവെന്നോ? മൃഗങ്ങളെ സൂക്ഷിക്കുന്ന കൂടുകൾ അടിച്ചുവാരി വൃത്തിയാക്കുക! പക്ഷെ ആ ജോലി സ്വർഗ്ഗത്തിൽ ജീവിക്കുന്നതിനേക്കാൾ പരമാനന്ദമായിരുന്നു അവനു്.

എന്നാൽ പത്തുസംവത്സരങ്ങൾക്കുശേഷം സിംഹപ്രദർശകരിൽ പ്രഥമനായിത്തീന്നു അദ്ദേഹം. അതിനു് മുൻപു് ആരും ധൈര്യപ്പെടാത്ത അത്ര ധീരവും, അപായ

കരവുമായ ഒരു പ്രദർശനം അയാൾ നടത്തി: കമ്പനി ജോലിക്കാർ പോലും അവൻ ഒരു ഭ്രാന്തനും വിവേകശൂന്യനുമാണെന്ന് വില കല്പിച്ചു. നാല്പതു് അലറുന്ന സിംഹങ്ങളേയും, മുരങ്ങുന്ന കടുവകളേയും ഒരുമിച്ചു് ഒരു വലിയ കൂട്ടിലടച്ചു് ചാട്ടയുമായി അതിനകത്തു് കയറി അയാൾ അവയെ പറയുന്നതു് അനുസരിപ്പിച്ചു. ഈ പ്രദർശനം എല്ലാവരേയും ഒരുപോലെ അത്ഭുതപരതന്ത്രരാക്കിയതിൽ അത്ഭുതമില്ല. കാരണം സിംഹങ്ങളും കടുവകളും ആജന്മശത്രുക്കളായിരുന്നു. കാണുന്ന നിമിഷത്തിൽ തമ്മിൽ കടിപിടികൂട്ടുന്നതായിരുന്നു ഇവയുടെ സ്വഭാവം. പലപ്പോഴും ഈ പ്രദർശനത്തിനിടക്കു് അവ തമ്മിൽ ഘോരമായി സമരങ്ങൾ നടത്തിയിട്ടുണ്ടു്. ഒരിക്കൽ അതിന്റെ ഫലമായി രണ്ടു സിംഹവും ഒരു കടുവയും ചത്തുപോയി. അപായനിലയിൽ മുറിവേററ ക്ലൈഡു് ആസ്പത്രിയിലുമായി. എങ്കിലും ക്ലൈഡിന്റെ അഭിപ്രായത്തിൽ അനുസരിപ്പിക്കാൻ ഏററവും അപായകരമായ ജന്തുക്കൾ സിംഹങ്ങളും കടുവകളും ഒന്നുമല്ല. സിംഹങ്ങൾ, കടുവകൾ, വരയൻ പുലികൾ, പുള്ളിപ്പുലികൾ, ആനകൾ, കരടികൾ ഇവയെ എല്ലാം അദ്ദേഹം പരീക്ഷിച്ചുനോക്കിയിട്ടുണ്ടു്. ഇവയിൽ അടുക്കാൻ ഏററവും അധികം ഭയപ്പെടേണ്ടതു് ധ്രുവക്കരടിയുടെ അടുക്കലാണു് എന്നാണു് അദ്ദേഹം പറയുന്നതു്. അതിലും ഭയപ്പെടേണ്ടതു് സ്വന്തം ഭാര്യയെ ആണെന്നു് ഫലിതമായി അദ്ദേഹം പറയും. ചെയ്യാൻ ഏററവും പ്രയാസമുള്ള പ്രദർശനം ഏതാണെന്നു് ചോദിച്ചാൽ അതു് ഒരു കടുവയെ ആനയുടെ പുറത്തു് സവാരിചെയ്യിക്കലാണു് എന്നു് അദ്ദേഹം

പറയുന്നു. ഒരിക്കൽ ഒരാന അദ്ദേഹത്തെ കൊന്നുകളയേണ്ടതായിരുന്നു! കടുവയുടെ കൂടിനടുക്കൽ പോയതുകൊണ്ടു് അദ്ദേഹത്തിൻെറ ശരീരത്തിൽ കടുവയുടെ ഗന്ധമുണ്ടായിരുന്നതു മാത്രമാണു് അതിന്നു് കാരണം.

മൃഗങ്ങളുടെ കണ്ണുകളിൽ നോക്കി സർക്കസ്സുകാർ അവയെ പറയുന്നതു് അനുസരിപ്പിക്കുമെന്നു് നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. അതിലൊന്നും യാതൊരു അത്ഥവുമില്ലെന്നു് അദ്ദേഹം പറയുന്നു. ലോകത്തിലെ ഏററവും വലിയ സുന്ദരി വന്നു് കണ്ണുകളിലേക്കു് നോക്കിയാലും ഒരു സാധാരണ സിംഹം ഒരു പുല്ലിനുപോലും കൂട്ടാക്കുകയില്ല. പക്ഷെ ആ മൃഗങ്ങൾ അടുത്തു് എന്താണു് ചെയ്യാൻ പോകുന്നതു്. അവയുടെ കണ്ണിൽ നോക്കിയാൽ അറിയാം. അതിനാണത്രേ അദ്ദേഹം അവയുടെ കണ്ണുകളിലേക്കു് നോക്കുന്നതു്.

ഇതുവരെ ലോകത്തിൽ ഒരൊററ സർക്കസ്സ് കളിക്കാരനും ഒരു സിംഹത്തിൻെറ വായിൽ തലയിട്ടിട്ടില്ല. ക്ലൈഡു് പറയുന്നു; "അതിധീരന്മാരും, മഹാമറയന്മാരുമായ പല കളിക്കാരേയും ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ ഒരു സിംഹത്തിൻെറ മൂർച്ചയേറിയ ദംഷ്ട്രകൾക്കിടയിൽ ശിരസ്സ് വെച്ചുകൊടുക്കാൻ മാത്രം ധൈര്യമോ, മറയത്തരമോ ഉള്ള ഒരാളെയും കണ്ടിട്ടില്ല. ഞാൻ ഒരുപക്ഷെ ആ കൃത്യം ചെയ്യുമായിരുന്നു. പക്ഷെ ആ മൃഗത്തിന്റെ വായിലെ ദുർഗ്ഗന്ധം സഹിക്കുവാൻ എനിക്കു് സാധിക്കുന്നില്ല!"

ആളുകൾ പറയുന്നു, ഇരുമ്പുകമ്പി പഴുപ്പിച്ചു് ശരീരത്തിൽ വെച്ചു് പൊള്ളിച്ചാണു് മൃഗങ്ങളെ ഓരോ വിദ്യകൾ അഭ്യസിപ്പിക്കുന്നതു് എന്നു്. എന്നാൽ ക്ലൈഡു്

ബെററി പറയുന്നു; "നിങ്ങൾക്ക് ആത്മഹത്യ ചെയ്യേണമെങ്കിൽ ഏററവും എളുപ്പവഴി ഒരു കടുവയുടേയോ സിംഹത്തിൻെറയോ ശരീരത്തിൽ ഇരുമ്പുകമ്പി പഴുപ്പിച്ചു് വെക്കുകയാണു്!" അദ്ദേഹം മൃഗങ്ങളെ ഇണക്കാൻ പ്രയോഗിക്കുന്ന ആയുധങ്ങൾ ഒരു കസേരയും, ഒരു ചാട്ടയും, ഉണ്ടയില്ലാത്ത തോട്ടകൾ നിറച്ച ഒരു ചെറിയ കൈത്തോക്കും മാത്രമാണു്!

ക്ലൈഡിന്ന് ഏററവും ഇഷ്ടമില്ലാത്ത ഒരു കാര്യമുണ്ടു്. അയാളെ "സിംഹങ്ങളെ ഇണക്കുന്നവൻ" എന്നു വിളിക്കുകയാണു് അതു്. താൻ ഒരൊററസിംഹത്തേയും ഇണക്കിയിട്ടില്ല എന്നു് അദ്ദേഹം പറയുന്നു. അവയെ ചില വിദ്യകൾ പരിശീലിപ്പിക്ക മാത്രമേ ചെയ്തിട്ടുള്ളു. യഥാൎത്ഥത്തിൽ ആഫ്രിക്കയിലെ ഘോരവനങ്ങളിൽ നിന്നു് പിടിക്കുമ്പോഴുള്ള ക്രൂരസ്വഭാവംതന്നെയാണു് സർക്കസ്സു് സിംഹങ്ങൾക്കും. അതു് ദൂരീകരിച്ചു് അതിനെ ഇണക്കാൻ ആൎക്കും സാദ്ധ്യമല്ല. അതിൻെറ വന്യസ്വഭാവം എപ്പോഴാണു് പല്ലുകൾ പുറത്തുകാട്ടുന്നതു് എന്നു് ആൎക്കും നിശ്ചയവുമില്ല.

കാഴ്ച്ചബംഗ്ലാവിൽ പ്രസവിച്ചു് ഉണ്ടായ സിംഹക്കുട്ടികളെക്കാൾ വിദ്യകൾ പരിശീലിപ്പിക്കാൻ എളുപ്പം കാട്ടിൽ നിന്നു് പിടിച്ച സിംഹങ്ങളെയാണു് എന്നാണു് അയാളുടെ അഭിപ്രായം. കാരണം യാതൊരു ബുദ്ധിമുട്ടും കൂടാതെ ആഹാരം കൊടുത്തു് ഓമനിച്ചുവളൎത്തിയ കാഴ്ച്ചബംഗ്ലാവിലെ ജന്തുക്കൾക്കു എന്തെങ്കിലും ജോലിചെയ്യുന്ന കാര്യം മഹാമടിയാണു്

പലർക്കും അറിയാൻ ആഗ്രഹമുള്ള ഒരു കാര്യമാണ് ഒരു പരസ്പരസമരത്തിൽ ഒരു സിംഹമോ, കടുവയോ ജയിക്കുക എന്നുള്ളതു്. ക്ലൈഡ് ബെററിക്കും അതു് ശരിക്കു് അറിഞ്ഞുകൂടാ. പലപ്പോഴും സിംഹങ്ങളും കടുവകളും തമ്മിൽ ഭയങ്കരസമരം നടത്തുന്നതു് അയാൾ കണ്ടിട്ടുണ്ട്. പക്ഷെ ആരാണു് ജയിക്കുക എന്ന കാര്യം നിശ്ചയിക്കാൻ പ്രയാസമാണു്. എന്നാൽ ഒരു പ്രത്യേകത അയാൾക്കു് പറയാനുണ്ടു്. സിംഹങ്ങൾ എപ്പോഴും കൂട്ടമായി നിന്നാണു് സമരം ചെയ്യുക; എന്നാൽ കടുവകൾ ഒററക്കു് ഒററക്കു് ആയിട്ടാണു് എതിർക്കുക. ഒരു സിംഹത്തിനെ മറേറതെങ്കിലും ജന്തു എതിർത്താൽമതി, എല്ലാസിംഹങ്ങളും അവിടെയെത്തുകയായി. ഒരു ബഹളം കണ്ടാൽ അതിൽ പങ്കു ചേരാതിരിക്കാൻ സാധിക്കാത്ത ചെറുബാലന്മാരുടെ സ്വഭാവം തന്നെയാണു് സിംഹത്തിന്റേതു്. എന്നാൽ കടുവക്കു് അത്തരം വർഗ്ഗബോധമൊന്നുമില്ല. ഒരു കടുവയെ അംഗപ്രത്യംഗം കടിച്ചുകീറി കൊലപ്പെടുത്തുന്നതു നോക്കി അനങ്ങാതിരുന്നു് മറെറാരു കടുവ കോട്ടുവാ വിടും!

ലോകത്തിൽ ആർക്കും ഇതേവരെ കാണിക്കാൻ സാധിക്കാത്ത ഒരു കൃത്യമാണു് ഒരു കരടിയെക്കൊണ്ടു് രണ്ടു് കുട്ടിക്കരണങ്ങൾ ഒപ്പം മറിയിക്കുക—ഈ വിദ്യ ക്ലൈഡ് യാദൃച്ഛികമായി കണ്ടുപിടിച്ചതാണു്. ഒരിക്കൽ ഒരാൾക്കരടിയുമായി ക്ലൈഡ് ഒരു കൂട്ടിൽ ഒററക്കു് നില്ക്കുകയാണു്. പല്ലുകൾ പുറത്തുകാട്ടി, കൈനഖങ്ങൾ നീട്ടി ആ കരടി അദ്ദേഹത്തെ കൊല്ലാൻവേണ്ടി അടു

ക്കലേക്കുവന്നു. ജീവൻ രക്ഷിക്കാൻ ഒരു വഴിയുമില്ല എന്ന ദ്ദേഹം അറിഞ്ഞു. പെട്ടെന്നു് രണ്ടുംകല്പിച്ചു് ആ കരടിയുടെ മൂക്കിൽ ഒരൊററ ഇടിവെച്ചുകൊടുത്തു! പെട്ടെന്നു് കരടി അത്ഭുതകരമാംവിധത്തിൽ പുറകോട്ടു് രണ്ടു കുട്ടിക്കരണം മറിഞ്ഞു. ഒരു കരടിക്കു് ഏററവും അധികം ഇഷ്ടമില്ലാത്ത കാര്യമാണു് മൂക്കിൽ തൊടുക എന്നുള്ളതു്. ഇപ്പോൾ കരടിയുടെ മൂക്കിൽ ഇടിക്കയൊന്നും വേണ്ട, ചാട്ടയുടെ തുമ്പുകൊണ്ടു് മൂക്കിൽ തൊട്ടാൽമതി, കരടി രണ്ടു കുട്ടിക്കരണം മറിയും എന്നായിത്തീന്നിരിക്കുന്നു!

ക്ലൈഡു് ബെററിക്കു് ഭയങ്കരവനങ്ങളിലുള്ള എല്ലാ ക്രൂരമൃഗങ്ങളേയും നല്ല പരിചയമുണ്ടു്. എങ്കിലും അദ്ദേഹം ഏററവും ഇഷ്ടപ്പെടുന്ന ജീവി ഏതാണെന്നു് ചോദിച്ചപ്പോൾ അതു് "നായ്ക്കളെ"യാണു് എന്നു് അയാൾ പറഞ്ഞു.

Printed at the Vidyarthi Mithram Press, Kottayam.

# KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. M08 Acc. No. 79993

This book should be returned on or before the date last stamped below.

30 MAY 1985

20 JUN 1987

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M08 79993

അനുജൻ, തിരുവാങ്കുളം

മഹാത്മ്യമുദ്രകൾ

KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 79993

Author അനങ്ങൻ തിരുവാങ്കുളം.

Title മഹാത്മാക്കൾ

Indic Digital Archive Foundation

gpura.org